നേതൃസ്മൃതി



വക്കം അബ്ദുൽ ഖാദർ

എ.കെ. അബ്ദുൽ മജീദ്

വക്കം അബ്ദുൽ ഖാദർ

എ.കെ.അബ്ദുൽ മജീദ്



പ്രസാധനം:
ഗ്രെയ്സ് എജുക്കേഷണൽ അസോസിയേഷൻ

Malayalam
Nethrusmrithi - 7

Vakkom Abdul Khadir

(Biography)

by

A.K.Abdul Majeed

General Editor
P.A.Rasheed

All rights reserved
First Edition : November 2012

Published by
Grace Educational Association
PB No. 3, Malappuram Dist. 676 317

Typesetting :
appletalk Printing Service
Cover : enteradvt.com
Printed at : Printers Port

Distributors
Grace Books
Camp Sayyid, PB No. 3
Malappuram Dist. 676317
9895114673

₹ 60

പ്രസാധകക്കുറിപ്പ്

മലയാളസംസ്കൃതിയെ തന്റെ പ്രതിഭാവിലാസം കൊണ്ട് സമ്പന്നമാക്കിയ വക്കം അബ്ദുൽ ഖാദറിന്റെ ജന്മശതാബ്ദി വർഷമാണിത്. പ്രശസ്തനായ പിതാവിന്റെ പ്രഗല്ഭനായ ഈ പുത്രൻ മലയാള സാഹിത്യത്തിന് ഈടുറ്റ സംഭാവനകൾ നൽകി ചരിത്രത്തിൽ സ്ഥാനം നേടി. അതിശയിപ്പിക്കുന്ന വിധം വിവിധങ്ങളായ വിഷയങ്ങളിൽ അവഗാഹമുണ്ടായിരുന്ന അദ്ദേഹം പ്രൗഢമായ ശൈലിയിൽ എഴുതിയ പുസ്തകങ്ങൾ ഇന്നും പ്രസക്തമാണ്. ഈ പ്രതിഭാധനന്റെ ജീവിതത്തിലേക്കും രചനകളിലേക്കും എത്തിനോക്കുന്ന പഠനമാണ് ശ്രീ.എ.കെ.അബ്ദുൽ മജീദിന്റെ ഈ കൃതി.

വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് ഒരു ദശാബ്ദമായി പ്രവർത്തിക്കുന്ന ഗ്രെയ്സ് എജുക്കേഷണൽ അസോസിയേഷൻ പാരമ്പര്യ പഠനത്തിന്റെ ഭാഗമായി ഏറ്റെടുത്ത പ്രധാന പ്രൊജക്റ്റുകളിലൊന്നാണ് 'നേതൃസ്മൃതി.' ദീർഘകാല പ്രസക്തിയുള്ള മൂല്യങ്ങളുടെ ജീവൽമാതൃകകൾ പുതുതലമുറയ്ക്കു കൈമാറാനുള്ള എളിയ ശ്രമമാണിത്. 'നേതൃസ്മൃതി' പരമ്പരയിലെ ഏഴാമത്തെ പുസ്തകമായ 'വക്കം അബ്ദുൽ ഖാദർ' മലയാളി വായനക്കാർ ആഹ്ലാദപൂർവ്വം സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

ഗ്രെയ്സ് എജുക്കേഷണൽ അസോസിയേഷൻ



എ.കെ.അബ്ദുൽ മജീദ്

കോഴിക്കോട് ജില്ലയിലെ കൊടുവള്ളിയിൽ 1965 ൽ ജനനം.
പിതാവ്: ചെവിടക്കം പാറയ്ക്കൽ പോക്കർ.
മാതാവ്: പാതിരിക്കണ്ടി സൈനബ.
കൊടുവള്ളി ഗവ.ഹയർസെക്കണ്ടറി സ്കൂൾ ഇംഗ്ലീഷ് അധ്യാപകനായി ജോലി ചെയ്യുന്നു.
പ്രധാന കൃതികൾ: മരണം ആത്മാവ് പരലോകം, ജിന്ന: വ്യക്തിയും രാഷ്ട്രീയവും, ശാസ്ത്രം ഇസ്ലാമിക നാഗരികതയിൽ, കുട്ടികളുടെ പ്രവാചകൻ (5 ഭാഗങ്ങൾ), ഇംഗ്ലീഷ് തെറ്റും ശരിയും, എവരിഡേ ഇംഗ്ലീഷ്, ഞങ്ങൾ സ്നേഹിക്കുന്ന ഇസ്ലാം, കാരുണ്യ സാഗരം
വിവർത്തനങ്ങൾ: ഹൃദയചാരൻ, ഹൃദയ രഹസ്യങ്ങൾ, തമസ്സിന്റെ ഹൃദയം, ടിപ്പു സുൽത്താൻ, അജ്ഞാനത്തിൽ നിന്നു മോചനം, ഭ്രൂണ ശാസ്ത്രം: ഖുർആനിലും ഹദീസിലും, ഖുർആൻ, കല, സംഗീതം, കശ്ഫുൽ മഹ്ജൂബ്, ഗുരുവിന്റെ മൊഴി, ഖുർആനിലെ സസ്യങ്ങൾ, ആത്മീയസരണി, സ്ത്രീ പ്രവാചകഹൃദയത്തിൽ.
ഭാര്യ : റംല കളത്തിൽ,
മക്കൾ: ബദർ ജുമാൻ, നദർ അമാൻ, ഹല മർജാൻ

വിലാസം :
വാരിക്കുഴിയിൽ വീട്,
പി.ഒ. മാനിപുരം,
കോഴിക്കോട്-673572
ഫോൺ: 9946033785
Email: abdulmajeedak@gmail.com

മുഖവുര

മലയാളസാഹിത്യനഭസ്സിലെ തിളങ്ങുന്ന നക്ഷത്രമായിരുന്ന വക്കം അബ്ദുൽ ഖാദറിന്റെ ലഘുജീവചരിത്രക്കുറിപ്പും അദ്ദേഹമെഴുതിയ ഗ്രന്ഥങ്ങളിൽ ഏതാനും ചിലതിന്റെ ആസ്വാദനവുമാണ് ഈ ലഘുകൃതിയുടെ ഉള്ളടക്കം. ഗ്രെയ്സ് എജുക്കേഷനൽ അസോസിയേഷൻ പ്രസിദ്ധീകരിച്ചു വരുന്ന 'നേത്യ സ്മൃതി' പരമ്പരക്കു വേണ്ടി ഇങ്ങനെയൊരു മോണോഗ്രാഫ് തയാറാക്കാൻ അതിന്റെ ഭാരവാഹികൾ ആവശ്യപ്പെടുകയായിരുന്നു. വക്കം അബ്ദുൽ ഖാദറിന്റെ ജന്മശതാബ്ദി വർഷത്തിൽ തന്നെ ഈ കൃതി വെളിച്ചം കാണാനിടയായതിൽ സന്തോഷമുണ്ട്. മരിച്ചുപോയ ഒരു മഹാമനുഷ്യന് അക്ഷരകൈരളി സമർപ്പിക്കുന്ന കൃതജ്ഞതാപൂർണമായ സ്മരണാഞ്ജലിയായി ആ ധന്യപുരുഷന്റെ ആത്മാവ് ഈ കൈനീട്ടത്തെ സ്വീകരിച്ചെങ്കിൽ!

ഈ ഗ്രന്ഥകാരൻ ഹൈസ്കൂളിൽ പഠിക്കുന്ന സമയത്ത് ജില്ലാതലത്തിലോ മറ്റോ നടന്ന ഒരു ഉപന്യാസരചനാമത്സരത്തിൽ വിജയിച്ചപ്പോൾ സമ്മാനമായിക്കിട്ടിയത് വക്കം അബ്ദുൽ ഖാദറിന്റെ 'അതുല്യനായ മനുഷ്യൻ' എന്ന പുസ്തകമായിരുന്നു. അന്നാ പുസ്തകത്തിന്റെ ഉള്ളടക്കം എനിക്ക് ദഹിക്കുന്നതിനപ്പുറത്തായിരുന്നു. എങ്കിലും പുസ്തകത്തിന്റെ മൊത്തത്തിലുള്ള ഗൗരവഭംഗി എന്നെ ഹഠാദാകർഷിക്കുകയുണ്ടായി. ഗ്രന്ഥകാരന്റെ നാമം മനസ്സിലെവിടെയോ മഹാദരങ്ങളോടെ കൊത്തപ്പെട്ടു. പിൽക്കാലത്ത് എത്തിപ്പെടാനിടയായ ഗ്രന്ഥാലയങ്ങളിലെ പഴയ പുസ്തക ശേഖരങ്ങളിൽ വക്കം അബ്ദുൽ ഖാദറിനെ ഞാൻ പ്രത്യേകം തെരഞ്ഞു കൊണ്ടിരുന്നു. ഞാൻ അറിയാനാഗ്രഹിച്ച ഒരു വലിയ മനുഷ്യന്റെ ചാരത്ത് അയാളറിയാതെ ഇരിക്കാൻ ആഗ്രഹിച്ചിട്ടെന്ന പോലെ.

ഗ്രെയ്സ് എജുക്കേഷനൽ അസോസിയേഷനു വേണ്ടി ആദ്യം കെ.അബൂബക്കർ മാസ്റ്ററും പിന്നീട് പി.എ.റഷീദ് സാഹിബും ഈ മോണോഗ്രാഫ് തയാറാക്കുന്നതിനെക്കുറിച്ചു പറഞ്ഞപ്പോൾ വക്കം അബ്ദുൽ ഖാദറിനെ കുറേക്കൂടി അടുത്തറിയാൻ അതവസരമൊരുക്കും എന്നതിനാൽ എനിക്ക് മറുത്തൊന്നും പറയാനുണ്ടായിരുന്നില്ല. വക്കത്തിന്റെ ജീവചരിത്ര വിവരങ്ങളും പുസ്തകങ്ങളും എങ്ങനെ തേടിപ്പിടിക്കും എന്ന ആശങ്ക ബാക്കി നിന്നു.

ജനാബ് മുത്താന താഹ എഴുതിയ 'വക്കം അബ്ദുൽ ഖാദർ ജീവിതവും കൃതികളും' എന്ന ലഘു ജീവചരിത്ര പുസ്തകവും ആനുകാലികങ്ങളിൽ വക്കത്തെക്കുറിച്ച് പലപ്പോഴായി പലർ എഴുതിയിട്ടുള്ള ലേഖനങ്ങളും ജീവചരിത്ര വിവരങ്ങൾക്ക് അവലംബമായിത്തീർന്നു. വക്കത്തിന്റെ മുഴുവൻ കൃതികളും തേടിപ്പിടിക്കാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. ജനാബ് അബ്ദുറഹ്മാൻ മങ്ങാടിന്റെ സ്വകാര്യ ശേഖരത്തിൽ നിന്നാണ് പ്രധാനപ്പെട്ട ചില പുസ്തകങ്ങൾ ലഭിച്ചത്. തിരുവനന്തപുരം വക്കം മൗലവി ഫൗണ്ടേഷൻ സാരഥി ജനാബ് കായംകുളം യൂനസ്, വക്കം അബ്ദുൽ ഖാദറിന്റെ മകൻ വക്കം സുഹൈർ എന്നിവർ വക്കം ഫൗണ്ടേഷനിൽ നിന്നു രണ്ടു പുസ്തകങ്ങളുടെ ഫോട്ടോ കോപ്പി എടുത്ത് അയച്ചു തന്നു. ജനാബുമാർ കെ.സി.സലീം, വി.മുഹമ്മദ്കോയ, ശ്രീ. പൂനൂർ കെ.കരുണാകരൻ എന്നിവർ വഴിയും ചില പുസ്തകങ്ങൾ ലഭിച്ചു. ഇവരോടൊക്കെ ഈ പുസ്തകം കടപ്പെട്ടിരിക്കുന്നു. വക്കം അബ്ദുൽ ഖാദറിനെ കുറിച്ച് അല്പമെങ്കിലും അറിയാൻ ഉപകരിക്കുന്ന ഒരു റീഡർ എന്നതിനപ്പുറം ഒന്നുമാവാൻ ഈ കൃതിക്കാവില്ല എന്നറിയാം. ഇതിൽ പരിചയപ്പെടുത്തിയിട്ടില്ലാത്ത പുസ്തകങ്ങളുടെ ആസ്വാദനങ്ങൾ കൂടി അടുത്തപതിപ്പുകളിൽ ഉൾപ്പെടുത്താനാവും എന്നു പ്രതീക്ഷിക്കുന്നു.

ഈ പുസ്തകം സാധ്യമാക്കുന്നതിന് യത്നിച്ച എല്ലാവർക്കും വിനീതമായ നന്ദി.

കൊടുവള്ളി
18.11.2012

എ.കെ.അബ്ദുൽ മജീദ്

ഉള്ളടക്കം

വിജ്ഞാനോപാസകൻ	9
തേജസ്വികളും പ്രതിഭാശാലികളും	19
ഇഖ്ബാൽ	32
സാഹിതീദർശനം	41
ഇസ്‌ലാമിലെ ചിന്താപ്രസ്ഥാനങ്ങൾ	44
അതുല്യനായ മനുഷ്യൻ	49
ചിത്രദർശിനി	54
ജി.ശങ്കരക്കുറുപ്പും വക്കം അബ്ദുൽ ഖാദറും	60
ജി.യും ഭാഷാകവികളും	65
സാഹിത്യരൂപങ്ങൾ	71

1
വിജ്ഞാനോപാസകൻ

കേരളത്തിന്റെ രാഷ്ട്രീയ, സാമൂഹിക, മത, പത്രപ്രവർത്തന ചരിത്രത്തിൽ അദ്വിതീയമായ സ്ഥാനത്തിന്റെ ഉടമയായ വക്കം (മുഹമ്മദ് അബ്ദുൽ ഖാദർ) മൗലവിയുടെ പുത്രൻ വക്കം അബ്ദുൽ ഖാദർ മലയാള ഭാവുകത്വത്തെ നവീകരിക്കുന്നതിൽ ധിഷണാപരമായ നേതൃത്വം നൽകിയ പണ്ഡിതനും വിമർശകനും എഴുത്തുകാരനും എന്ന നിലയിലാണ് ശ്രദ്ധേയനാവുന്നത്. അതിരില്ലാത്ത വായനയിലൂടെ സമാർജിച്ച ജ്ഞാനസമ്പത്ത് തന്റെ മാതൃഭാഷയ്ക്ക് മുതൽക്കൂട്ടാക്കുന്നതിനും സമകാലീന സാഹിത്യ സംസ്കൃതിയെ പരിപോഷിപ്പിക്കുന്നതിനും വക്കം അബ്ദുൽ ഖാദർ പ്രദർശിപ്പിച്ച ഉത്സാഹം അന്യാദൃശമാണ്. ആംഗ്ലേയരായ എഴുത്തുകാരെ മാത്രമല്ല ഉറുദു, പാർസീ ഭാഷകളിലെഴുതിയ മഹാരഥൻമാരേയും വക്കം അബ്ദുൽ ഖാദർ കൈരളിക്കു പരിചയപ്പെടുത്തി. മിസ്റ്റിക്കുകളും കവികളും തത്വചിന്തകരും നോവൽകാരൻമാരും മറ്റുമേഖലകളിലെ പ്രതിഭാശാലികളുമെല്ലാം അബ്ദുൽ ഖാദറിന്റെ തൂലികയിലൂടെ മലയാളികൾക്കു സുപരിചിതരായിത്തീർന്നു. നിരൂപകൻ എന്ന നിലയിൽ തന്റെ വിമർശന പാടവത്തിന്റെ പൊൻപ്രഭ ചൊരിഞ്ഞു മലയാള സാഹിത്യത്തിന്റെ ഗതിയെ നിർണായകമായി സ്വാധീനിക്കാനും അദ്ദേഹത്തിനായി.

ജ്ഞാനികൾക്കു മാത്രം സാധിക്കുന്ന നിർമമതയോടെയാണ് വക്കം അബ്ദുൽഖാദർ ജീവിതത്തെയും അതു കൊണ്ടുവരുന്ന സുഖദുഃഖങ്ങളെയും നോക്കിക്കണ്ടത്. മഹാനായ പിതാവിന്റെ ആ മഹാനായ പുത്രൻ ആരുടെ മുമ്പിലും ശിരസ്സ് കുനിച്ചില്ല. ഇല്ലായ്മയുടെ ദുരിതക്കടൽ നീന്തിയപ്പോഴും പരസഹായം പറ്റാൻ അഭിമാനിയായ ആ ജ്ഞാനോപാസകൻ കൂട്ടാക്കിയില്ല. അന്തസ്സുള്ള അറിവിന്റെ കടഞ്ഞെടുത്ത ഉടൽരൂപമായിരുന്നു വക്കം അബ്ദുൽ ഖാദർ. മലയാള വിമർശന ശാഖയ്ക്ക് ഭദ്രമായ ഒരു താത്വികാടി

ത്തറ ഒരുക്കുന്നതിന് കഠിന പ്രയത്നം ചെയ്ത ആ പ്രതിഭാശാലിയെ, പക്ഷെ, കൈരളിയുടെ സവർണ സാഹിത്യചരിത്രം മാപ്പർഹിക്കാത്ത വിധം തമസ്ക്കരിച്ചിരിക്കുന്നു. കുഴിയാനയെ ഗജവീരനാക്കുന്നവർ ഗജവീരനെ കുഴിയാനയാക്കാനും മടിക്കില്ലല്ലോ!

1912 മെയ് 6ന് തിരുവിതാംകൂറിലെ ചിറയിൻകീഴ് താലൂക്കിൽ അയിരൂർ വില്ലേജിലുള്ള കായൽപ്പുറം വീട്ടിലാണ് വക്കം മൗലവിയുടെ ഭാര്യ ആമിന വക്കം അബ്ദുൽ ഖാദറിനെ പ്രസവിച്ചത്. ആമിന ഗർഭിണിയായിരിക്കെ മൗലവിയുടെ വീട്ടിൽ വന്നുചേർന്ന ഒരു ദർവീശ് പിറക്കാനിരിക്കുന്ന കുട്ടി ആൺകുട്ടിയായിരിക്കുമെന്നും അവന് അബ്ദുൽ ഖാദർ എന്നു പേരിടണമെന്നും അഭിപ്രായപ്പെട്ടത്രെ. ഭാര്യ പ്രസവിച്ചപ്പോൾ ദർവീശിന്റെ പ്രവചനം പുലർന്നു. മൗലവി കുട്ടിക്ക് ആ പേരു തന്നെ നൽകി. സാമൂഹിക പരിഷ്ക്കർത്താവായ വക്കം മൗലവി മാനസികമായും സാമ്പത്തികമായും പലതരം വിഷമതകൾ അനുഭവിക്കുന്ന സന്ദർഭത്തിലാണ് അബ്ദുൽ ഖാദറിന്റെ പിറവി.

നാട്ടുനടപ്പനുസരിച്ചു അബ്ദുൽഖാദറിനെ അഞ്ചാം വയസ്സിൽ വീടിനു സമീപമുള്ള മതപാഠശാലയിൽ ചേർത്തു. പിന്നീട് കുടുംബം വക്കത്തേക്കു താമസം മാറ്റിയതിനു ശേഷമാണ് സ്കൂൾ പഠനത്തിനു അവസരം കൈവന്നത്. റൈറ്റർ വിള പ്രൈമറി സ്കൂൾ, അഞ്ചുതെങ്ങ് ഇംഗ്ലീഷ് സ്കൂൾ, കോഴിക്കോട് എം.എം. ഹൈസ്കൂൾ, നെടുങ്ങണ്ട എസ്.എൻ.വി. ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു സ്കൂൾ വിദ്യാഭ്യാസം. 1932 ഒക്ടോബർ 31 നു പിതാവ് മരിക്കുമ്പോൾ വക്കം അബ്ദുൽ ഖാദർ പത്താം ക്ലാസ് വിദ്യാർത്ഥിയാണ്. ചെറുപ്പത്തിലേയുള്ള വയറുസംബന്ധമായ അസുഖം കാരണം പഠനത്തിൽ വലിയ ശ്രദ്ധ കൊടുക്കാൻ സാധിച്ചിരുന്നില്ല. പഠനം പാതിവഴിയിൽ തടസ്സപ്പെടാൻ പോലും അസുഖം കാരണമായി. അതിനാൽ അബ്ദുൽ ഖാദറിന്റെ ഗുരു അബ്ദുൽ ഖാദർ തന്നെയായി. ഭാഷകളും ശാസ്ത്രങ്ങളും സ്വപരിശ്രമത്താൽ കൈയിലൊതുക്കി.

ഗൃഹാന്തരീക്ഷം

ധനികനായിരുന്ന വക്കം മൗലവി തന്റെ സമ്പത്തും ആരോഗ്യവും സമയവും പൂർണമായി വ്യയം ചെയ്തിരുന്നത് സാമൂഹിക സംസ്കരണ പ്രവർത്തനങ്ങൾക്കായിരുന്നു. പുസ്തകങ്ങളും പത്രപ്രസിദ്ധീകരണങ്ങളുമായിരുന്നു അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട വിഹാരമേഖല. പാരമ്പര്യമായിത്തന്നെ പ്രതാപവും വിജ്ഞാനാഭിമുഖ്യവുമുള്ള പ്രശസ്തമായ തറവാടായിരുന്നു വക്കം മൗലവിയുടേത്. ബഹുഭാഷാ പണ്ഡിതനായിരുന്നു മൗലവി. മുസ്ലിം ലോകത്തെ പരിഷ്ക്കരണ ചിന്തകളുമായി ആത്മബന്ധം സ്ഥാപിച്ചിരുന്ന മൗലവിയുടെ ഭവനം പുതുചിന്തകളുടെയും ധൈഷണികാന്വേഷണങ്ങളുടെയും പ്രഭവകേന്ദ്രമായി വർത്തിച്ചു. കേരള ചരിത്രത്തിൽ പ്രസിദ്ധമായ 'സ്വദേശാഭിമാനി'ക്കു പുറമെ 'മുസ്ലിം', 'അൽ ഇസ്ലാം അറബി മലയാള മാസിക', 'ദീപിക' മാസിക എന്നിവയും മൗലവി നടത്തിയിരുന്നു. നിരവധി

mappilaheritagelibrary.com

ഗ്രന്ഥങ്ങളും മൗലവിയുടേതായുണ്ട്.

വക്കം അബ്ദുൽ ഖാദറിന്റെ അഭിരുചികളെയും വ്യക്തിത്വത്തെയും രൂപപ്പെടുത്തിയതിൽ ഈ ഗാർഹികാന്തരീക്ഷം നിർണായകമായ പങ്കു വഹിച്ചു, പിതാവു നടന്ന വഴിയേ തന്നെ നടക്കുകയയല്ല പുത്രൻ ചെയ്തതെങ്കിലും. മത-സാമൂഹിക രംഗങ്ങളിലാണ് മൗലവിയുടെ ശ്രദ്ധ പ്രധാനമായും പതിഞ്ഞിരുന്നതെങ്കിൽ വക്കം അബ്ദുൽ ഖാദറിന് സാഹിത്യാദി വിഷയങ്ങളിലായിരുന്നു കമ്പം. അതോടൊപ്പം ഇസ്ലാമിന്റെ ദാർശനിക ഈടുവെപ്പുകളും അബ്ദുൽ ഖാദറിനെ ആകർഷിച്ചു.

വക്കം അബ്ദുൽ ഖാദറിന്റെ ഉമ്മ ആമിനയുടെ ജ്യേഷ്ഠ സഹോദരിയായിരുന്നു വക്കം മൗലവിയുടെ ആദ്യഭാര്യ. മൗലവിക്കു അവരിൽ ജനിച്ച അബ്ദുസ്സലാം ഉൾപ്പടെ പത്ത് സഹോദരങ്ങൾ അബ്ദുൽ ഖാദറിനുണ്ടായിരുന്നു. ഡൽഹിയിലെ ജാമിഅ മില്ലിയയിൽ നിന്നു ഉയർന്ന ബിരുദം നേടിയ അബ്ദുൽ സലാം അറബി, ഉറുദു ഭാഷകളിൽ പ്രാവീണ്യമുള്ള പണ്ഡിതനായിരുന്നു. മറ്റൊരു ജ്യേഷ്ഠസഹോദരനായ അബ്ദുൽ ഹഖ് സെയിൽസ് ടാക്സ് ഓഫീസറായിരുന്നു. അബ്ദുൽ ഖാദറിന്റെ നേരെ മൂത്ത സഹോദരൻ അബ്ദുൽ വഹ്ഹാബ് ഹൈസ്കൂൾ അറബി അധ്യാപകനും ഇംഗ്ലീഷ് കോളമിസ്റ്റും എഴുത്തുകാരനുമായിരുന്നു. ഇളയ സഹോദരൻമാരായ അബ്ദുൽ ഹഖ് ഉബൈദുല്ല, യഹ്യ, മുഹമ്മദ് മൂസ, മുഹമ്മദ് ഇഖ്ബാൽ എന്നിവരും ഏറിയോ കുറഞ്ഞോ സാഹിതീ സേവനം നടത്തിയവരാണ്. മൊത്തത്തിൽ സ്മര്യ പുരുഷന്റെ ഗാർഹിക പശ്ചാത്തലം അനുഗൃഹീതമായിരുന്നുവെന്നതിലേക്ക് വിരൽ ചൂണ്ടുന്നതാണ് സഹോദരങ്ങളുടെ ഉദ്യോഗവിജയങ്ങളും എഴുത്തഭിരുചിയും. വക്കം മൗലവി സ്ഥാപിച്ചു നടത്തിയിരുന്ന പ്രസിദ്ധമായ 'സ്വദേശാഭിമാനി' പത്രത്തിന്റെ വീരേതിഹാസം അറിഞ്ഞും അനുഭവിച്ചുമാണ് അബ്ദുൽ ഖാദർ വളരുന്നത്. പിതാവും പിതാവിന്റെ പത്രാധിപരായ കെ.രാമകൃഷ്ണപിള്ളയും ധീരതയുടെ മഹാമാതൃകകളായി അബ്ദുൽ ഖാദറിന്റെ മനസ്സിൽ സ്ഥാനം പിടിക്കുക സ്വഭാവികം.

'സ്വദേശാഭിമാനി' കണ്ടുകെട്ടിയതോടെ മൗലവിക്കുണ്ടായ സാമ്പത്തിക ക്ലേശങ്ങൾ ആ വലിയ കുടുംബത്തെ സ്വാഭാവികമായും പ്രയാസപ്പെടുത്തുകയുണ്ടായി. കാറ്റും കോളും നിറഞ്ഞ സമുദ്രത്തിൽ വച്ച് കപ്പൽ തകർന്നു പോയ നാവികന്റെ അവസ്ഥയിലായിരുന്നു വക്കം മൗലവി. ജീവിതത്തിന്റെ കടുത്ത പരീക്ഷണങ്ങൾ ബാല്യത്തിൽ തന്നെ അബ്ദുൽഖാദർ നേരിടുകയായിരുന്നു.

കാലവും സമൂഹവും

ഇരുപതാം നൂറ്റാണ്ടിന്റെ ദ്വിതീയ ദശകത്തിന്റെ ആരംഭത്തിൽ ജനിച്ച് അതേ നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ഇഹലോകവാസം വെടിഞ്ഞ വക്കം അബ്ദുൽ ഖാദർ രാഷ്ട്രീയ, സാമൂഹിക, സാഹിത്യ, സാംസ്കാരിക രംഗങ്ങളിൽ ചടുലവും സംഭവബഹുലവുമായ നിരവധി ദിശാവ്യതിയാന

mappilaheritagelibrary.com

ങ്ങൾക്കാണ് സാക്ഷ്യം വഹിച്ചത്. പത്രപ്രവർത്തനത്തിലൂടെയും ഗ്രന്ഥരച നയിലൂടെയും അദ്ദേഹം ഈ പരിണാമങ്ങളോട് സക്രിയമായി പ്രതികരി ക്കുകയും ചെയ്തു. അതിനാൽ, അദ്ദേഹത്തെ അറിയാൻ അദ്ദേഹം ജീവിച്ച കാലത്തെയും സമൂഹത്തെയും ഹ്രസ്വമായി മനസ്സിലാക്കുന്നത് സംഗതമാ യിരിക്കും.

ഇംഗ്ലീഷ് ഭരണത്തിനെതിരെയുള്ള വികാരം ശക്തിപ്പെടുമ്പോഴും ഇംഗ്ലീഷ് വിദ്യാഭ്യാസം കേരളത്തിൽ സാർവത്രികമായിക്കഴിഞ്ഞിരുന്നു. പഠിക്കാൻ സൗകര്യമുള്ളവർ ആ ഭാഷ സ്വായത്തമാക്കുകയും യൂറോപ്യൻ വിജ്ഞാന വുമായി സൗഹൃദം സ്ഥാപിച്ചു തുടങ്ങുകയും ചെയ്തു. ശ്രീനാരായണ ഗുരു തൊടുത്തുവിട്ട 'ഒരു ജാതി, ഒരു മതം, ഒരു ദൈവം' മുദ്രാവാക്യം കേരള ത്തിൽ അങ്ങോളമിങ്ങോളം അനുരണനങ്ങൾ സൃഷ്ടിക്കുകയും സവർണാ ധിപത്യത്തിന്റെ കോട്ടകളിൽ വിള്ളലുകൾ വീഴ്ത്തുകയും ചെയ്തു. മല ബാറിലേത് പോലെ തിരുവിതാംകൂറിലും ദേശീയ പ്രസ്ഥാനം ശക്തിപ്പെട്ടു. എല്ലാ മതവിഭാഗങ്ങളിലും പരിഷ്ക്കരണത്വര ദൃശ്യമായി. 1921 ലെ മലബാർ സമരം ബ്രിട്ടീഷ് കോയ്മ അവസാനിക്കുന്നതിന്റെ സൂചന നൽകി. പിന്നീട് കാൽ നൂറ്റാണ്ടിന്റെ അകലമേ സ്വാതന്ത്ര്യത്തിലേക്കു താണ്ടേണ്ടി വന്നതാ യുള്ളൂ. തിരുവിതാംകൂർ രാജഭരണത്തിൽ നിന്നു മോചിതമായി.

മലയാള സാഹിത്യം മണിപ്രവാളത്തിന്റെയും സവർണ/സംസ്കൃത ആധിപത്യത്തിന്റേയും പിടിയിൽ നിന്ന് സ്വാതന്ത്ര്യം നേടി പുതുവഴികൾ പരീക്ഷിക്കാൻ തുടങ്ങിയ കാലം കൂടിയായിരുന്നു ഇത്. സാഹിത്യത്തിലെ പുതുയുഗപ്പിറവിയുടെ ഈറ്റുപുരയിൽ സജീവസാന്നിധ്യമായി വക്കം അബ്ദുൽ ഖാദർ ഉണ്ടായിരുന്നു.

കേസരിയുടെ മാനസപുത്രൻ

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഗ്രന്ഥശാലകളിൽ നിന്നു ഗ്രന്ഥശാ ലകളിലേക്കു സഞ്ചരിച്ചു കൊണ്ടിരുന്ന വക്കം അബ്ദുൽ ഖാദർ പടിഞ്ഞാ റൻ സാഹിത്യത്തെ കൈരളിക്കു ആദ്യമായി പരിചയപ്പെടുത്തിയ കേസരി എ.ബാലകൃഷ്ണപ്പിള്ളയുമായി ആത്മബന്ധം സ്ഥാപിച്ചു. പിതൃ-പുത്ര ബന്ധ ത്തിനു സമാനമായിരുന്നു ഇരുവരും തമ്മിലുള്ള ബന്ധം. 1889ൽ ജനിച്ച് 1960 ൽ നിര്യാതനായ കേസരി എ.ബാലകൃഷ്ണപിള്ളയുടെ പ്രധാന കർമമ ണ്ഡലം പത്രപ്രവർത്തനവും സാഹിത്യവുമായിരുന്നു. 'സമദർശി' യുടെ പത്രാധിപരായിരുന്നു അദ്ദേഹം. വൈക്കം സത്യാഗ്രഹത്തെ സർവാത്മനാ പിന്തുണച്ച ബാലകൃഷ്ണപിള്ള പിന്നീട് രാജഭരണത്തിനെതിരെ തിരിഞ്ഞു. അക്കാരണത്താൽ 'സമദർശി' യിൽ നിന്ന് രാജിവച്ചൊഴിയാൻ നിർബന്ധി തനായ കേസരി 'പ്രബോധകൻ' എന്ന പേരിൽ മറ്റൊരു പത്രം സ്വന്തമായി ആരംഭിച്ചു. രാജകോപത്തിനിരയായി 'പ്രബോധകൻ' പൂട്ടേണ്ടി വന്നപ്പോൾ ബാലകൃഷ്ണപിള്ള 'കേസരി' യുമായി രംഗത്തു വരികയായിരുന്നു. ആ പേരിൽ തന്നെ അദ്ദേഹം അറിയപ്പെടുകയും ചെയ്തു. 'കേസരി'ക്കും

'പ്രബോധക'ന്റെ ഗതി വന്നതോടെ പത്രപ്രവർത്തനത്തോടു വിട പറഞ്ഞു സാഹിത്യരംഗത്ത് ശ്രദ്ധ കേന്ദ്രീകരിക്കുകയാണുണ്ടായത്. വക്കം അബ്ദുൽ ഖാദറിനെ കേസരിയുമായി ഇണക്കിയ പൊതു താല്പര്യങ്ങൾ പത്രപ്രവർത്തനവും സാഹിത്യവും തന്നെയെന്ന് പ്രത്യേകം പറയേണ്ടതില്ല. 'സ്വദേശാഭിമാനി'യുടെയും 'ദീപിക'യുടെയും പശ്ചാത്തലത്തിൽ നിന്നു വരുന്ന അബ്ദുൽ ഖാദർ കേസരിക്ക് പ്രിയങ്കരനായതിൽ അൽഭുതത്തിനും അവകാശമില്ല.

സാഹിത്യത്തിലെ നൂതന പ്രവണതകളെ മലയാളികൾക്കു പരിചയപ്പെടുത്തി എന്നതാണ് കേസരി എ.ബാലകൃഷ്ണപിള്ളയുടെ പേര് അനശ്വരമാക്കുന്നത്. വക്കം അബ്ദുൽ ഖാദറിന്റെയും കീർത്തിക്ക് ആധാരം മറ്റൊന്നല്ല.

കേസരിയെ ഒരു പ്രതിഭാസം എന്നാണ് വക്കം അബ്ദുൽ ഖാദർ വിശേഷിപ്പിക്കുന്നത്. 'സുധീരനായ പത്രപ്രവർത്തകൻ, യാതൊരു സന്ധിക്കും തയ്യാറല്ലാതിരുന്ന വിപ്ലവബുദ്ധി, വിശ്വസാഹിത്യ സീമകളോളം സഞ്ചരിച്ച സാഹിത്യ പണ്ഡിതൻ, സാഹിത്യ നിരൂപകൻ, കലാനിരൂപകൻ, സാഹിത്യാന്വേഷകൻ, ചരിത്രഗവേഷകൻ എന്നീ വിശേഷണങ്ങളെല്ലാം മേളിക്കുന്ന കഠിനാധ്വാനമായിരുന്നു കേസരിയുടേത് എന്ന് അബ്ദുൽ ഖാദർ സാക്ഷ്യപ്പെടുത്തുന്നു. ബർട്രന്റ് റസ്സൽ, സ്റ്റുവർട്ട് മിൽ, എഡ്വേഡ് ഗിബൺ തുടങ്ങിയ ലോകപ്രശസ്തരുടെ ഗണത്തിലാണ് ബാലകൃഷ്ണപിള്ളയെ വക്കം ഉൾപ്പെടുത്തുന്നത്. കേസരി ബാലകൃഷ്ണപിള്ളയിൽ വക്കം അബ്ദുൽ ഖാദർ കണ്ട ഏറ്റവും പ്രധാനപ്പെട്ട ഗുണം അദ്ദേഹം അവസരവാദിയോ ആത്മവഞ്ചകനോ ആയിരുന്നില്ല എന്നതത്രെ.

"നൈസർഗികമായ വാസനയും ശേഷിയും പ്രയത്നശീലവും കൊണ്ട് കേരളത്തിൽ ബുദ്ധ്യുപജീവികളായി, സാഹിത്യകാരൻമാരായി, കലാകാരൻമാരായി ഉയർന്നു വന്നിട്ടുള്ളവർ കുറച്ചേയുള്ളു. ഭാഗ്യം, വിദ്ധിത്തം, അവസരത്തിനൊത്ത നിറമാറ്റം, അമിതമായ പ്രാദേശികത്വം, അമിതമായ ദേശീയത്വം, ജാതിമതസ്പർദ്ധ, ചേരിതിരിയൽ എന്നിവയിൽ കൂടി പലർക്കും സാഹിത്യത്തിലെ 'ദീപസ്തംഭ'ങ്ങളായി വിലസുവാൻ വിശാലമായ സൗകര്യം ലഭിക്കുന്ന കേരളത്തിൽ ഏ.ബാലകൃഷ്ണപിള്ളയുടെ ജീവിതം ഇടുങ്ങിപ്പോയതിൽ ആശ്ചര്യപ്പെടാനൊന്നുമില്ല." എന്ന വക്കം അബ്ദുൽ ഖാദറിന്റെ നിരീക്ഷണം ('തേജസ്വികൾ' എന്ന പുസ്തകത്തിൽ) കേരളത്തിന്റെ സാംസ്കാരികാന്തരീക്ഷത്തിന്റെ ശരിയായ പരിഛേദം അവതരിപ്പിക്കുന്നുണ്ട്.

മലയാളത്തിലെ വരേണ്യപണ്ഡിതൻമാർ അവഗണിച്ച ഏ.ബാലകൃഷ്ണപിള്ളയെ പുതുതലമുറയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവന്നത് വക്കം അബ്ദുൽ ഖാദർ അദ്ദേഹത്തെ കുറിച്ചൊരുക്കിയ തുലികാ ചിത്രമാണ്. തന്റെ 'ഔരസപുത്രൻ' ആയാണ് കേസരി ഏ.ബാലകൃഷ്ണപിള്ള വക്കം അബ്ദുൽ ഖാദറിനെ കണ്ടിരുന്നത്. കേസരി ഔരസപുത്രനെന്നു തന്നെ വിശേഷിപ്പിച്ചത് അബ്ദുൽ ഖാദറിനെ ഒരേസമയം സന്തോഷിപ്പിക്കുകയും

ദുഃഖിപ്പിക്കുകയും ചെയ്തു. സന്തോഷം മകനെപ്പോലെ തന്നെ കരുതിയ തിലും ദുഃഖം കേസരിക്ക് സന്താനഭാഗ്യമില്ലാതെ പോയതിലുമായിരുന്നു.

കേസരിയോടുള്ള ആശയപരമായ വിയോജിപ്പുകൾ അബ്ദുൽഖാദർ ഒരു മറയും കൂടാതെ തുറന്നെഴുതിയിട്ടുണ്ട്. കേസരി പിന്തുടർന്ന അരാജകവാദത്തെയും ഭൗതിക വീക്ഷണത്തെയും അദ്ദേഹം നിശിതമായി വിമർശിച്ചു. നിരൂപകൻ എന്ന നിലയിലുള്ള കേസരി ബാലകൃഷ്ണപിള്ളയുടെ പരിമിതികൾ വക്കം അബ്ദുൽ ഖാദർ യാതൊരു ഉപേക്ഷയും കൂടാതെ ചൂണ്ടിക്കാണിക്കുന്നുണ്ട്. കേസരിക്ക് സ്വന്തമായി ഒരു നിലപാടില്ലെന്നും പലരുടെയും വീക്ഷണങ്ങൾ സ്വന്തമെന്ന വ്യാജേന അവതരിപ്പിക്കുകയാണെന്നും അബ്ദുൽ ഖാദർ തുറന്നടിച്ചു. അതേസമയം കേസരിയുടെ തന്റേടത്തെയും ധൈര്യത്തെയും അനീതിക്കെതിരായ നിലപാടിനെയും വിലമതിച്ചു. ഒരർത്ഥത്തിൽ സ്വന്തം നിലപാടിന്റെ പ്രതിച്ഛായ കേസരിയിൽ കണ്ടെത്തുകയായിരുന്നില്ലേ വക്കം അബ്ദുൽ ഖാദർ എന്ന് ആർക്കും ചോദിക്കാവുന്നതാണ്.

നിലപാടുകളും സമീപനങ്ങളും

ആശയങ്ങൾക്ക് തത്വവിചാരത്തിന്റെ അടിസ്ഥാനം ഉണ്ടായേ പറ്റൂ എന്ന് കേസരിയെ കുറിച്ചെഴുതിയ ലേഖനത്തിൽ വക്കം അബ്ദുൽ ഖാദർ പ്രസ്താവിക്കുന്നുണ്ട്. യുക്തിയും ധിഷണയും മാത്രമല്ല ജീവിതത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ എന്നു വീക്ഷിക്കുന്ന വക്കം നിരൂപണത്തിൽ സൗന്ദര്യത്തിനുള്ള സ്ഥാനം എടുത്തു പറയുന്നുണ്ട്. കലാനിരൂപകൻമാർ സൗന്ദര്യസ്രഷ്ടാക്കളാണ് എന്ന് അദ്ദേഹം അടിവരയിട്ടു പറയുന്നു. ആശയങ്ങളും താല്പര്യങ്ങളുമല്ല കവികളെ കവികളാക്കുന്നത്; പ്രത്യുത അവരുടെ സൗന്ദര്യോന്മുഖമായ ഭാവാത്മകത്വമാണ് എന്ന് വക്കം അഭിപ്രായപ്പെട്ടതു ഇതോടു ചേർത്തു വായിക്കണം. കേസരിക്കെതിരായ വക്കത്തിന്റെ ഒരു പ്രധാന വിമർശനം അദ്ദേഹം സാഹിത്യത്തിലെ വൈകാരികാനുഭൂതികളെയും ഭാവനാംശത്തെയും പരിഗണിക്കുന്നില്ല എന്നതായിരുന്നു. കേസരിയുടെ 'വികാരപരവും ഭാവനാപരവുമായ വരൾച്ചയും ശുഷ്ക്കത'യും വക്കം വിമർശന വിധേയമാക്കിയതിൽ നിന്ന് വക്കത്തിന്റെ നിലപാടു വ്യക്തം.

റസ്സലിനെയും ഹക്സലിയെയും മാർക്സിനെയും നീഷേയെയും വിശദമായി കൈരളിക്കു പരിചയപ്പെടുത്തിയ വക്കം അബ്ദുൽ ഖാദറിന്റെ തൂലിക അവരുടെ സിദ്ധാന്തങ്ങളെ തന്റേതായ ശൈലിയിൽ നിശിതമായി വിചാരണ ചെയ്യുന്നു. പ്രശ്നങ്ങളെ സമചിത്തതയോടെ വിശകലനം ചെയ്യുന്നതിൽ മാർക്സ് പരാജയപ്പെട്ടുവെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത് കാണാം. ജലാലുദ്ദീൻ റൂമിയും ഇഖ്ബാലും സ്മര്യപുരുഷനെ ആകർഷിച്ച ധിഷണകളാണ്. എല്ലാ ആശയങ്ങളെയും ഉള്ളറിഞ്ഞ് സ്വീകരിക്കാൻ മാത്രം വിശാലമായിരുന്നു വക്കം അബ്ദുൽ ഖാദറിന്റെ മനസ്സ് അതിരുകളില്ലാത്തതായിരുന്നു അദ്ദേഹത്തിന്റെ വായനാമണ്ഡലം. ആശയങ്ങളുടെ സൗന്ദര്യത്തെ സ്വയം മറന്ന് അനുധാവനം ചെയ്യുകയായിരുന്നു അദ്ദേഹം. തേജസ്വികളെയും

mappilaheritagelibrary.com

പ്രതിഭാശാലികളെയും സാവേശം അദ്ദേഹം പിന്തുടർന്നു. ഉപാധികളില്ലാതെയാണ് അദ്ദേഹം ജ്ഞാനോപാസന നടത്തിയത്. തന്റെ ജീവിത കാലത്ത് പ്രബലമായിരുന്ന സാഹിത്യ, സാഹിത്യേതര സിദ്ധാന്തങ്ങളെയെല്ലാം സൂക്ഷ്മമായി അദ്ദേഹം അപഗ്രഥിച്ചു. കലയും സാഹിത്യവും സോദ്ദേശ്യമായിരിക്കണം എന്നഭിപ്രായപ്പെട്ടപ്പോൾ തന്നെ അദ്ദേഹം അവ എല്ലാവർക്കും ആസ്വദിക്കാൻ പറ്റുന്നത്ര ലളിതമാവണം എന്ന വാദത്തെ ഖണ്ഡിക്കുകയും ചെയ്തു. കവിത രചിക്കാനെന്ന പോലെ വായിക്കാനും വേണം അഭിരുചിയും പരിശീലനവും എന്ന സുചിന്തിതമായ നിലപാടായിരുന്നു അബ്ദുൽ ഖാദറിന്റേത്. 'ജനകീയ കല' എന്ന പരികല്പനയെ അദ്ദേഹം നിരാകരിച്ചു. നിഷ്ക്കപടവും സുതാര്യവുമായിരുന്നു അബ്ദുൽ ഖാദറിന്റെ നിലപാടുകളും സമീപനങ്ങളും.

"സെന്റിമെന്റലിസത്തിന്റെയും ഡോഗ്മാറ്റിസത്തിന്റെയും അപകടകരമായ വലയങ്ങൾക്കു വെളിക്കു നിൽക്കുന്നവർക്കേ ഒന്നാം കിടയിലുള്ള വിചിന്തനങ്ങളെയും ദർശനങ്ങളെയും ആസ്വദിക്കാനും ആദരിക്കാനും കഴിയുകയുള്ളൂ" എന്നെഴുതിയതിൽ നിന്നു തന്നെ വക്കത്തിന്റെ നിലപാടു വ്യക്തമാണ്. സത്യം നിർഭയം വിളിച്ചു പറയുന്നവരെ മനസ്സറിഞ്ഞ് അദ്ദേഹം ആദരിച്ചു.

ഇസ്ലാമിലെ വ്യത്യസ്ത ചിന്താപ്രസ്ഥാനങ്ങളെ അദ്ദേഹം ആഴത്തിൽ മനസ്സിലാക്കുകയുണ്ടായി. എന്നാൽ ഏതെങ്കിലും ചേരിയോട് അദ്ദേഹം ചേർന്നു നിന്നില്ല. മതത്തിന്റെ ഉടുപ്പണിയിച്ച കൊള്ളരുതായ്മകളെ അദ്ദേഹം എതിർത്തു. ആചാരബദ്ധമായ മതത്തിന്റെ ബാഹ്യവശത്തെയല്ല, ദർശനപരമായ സൗന്ദര്യം പൂത്തുലയുന്ന മതാനുഭവത്തെയാണ് അദ്ദേഹം അനുസന്ധാനം ചെയ്തത്. ഇസ്ലാമികവും ആധുനികവുമായ ചിന്തകൾ ആ മഹദ് വ്യക്തിത്വത്തിന്റെ രൂപീകരണത്തിൽ ഊടുംപാവുമായി വർത്തിച്ചുവെന്ന് മനസ്സിലാക്കാം.

വക്കം അബ്ദുൽ ഖാദറിൽ ഒരു ചിത്രകാരൻ ഒളിച്ചിരിപ്പുണ്ടായിരുന്നു എന്നു വ്യക്തമാക്കുന്ന പരാമർശം 'മാതൃഭൂമി' പ്രസിദ്ധപ്പെടുത്തിയ 'മുഹമ്മദ് അബ്ദു റഹ്മാൻ' സ്മാരക ഗ്രന്ഥത്തിൽ വായിക്കാം:

"അമീൻ ലോഡ്ജിലെ താഴെയുള്ള രണ്ടു മുറികളിലും വരാന്തകളിലും എണ്ണമറ്റ രാഷ്ട്രീയ പ്രവർത്തകൻമാർ രാപ്പകലുകൾ കഴിച്ചുകൂട്ടിയ മുറിയിലെ ഭിത്തിയിൽ പെൻസിൽ കൊണ്ടു വരഞ്ഞ ഒരു പ്രകൃതി ദൃശ്യത്തിന്റെ ചിത്രം തൂക്കിയിട്ടിരുന്നു. ചാഞ്ഞു കിടക്കുന്ന തെങ്ങിൻ തലപ്പുകൾ; അവയ്ക്കപ്പുറം നിരനിരയായി ആകാശത്തേക്കു തലയുയർത്തിയ മരത്തോപ്പുകൾ; താഴെ ഒഴുകിക്കൊണ്ടിരിക്കുന്ന നദി; നദിയിൽ കൊച്ചു തോണി; അതിനു മീതെ പ്രകാശിച്ചു കൊണ്ടിരിക്കുന്ന പൂർണ്ണ ചന്ദ്രൻ; അതിന്റെ പ്രകാശധാര ജലപ്പരപ്പിലുണ്ടാക്കുന്ന വിചിത്ര ഭംഗികൾ... ആ ചിത്രകാരൻ പ്രസിദ്ധ സാഹിത്യ നിരൂപകൻ വക്കം എം.അബ്ദുൾ ഖാദറായിരുന്നു." (പുറം 485)

പത്രപ്രവർത്തന പാത

പിതാവിന്റെ 'സ്വദേശാഭിമാനി' പ്രസ്സ് നിരോധനം നീങ്ങിയതിനു ശേഷം തിരിച്ചു കിട്ടിയപ്പോൾ വക്കം അതേറ്റെടുത്ത് അഞ്ചു വർഷം നടത്തി. വായനയും ചിന്തയും എഴുത്തും അസ്തിത്വത്തിന്റെ ഘടകങ്ങളായവരിൽ പത്രപ്രവർത്തന വാഞ്ഛ സ്വഭാവികമായും ഉണ്ടാവുന്നതാവണം. സ്വയംപ്രകാശിപ്പിക്കുന്നതിനുള്ള മാർഗമായി അവർ പത്രപ്രവർത്തനത്തെ കാണുന്നു. വക്കം അബ്ദുൽഖാദർ-കോഴിക്കോടു മുതൽ തിരുവനന്തപുരം വരെ- വിവിധ പ്രസിദ്ധീകരണങ്ങളുടെ പ്രധാന ചുമതലക്കാരനായി അലയുന്നുണ്ട്. എന്നാൽ എവിടെയും സ്ഥിരമായി നങ്കൂരമിടാൻ ആദർശനിഷ്ഠയും സ്വാഭിപ്രായധീരതയും അദ്ദേഹത്തെ അനുവദിച്ചില്ല.

കോൺഗ്രസ് നേതാവ് മുഹമ്മദ് അബ്ദുറഹ്മാൻ സ്ഥാപിച്ച പ്രശസ്ത പത്രമായ അൽ അമീന്റെ പത്രാധിപസമിതി അംഗമായി, 1934 ൽ വക്കം അബ്ദുൽ ഖാദർ തന്റെ പത്രപ്രവർത്തന ജീവിതത്തിനു തുടക്കം കുറിച്ചു. അപ്പോൾ വയസ്സ് ഇരുപത്തി രണ്ട്. കോഴിക്കോടിന്റെ സാഹിത്യാന്തരീക്ഷത്തിൽ വക്കം നിറഞ്ഞു നിന്നു. പിന്നീട് 'മാപ്പിള റിവ്യൂ' വിന്റെ പത്രാധിപരായി. 'ദക്ഷിണ ഭാരതി' മാസികയിൽ കുറച്ചു കാലം പ്രവർത്തിച്ചു. പിന്നീട് 'ഭാരത ചന്ദ്രിക' യുടെ പത്രാധിപരായി. കൊല്ലത്തു നിന്നിറങ്ങിയ 'പ്രഭാതം' ദിനപത്രത്തിന്റെ അധിപരായും അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. കൊച്ചിയിൽ നിന്നിറങ്ങിയ 'അൻസാരി'യിലും നേരത്തെ അദ്ദേഹം ഉണ്ടായിരുന്നു. പുനലൂരിൽ നിന്നിറങ്ങിയ 'പ്രതിധ്വനി', വർക്കലയിൽ നിന്നിറങ്ങിയ 'സുബോധിനി, കൊല്ലത്തു നിന്നാരംഭിച്ച 'തൂലിക' എന്നിവയാണ് വക്കം അബ്ദുൽ ഖാദർ പത്രാധിപത്യം വഹിച്ച മറ്റു മാസികകൾ. മലയാളത്തിലെ പ്രമുഖരായ എഴുത്തുകാരുടെ രചനകൾ കൊണ്ടു സമ്പന്നമായിരുന്നു ഈ മാസികകളുടെ ലക്കങ്ങൾ. എഴുത്തുകാരുമായി വിപുലമായ സൗഹൃദം സ്ഥാപിക്കുന്നതിന് വക്കം അബ്ദുൽ ഖാദറിനു സാധിച്ചിരുന്നു. ജി.ശങ്കരക്കുറുപ്പ്, വൈക്കം മുഹമ്മദ് ബഷീർ, എസ്.കെ.പൊറ്റക്കാട്ട്, ലളിതാംബിക അന്തർജനം, ചങ്ങമ്പുഴ, എസ്.ഗുപ്തൻ നായർ, ഉറൂബ്, ജി.എൻ.പിള്ള തുടങ്ങി പ്രശസ്തരുടെ വലിയൊരു നിര തന്നെ വക്കം അബ്ദുൽ ഖാദറിന്റെ സുഹൃദ് വലയത്തിൽ ഉണ്ടായിരുന്നു. ഇവരിൽ പലരുമായും (വിശേഷിച്ച് ജി, പൊറ്റക്കാട്) ദീർഘമായ കത്തിടപാടുകളും വക്കത്തിനുണ്ടായിരുന്നു.

എസ്.കെ.പൊറ്റക്കാട്ട് 1950 ൽ തന്റെ ഈജിപ്ത് യാത്രയ്ക്കിടെ വക്കം അബ്ദുൽ ഖാദറിനയച്ച കവിതാ കത്തിൽ ഇരുവരും കോഴിക്കോട്ട് ഒരുമിച്ചു കഴിഞ്ഞ നാളുകളെ അനുസ്മരിച്ച് വികാരതരളിതമായ ഭാഷയിൽ ഇങ്ങനെ കുറിക്കുന്നത് ഇവിടെ സ്മരണീയമാണ്:

"സാഹിത്യരംഗങ്ങളേറുന്നതിൻ മുമ്പ്
സാധിച്ചതല്ലയോ നമ്മൾ തൻ സൗഹൃദം?
നമ്മളെയന്യോന്യമാദ്യമായ് കാണിച്ചു

mappilaheritagelibrary.com

തമ്മിലടുപ്പിച്ചതാരോ? മറന്നു പോയ്
"കല്ലായി" റോഡിലും, "മായാപറമ്പിലും"
കല്യാഭകോലും "വരക്കൽ" കരയിലും
ധൂളിയിൽ, പുല്ലിൽ, മണലിൽക്കുഴഞ്ഞാരാ
നാളുകൾ നമ്മളെ ലാളിച്ചു പിന്നെയും
സ്നേഹത്തണലിലെസ്സാഹചര്യങ്ങളിൽ
സാഹിത്യവും തത്വചിന്തയുമായി നാം
എത്ര മധ്യാഹ്നങ്ങൾ, സായന്തനങ്ങൾ നിർ-
ന്നിദ്രമാം രാത്രികൾ പോക്കി, സുഹൃത്തമ,
കൊല്ലങ്ങളങ്ങനെ മെല്ലെക്കഴിഞ്ഞു നാം
തെല്ലകന്നെങ്കിലും വീണ്ടും സമീപിച്ചു
പിന്നെയും നമ്മൾ പിരിയേണ്ടി വന്നു ഹാ!"

വക്കം അബ്ദുൽ ഖാദറിന് ജീവിതം പത്ര മാസികകളും അവയിലുള്ള എഴുത്തും എഴുത്തുകാരുമായുള്ള സംവാദങ്ങളുമായിരുന്നു എന്നു പറയാം. മറ്റെല്ലാം അദ്ദേഹം മറന്നു. വായിക്കാത്ത പുസ്തകങ്ങളോ കൈവെക്കാത്ത വിജ്ഞാന ശാഖകളോ ഇല്ല. എന്തും വായിക്കുകയും എന്തിനെക്കുറിച്ചും എഴുതുകയും ചെയ്യുക എന്നതായിരുന്നു അദ്ദേഹത്തിന്റെ നയം. കവിതയും നാടകവും സാഹിത്യവിമർശനവും മതവും ശാസ്ത്രവും മനഃശാസ്ത്രവും ചികിത്സയും കൈനോട്ടവുമെല്ലാം ആ തൂലികയ്ക്ക് അനായാസം വഴങ്ങി. എങ്കിലും സാഹിത്യമായിരുന്നു പ്രധാന ചിന്താ-കർമമണ്ഡലം. വിശ്വചിന്തയ്ക്കും മലയാളികൾക്കുമിടയിലെ ഒരു പാലമായി അദ്ദേഹം വർത്തിച്ചു. തൂലികാ ചിത്രം എന്ന സാഹിത്യ ശില്പത്തിനു മലയാളം വക്കം അബ്ദുൽ ഖാദറിനോട് കടപ്പെട്ടിരിക്കുന്നു.

മികച്ച ഗദ്യശൈലിയുടെ ഉടമയായിരുന്ന വക്കം അബ്ദുൽ ഖാദറിന്റെ തൂലികയിൽ നിന്ന് രണ്ടു ഡസനിലേറെ ഉൽകൃഷ്ട കൃതികൾ കൈരളിക്കു ലഭിച്ചു. ദർശനം, വിമർശനം, പഠനം, ജീവചരിത്രം, വിവർത്തനം, ആസ്വാദനം, ശാസ്ത്രം എന്നീ മേഖലകളിലാണ് അബ്ദുൽ ഖാദറിന്റെ സംഭാവനകൾ അധികവും. പാഠ പുസ്തക സമിതി, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി എന്നിവയിൽ അംഗമായിരുന്നെങ്കിലും തന്റെ കൃതികൾ ആ വഴി പ്രസിദ്ധീകരിക്കാൻ അദ്ദേഹം ശ്രമിച്ചതേയില്ല എന്നത് ശ്രദ്ധേയമാണ്. മലയാളം പോപ്പുലർ എൻസൈക്ലോപീഡിയ, സർവവിജ്ഞാന കോശം, കേരള സാഹിത്യ അക്കാദമി, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഇവയിലും അദ്ദേഹം പ്രവർത്തിച്ചു.

വിയോഗം

അറുപതു പിന്നിട്ടതോടെ ആരോഗ്യപരമായ അസ്വസ്ഥതകൾ അദ്ദേഹത്തെ അലട്ടി. ഇംഗ്ലീഷ് ചികിത്സ അദ്ദേഹം സ്വീകരിച്ചിരുന്നില്ല. ഹോമിയോ ഗ്രന്ഥങ്ങൾ വായിച്ച് സ്വയം ചികിത്സിക്കുന്നതായിരുന്നു അദ്ദേഹത്തിനിഷ്ടം. കടുത്ത ദാരിദ്ര്യത്തിലും ബന്ധുജനങ്ങളുടെ പോലും സഹായം സ്വീകരി

ക്കാൻ അഭിമാനിയായ ആ ധിഷണാശാലി തയാറായില്ല. പറ്റെ കിടപ്പിലായ പ്പോഴും തന്റെ പ്രയാസങ്ങൾ ആരെയും അറിയിക്കാനിഷ്ടപ്പെട്ടില്ല. മുത്താന താഹ എന്ന സുഹൃത്ത് സ്മര്യപുരുഷനെക്കുറിച്ചു ചന്ദ്രിക വാരികയിൽ ഒരു ലേഖനമെഴുതി. ലേഖനം വായിച്ച് ഉറൂബ്, എസ്.കെ.പൊറ്റക്കാട്ട്, സുകുമാർ അഴീക്കോട് തുടങ്ങിയ പ്രമുഖർ വക്കത്തെ സന്ദർശിച്ചു. എന്നാൽ തന്റെ ദയനീയാവസ്ഥ മാലോകരെ അറിയച്ചതിന് വക്കം തന്റെ സുഹൃത്തിനെ കുറ്റ പ്പെടുത്തുകയാണ് ചെയ്തത്. "സാമ്പത്തിക പ്രയാസങ്ങളിൽ ലജ്ജിക്കുന്ന വനല്ല" താൻ എന്നു വക്കം വ്യക്തമാക്കി.

'മനുഷ്യൻ' എന്ന പുസ്തകത്തിന്റെ രചന ഏതാണ്ടു പൂർത്തിയായപ്പോ ഴാണ് വക്കം അബ്ദുൽ ഖാദർ രോഗം മൂർച്ഛിച്ച് പൂർണമായും ശയ്യാധീനനാ വുന്നത്. ആയിടെ ആരംഭിച്ച കോഴിക്കോട് പ്രതിഭാബുക്സ് പ്രസ്തുത പുസ്തകത്തിന്റെ ഏതാനും ഭാഗങ്ങൾ 'അതുല്യ മനുഷ്യൻ' എന്ന പേരിൽ തങ്ങളുടെ പ്രഥമ പുസ്തകമായി പ്രസദ്ധീകരിക്കാൻ നിശ്ചയിച്ചു. പ്രസ്തുത പുസ്തകം പുറത്തിറങ്ങുന്നതിനു മുമ്പെ, 1976 ആഗസ്റ്റ് 23 ന് നിസ്തുല നായ ആ മനീഷി ഈ ലോകത്തോടു വിട പറഞ്ഞു.

സ്ഥാനമാനങ്ങളോടുള്ള നിസ്സംഗതയായിരുന്നു വക്കം അബ്ദുൽ ഖാദർ എന്ന വിജ്ഞാനോപസകന്റെ ജീവിതത്തിന്റെ ധന്യതകളിലൊന്ന്. അദ്ദേഹം ഒന്നും ആഗ്രഹിച്ചില്ല. ഒന്നും നേടിയതുമില്ല. ബുദ്ധനെപ്പോലെ, അവധൂത നെപ്പോലെ, പരിവ്രാജകനെപ്പോലെ, ഈ മലയാളക്കര വഴി അദ്ദേഹം കടന്നു പോയി. അറിവിന്റെ നിരവധി നിധി പേടകങ്ങൾ ബാക്കി വെച്ച്.

2
തേജസ്വികളും പ്രതിഭാശാലികളും

വക്കം അബ്ദുൽ ഖാദറിന്റെ രണ്ടു പ്രശസ്ത കൃതികളാണ് 'തേജസ്വികൾ' (പ്രസാധനം: പി.കെ.ബ്രദേഴ്സ്, കോഴിക്കോട്-1963), 'പ്രതിഭാശാലികൾ' (പ്രസാധനം: നാഷനൽ ബുക്സ്റ്റാൾ, കോട്ടയം-1964) എന്നിവ. മഹായശസ്കരായ ചിന്തകരെയും ശാസ്ത്രജ്ഞരെയും എഴുത്തുകാരെയും സമഗ്രമായി പരിചയപ്പെടുത്തുന്ന പ്രബന്ധങ്ങളാണ് ഇരു പുസ്തകങ്ങളുടെയും ഉള്ളടക്കം. 'തേജസ്വിക'ളിൽ ബർട്രൻഡ് റസ്സൽ, ആൽബർട്ട് ഷൈറ്റ്സർ, ബെഞ്ചമിൻ ഡിസ്രേലി, ജലാലുദ്ദീൻ റൂമി, ഏണസ്റ്റ് റൂതർ ഫോർഡ്, ജോൺ സ്റ്റുവർട്ട് മിൽ, എഡ്വേഡ് ഗിബൺ, എ.ബാലകൃഷ്ണപിള്ള എന്നിവരാണ് പ്രതിപാദ്യം. 'പ്രതിഭാശാലികൾ' എന്ന ഗ്രന്ഥത്തിൽ 24 അധ്യായങ്ങളിലായി 25 പേരെ പരിചയപ്പെടുത്തുന്നു. ബർട്രൻഡ് റസ്സൽ ഇരു പുസ്തകങ്ങളിലും സ്ഥാനം പിടിച്ചിരിക്കുന്നു. പക്ഷെ രണ്ടും ഉള്ളടക്കത്തിലും ഘടനയിലും വ്യത്യസ്തത പുലർത്തുന്ന പ്രബന്ധങ്ങളാണ്. 'തേജസ്വിക'ളുടെ കൂട്ടത്തിൽ എ.ബാലകൃഷ്ണപിള്ളയെ ഉൾപ്പെടുത്തിയതിനെ- വിമർശനം മുന്നിൽ കണ്ടു കൊണ്ടാവാം- ഗ്രന്ഥകാരൻ മുഖവുരയിൽ നീതിമത്ക്കരിക്കുന്നുണ്ട്. "ലോകപ്രശസ്തരായ ബുദ്ധ്യുപജീവികളുടെ ഗണനയിൽ ചേർക്കത്തക്കവിധം എ.ബാലകൃഷ്ണപിള്ളക്ക് പല യോഗ്യതകളുമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു." എന്ന് ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നു. കേസരി ചിന്തിച്ചതും എഴുതിയതും മലയാളത്തിലാണെങ്കിലും അദ്ദേഹത്തിന്റെ താല്പര്യങ്ങൾക്കും വ്യുൽപത്തിക്കും അനൽപ്പമായ സങ്കീർണ്ണതയും വിപുലതയും ഉണ്ടായിരുന്നു' എന്ന് ഗ്രന്ഥകാരന്റെ സാക്ഷ്യം.

റസ്സലിന്റെ വ്യക്തിപരമായ സവിശേഷതകളാണ് 'തേജസ്വിക'ളിൽ പ്രതിപാദിക്കുന്നതെങ്കിൽ അദ്ദേഹത്തിന്റെ ചിന്താപദ്ധതികളാണ് 'പ്രതിഭാശാലിക'ളിലെ പ്രബന്ധത്തിന്റെ പ്രധാന ഇതിവൃത്തം. റസ്സലിന്റെ വ്യക്തിചിത്രം

mappilaheritagelibrary.com

ഒട്ടൊരു നർമത്തോടു കൂടിയാണ് വക്കം അബ്ദുൽ ഖാദർ വരഞ്ഞിടുന്നത്. "അറുപതു കഴിഞ്ഞാൽ പിറുപിറുക്കാത്തവർ അപൂർവമായിരിക്കും. ഏതാണ്ട് തൊണ്ണൂറിലെത്തിയിട്ടും പിറുപിറുത്തു തുടങ്ങിയിട്ടില്ലാത്ത ആളാണ് ബർട്രൻഡ് റസ്സൽ" എന്നാണ് 'തേജസിക'ളിലെ പ്രബന്ധം ആരംഭിക്കുന്നത്. "ആ കണ്ണുകൾ! അവ എത്ര ചൈതന്യ പൂർണങ്ങൾ!! അവ അടഞ്ഞു പോയാൽ തന്നെ, വ്യക്തിയുടെയും സമുദായത്തിന്റെയും ജീവിതത്തിലേക്ക് അവ ഭൂതദയാപുരസ്സരം, സോൽക്കണ്ഠം നോക്കിയിട്ടുള്ള നോട്ടങ്ങൾ ഒരിക്കലും വിസ്മരിക്കപ്പെടുകയില്ല." എന്നിങ്ങനെ റസ്സലിന്റെ നാസികയും വക്ത്രവും തലയും മീശയുമെല്ലാം അബ്ദുൽ ഖാദറിന്റെ തൂലികത്തുമ്പിൽ വിരിയുന്നു. റസ്സലിന്റെ വസ്ത്രധാരണത്തെ കുറിച്ചു പറയുന്നതിങ്ങനെയാണ്: "വളരെ ഭംഗിയായി വസ്ത്രധാരണം ചെയ്യുന്ന ആളാണ് റസ്സൽ. വസ്ത്രധാരണത്തിലോ കൃത്യനിഷ്ഠയിലോ മറ്റു ദിനചര്യകളിലോ പ്രകൃത്യാ തന്നെ വേണ്ടത്ര ശ്രദ്ധ ചെലുത്താത്ത ഒരു തരം പ്രതിഭാശാലികളുടെ കൂട്ടത്തിൽ ബർട്രൻഡ് റസ്സൽ ഇല്ല. ആൽബർട്ട് ഐൻസ്റ്റൈനെപ്പോലെ റസ്സൽ ചെക്കുകളോ ഡ്രാഫ്റ്റുകളോ ശ്രദ്ധയില്ലാതെ ഒരിടത്തും കളയുകയില്ല." റസ്സൽ എൺപതാം വയസ്സിൽ നടത്തിയ നാലാം വേളിയെ കുറിച്ച് വക്കം അബ്ദുൽ ഖാദർ രസകരമായി വിവരിക്കുന്നുണ്ട്. ആസ്ത്രേലിയ സന്ദർശിച്ച റസ്സലിനെ അവിടത്തെ ഒരു പത്ര പ്രതിനിധി 'കോലക്കരടി' എന്നു വിശേഷിപ്പിച്ചു. റസ്സൽ കാഴ്ചബംഗ്ലാവിൽ പോയി കോലക്കരടിയെ കണ്ടു. പത്രപ്രവർത്തകൻ ചാർത്തിത്തന്ന വിശേഷണം ഒരു ബഹുമതിയായി അംഗീകരിച്ചു. റസ്സലിന്റെ സാമൂഹിക, രാഷ്ട്രീയ ചിന്തകളും ഗണിതത്തെസ്സംബന്ധിച്ച വിചാരങ്ങളും മതത്തോടും മിസ്റ്റിസിസത്തോടുമുള്ള സമീപനവും ഈ പ്രബന്ധത്തിൽ പരാമർശിക്കുന്നുണ്ട്. മതപരമായ അനുഭൂതിയിൽ ലയിക്കാൻ കഴിയാത്തതുകൊണ്ട് താൻ ഒരു പൂർണ മനുഷ്യനായിട്ടില്ലെന്ന് റസ്സൽ ഡോ.രാധാകൃഷ്ണനോടു പറഞ്ഞത് പ്രബന്ധത്തിൽ ഉദ്ധരിക്കുന്നുണ്ട്.

റസ്സലിന്റെ പ്രാധാന്യം ചർച്ച ചെയ്തു കൊണ്ടാണ് 'പ്രതിഭാശാലികളി'ലെ പ്രബന്ധം ആരംഭിക്കുന്നത്. "വിചാരത്തിന്റെയും അനുഭൂതികളുടെയും വിവിധ രംഗങ്ങളിൽ ഇത്രത്തോളം സർഗചൈതന്യത്തോടു കൂടി വർത്തിക്കുന്ന ഒരു ചിന്തകനെ ആധുനിക ലോകത്തു നാം കണ്ടില്ലെന്നു വരാം" എന്ന് പ്രബന്ധം നിരീക്ഷിക്കുന്നു. റസ്സലിന്റെ ധിഷണ വ്യാപരിക്കാത്ത രംഗങ്ങളില്ല. ഗണിതം, സമുദായതന്ത്രം, തത്വചിന്ത, ശാസ്ത്രീയ വിചിന്തനം, വിദ്യാഭ്യാസം, രാജ്യതന്ത്രം, മനഃശാസ്ത്രം, ചരിത്രം, ന്യായശാസ്ത്രം എന്നിവയിലെല്ലാം റസ്സൽ തന്റെ വ്യക്തിത്വം സ്ഥാപിച്ചു. റസ്സലിന്റെ വിവിധ ഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കി വ്യത്യസ്ത വിജ്ഞാന ശാഖകളിലുള്ള അദ്ദേഹത്തിന്റെ ആശയങ്ങൾ വക്കം അബ്ദുൽ ഖാദർ തന്റെ വായനക്കാർക്കു പരിചയപ്പെടുത്തുന്നു. ആധുനികത കൊണ്ടു വന്ന വിദ്യാഭ്യാസ രീതി വിദ്യാർത്ഥികളുടെ കഴിവുകളെയും അഭിരുചികളെയും പോഷിപ്പിക്കുന്നതിനു പകരം

mappilaheritagelibrary.com

കെടുത്തിക്കളയുന്നതാണെന്നു റസ്സൽ ചൂണ്ടിക്കാണിച്ചു. 'ഡിപ്ലോമകൾ, ബിരുദങ്ങൾ, സ്ഥാനമാനങ്ങൾ മുതലായവ നൽകുന്നതു കൊണ്ട് ഇന്നത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മനുഷ്യ പുരോഗതിക്കു വേണ്ടി പ്രവർത്തിക്കുന്നുവെന്നർത്ഥമില്ല" - റസ്സൽ പറഞ്ഞു. റസ്സലിന്റെ പ്രതിഭ ഏറ്റവും ദീപ്തമാവുന്നത് ഗണിതത്തിലാണെന്നാണ് അബ്ദുൽ ഖാദറിന്റെ മതം. ഏതു വിഷയം പ്രതിപാദിക്കുമ്പോഴും അച്ചടക്കമുള്ള ഒരു ഗവേഷണ മനസ്സാണ് റസ്സലിന്റേതെന്ന നിരീക്ഷണത്തോടെയാണ് വക്കം അബ്ദുൽ ഖാദർ പ്രബന്ധം അവസാനിപ്പിക്കുന്നത്.

'തേജസ്വികളി'ൽ രണ്ടാമത്തെ പ്രബന്ധം ആൽബർട്ട് ഷൈറ്റ്സെറെ കുറിച്ചാണ്. വാക്കും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തമാണ് ഷൈറ്റ്സറുടെ ഏറ്റവും വലിയ പ്രത്യേകതയായി പ്രബന്ധകാരൻ കാണുന്നത്. സംഗീതവിദ്വാൻ, വാദ്യവിദഗ്ധൻ, ബ്രഹ്മവാദി, ദാർശനികൻ, ചിന്തകൻ, ഗ്രന്ഥകാരൻ, ഭിഷഗ്വരൻ, ദീനദയാലുവായ മനുഷ്യവർഗപ്രേമി, എന്നീ നിലകളിൽ ഷൈറ്റ്സർ ആർജ്ജിച്ചിടുന്ന മഹിമയുടെ ആഴം എളുപ്പത്തിൽ അളക്കാൻ കഴിയുകയില്ല" എന്ന് വക്കം എഴുതുന്നു. ഷൈറ്റ്സറുടെ ഠവല ഝൗലളേീള വേല ഒശൗ്യേശരമഹ ഖലൗെ എന്ന ഗ്രന്ഥം ഏറെ ഒച്ചപ്പാടുകൾ ഉണ്ടാക്കി. വസ്തുതതകളെ നിരാകരിക്കുന്ന വിശ്വാസം വിശ്വാസമല്ലെന്ന് ഷൈറ്റ്സർ പ്രഖ്യാപിച്ചു. അജ്ഞതയിലും ദുരിതത്തിലും ആണ്ടുകിടക്കുന്നവർക്കു വേണ്ടി സേവനങ്ങൾ നൽകാൻ അർപ്പിക്കപ്പെട്ടതായിരുന്നു ഷൈറ്റ്സറുടെ ജീവിതം. ആതുരസേവനത്തിനായി ആഫ്രിക്കയിലേക്കു പുറപ്പെടുന്നതിനു മുമ്പു തന്നെ പാവങ്ങളെ സേവിക്കുന്നതിൽ വ്യാപൃതനായിരുന്നു ഷൈറ്റ്സർ. ആഫ്രിക്കയിലെ ഷൈറ്റ്സറുടെ സേവനങ്ങൾ പ്രബന്ധത്തിൽ ഭംഗിയായി വിവരിച്ചിട്ടുണ്ട്.

ബെഞ്ചമിൻ ഡിസ്രേലി എന്ന ബ്രിട്ടീഷ് പ്രധാനമന്ത്രിയെ 'തേജസ്വികളി'ൽ വക്കം അബ്ദുൽ ഖാദർ പരിചയപ്പെടുത്തുന്നത് 'തോൽവികളിൽ കുലുങ്ങാതെ പ്രത്യാശയുടെ തോൾ പിടിച്ചു മുന്നോട്ടു പോയ ഒരസാധാരണ വ്യക്തി' എന്ന നിലയിലാണ്. ദരിദ്രനായതു കൊണ്ടല്ല, യഹൂദനായതുകൊണ്ടാണ് ഡിസ്രേലിക്ക് ഇംഗ്ലണ്ടിൽ ഏറെ ക്ലേശിക്കേണ്ടി വന്നത്. ഇംഗ്ലണ്ടിൽ ഒരു യഹൂദന്റെ സാമൂഹ്യ പദവി അത്രയും മോശമായിരുന്നു. ബഞ്ചമിൻ ഡ ഇസ്രേലി (ഉ'കൗെമലഹശ) എന്ന യഥാർത്ഥ പേര് ഡിസ്രേലി എന്നാക്കി പരിഷ്ക്കരിച്ചത് താൻ യഹൂദനാണെന്ന് പെട്ടെന്ന് ആളുകൾ കണ്ടുപിടിക്കാതിരിക്കാനായിരുന്നു. പതിനാലാം വയസ്സിൽ പഠനം നിർത്തേണ്ടി വന്ന ഡിസ്രേലി സ്വപരിശ്രമത്താൽ സ്വയം നിർമ്മിച്ചു. നിരവധി പരാജയങ്ങളെയും കഷ്ടപ്പാടുകളെയും അതിജീവിച്ചു ഡിസ്രേലി പ്രഭുവും പ്രധാനമന്ത്രിയുമായി.

'ജലാലുദ്ദീൻ റൂമി'യെ കുറിച്ചുള്ള പ്രബന്ധം ആരംഭിക്കുന്നത് ഡമസ്ക്കസിലെ പള്ളിയിൽ ഗ്രന്ഥപാരായണത്തിൽ ഏർപ്പെട്ടിരിക്കുന്ന റൂമിയെ തന്റെ

ഭാവി ഗുരു ശംസെത്വബ്രീസി കണ്ടു മുട്ടുന്ന നാടകീയരംഗം വിവരിച്ചു കൊണ്ടാണ്. ജർമൻ മിസ്റ്റിക്കായ എക്കാർട്ടിനെ അറിയുന്നതിനേക്കാൾ കൂടുതലായി പെഴ്സ്യൻ മിസ്റ്റിക്കായ ജലാലുദ്ദീനെ ഇംഗ്ലീഷുകാർ അറിയുന്നുവെന്ന് വിചാരിക്കാൻ ന്യായമുള്ളതായി പ്രബന്ധം സമർത്ഥിക്കുന്നു. റൂമിയെക്കുറിച്ചുള്ള ആലോചനയുടെ മുന്നോടിയായി വക്കം അബ്ദുൽ ഖാദർ കുറിക്കുന്ന വരികൾ വളരെ ശ്രദ്ധേയമാണ്.

"മിസ്റ്റിക്കുകളെയും അവരുടെ കൃതികളെയും സംബന്ധിച്ച നിർമൽസര പഠനങ്ങൾ നടത്തുന്നവർക്ക് അവിസ്മരണീയമായ ചില പ്രത്യേക പരമാർത്ഥങ്ങൾ കണ്ടെത്താൻ കഴിയും. മിസ്റ്റിക്കുകൾ ഏറെ കുറെ ഒരേ ആദർശത്തിന്റെ, ഒരേ അനുഭൂതിയുടെ തന്തുവിൽ കോർക്കപ്പെട്ടവരായിരിക്കും. അവരുടെ നാമങ്ങളും ഭാഷകളും വേഷങ്ങളും അനുഷ്ഠാനങ്ങളും ജന്മസ്ഥലങ്ങളും ജീവിത കാലങ്ങളും എത്രയോ ഭിന്നങ്ങളാവട്ടെ, തങ്ങളുടെ ആത്മൈക്യത്തിന്റെ മുമ്പിൽ ഈ വക തരം തിരിക്കലുകളും ഭേദസങ്കൽപങ്ങളും ഏറ്റവും നിസ്സാരമായി പരിണമിക്കുന്നു; ഏറ്റവും നിരർത്ഥകമായി ഭവിക്കുന്നു. ഒരേ ഒരനുഭൂതി ഒരേ ഒരു ഭാവത്തിൽ ലയിപ്പിക്കുന്നതു കൊണ്ട് അവരുടെ ലോകത്തു വിഭിന്ന ലക്ഷ്യങ്ങളുടെ വിഭിന്ന മാർഗങ്ങളില്ല. വേദങ്ങളുടെയും ഉപനിഷത്തുകളുടെയും കാലം തൊട്ട് ഇന്നുവരെയുള്ള മിസ്റ്റിക്കുകളുടെ ആത്മപ്രഖ്യാപനങ്ങളെയും സത്യദർശനങ്ങളെയും പരിശോധിക്കുമ്പോൾ അവർക്ക് അവയെ ഒന്നായിണക്കുന്ന അമേയമായ ഒരു ഏകസാരാനുഭൂതിയുടെ മൗലിക സ്വഭാവം ഉണ്ടെന്നു കണ്ടുപിടിക്കാൻ പ്രയാസമില്ല. ഇന്ത്യക്കാരനായ ശങ്കരനും പേഴ്സ്യക്കാരനായ ജലാലുദ്ദീനും ജർമൻകാരനായ എക്കാർട്ടും ഇംഗ്ലീഷുകാരനായ അഗസ്തീനും ജപ്പാൻകാരനായ സൈനിയും എല്ലാം ഒന്നു തന്നെ." (തേജസ്വികൾ, പുറം: 116-117)

തുടർന്നു സൂഫിസത്തിന്റെ ചരിത്രം ചുരുക്കി വിവരിക്കുന്നു ഗ്രന്ഥകാരൻ. ആത്മപരിത്യാഗത്തെയും ഈശ്വരസാക്ഷാത്കാരത്തെയും സംബന്ധിച്ച സന്ദേശങ്ങളാണ് സൂഫികൾ നൽകിയത്. മംഗോളിയൻ ആക്രമണത്തോടെ ആത്മവീര്യം നഷ്ടപ്പെട്ടവർക്ക് ഈശ്വരപ്രേമത്തിലൂടെ പ്രത്യാശ വീണ്ടെടുത്തു കൊടുക്കാനാണ് സൂഫികൾ പ്രയത്നിച്ചതെന്നു വക്കം നിരീക്ഷിക്കുന്നു. മസ്നവിയുടെ ഉള്ളടക്കത്തിലേക്ക് ചില സൂചനകൾ നൽകിക്കൊണ്ടാണ് റൂമിയെക്കുറിച്ചുള്ള പ്രബന്ധം അവസാനിക്കുന്നത്.

'തേജസ്വികളി'ലെ അടുത്ത അധ്യായം ഏണസ്റ്റ് റൂതർഫോർഡ് എന്ന അണുശാസ്ത്രജ്ഞനെ കുറിച്ചാണ്. 1932 ലാണ് റൂതർ ഫോർഡ് അണുവിഭജനം നടത്തുന്നത്. എന്നാൽ 1945 ലെ ഹിരോഷിമാ നാഗസാക്കി അണുബോംബ് സ്ഫോടനത്തോടെയാണ് ജനങ്ങൾക്കതിന്റെ പൊരുൾ മനസ്സിലാവുന്നത്. അണുവിഭജനം സാധ്യമാവുന്നതോടെ എണ്ണ, കൽക്കരി തുടങ്ങിയ ഇന്ധനങ്ങളുടെ ഉപഭോഗം എത്രയോ കുറയ്ക്കാമെന്ന് ശാസ്ത്രം പ്രത്യാശിച്ചിരുന്നു. പക്ഷെ വിനാശത്തിനാണ് മനുഷ്യൻ അതാദ്യം ഉപയോഗിച്ചത്.

റൂതർ ഫോർഡ് റേഡിയം രശ്മികളെ സംബന്ധിച്ചും അണുവിന്റെ ഘടനയെകുറിച്ചും നടത്തിയ പരീക്ഷണങ്ങൾ അയത്നലളിതമായാണ് വക്കം അബ്ദുൽ ഖാദർ വിവരിക്കുന്നത്. സാഹിത്യ സിദ്ധാന്തങ്ങളും മിസ്റ്റിക് തത്വങ്ങളും അപഗ്രഥിക്കുന്നയത്ര വ്യക്തതയും സുതാര്യതയും അദ്ദേഹത്തിന്റെ ശാസ്ത്ര വിശകലനങ്ങൾക്കുമുണ്ട് എന്നതാണ് അതിശയിപ്പിക്കുന്ന വസ്തുത. റൂതർ ഫോർഡിന്റെ ന്യൂക്ളിയർ തിയറി ആർക്കും മനസ്സിലാവുന്ന വിധത്തിൽ വക്കം അബ്ദുൽ ഖാദർ വിശദീകരിക്കുന്നു. 'ന്യൂക്ളിയസി'നെ 'മൂലകന്ധം' എന്നാണദ്ദേഹം തർജമ ചെയ്യുന്നത്. ശാസ്ത്രം കേവലം യുക്തിയുടെ സന്തതിയല്ല എന്ന ഗ്രന്ഥകാരന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. അദ്ദേഹം എഴുതുന്നു: "ശാസ്ത്രത്തിലെ കണ്ടുപിടിത്തങ്ങളുടെ പിന്നിൽ കേവലം യുക്തി വിചാരങ്ങളെയോ ധിഷണയുടെ പ്രയത്നങ്ങളെയോ മാത്രമല്ല നാം കാണുന്നത്. യഥാർത്ഥ ശാസ്ത്രീയ മഹത്വം പ്രാപിച്ചിട്ടുള്ളവരുടെ നേട്ടങ്ങൾക്ക് ക്രാന്തദർശനവും ഭാവനയും വമ്പിച്ച സഹായമായിട്ടുണ്ടെന്ന് കാണാം. ഒരു കാര്യത്തിന്റെ പ്രാധാന്യത്തെ, അവർ പലപ്പോഴും യുക്തി സമ്പർക്കമില്ലാത്ത ജന്മവാസന കൊണ്ടാണ് ഗ്രഹിച്ചിരുന്നത്. റൂഥർ ഫോർഡിനെ സംബന്ധിച്ചാണെങ്കിൽ അദ്ദേഹം ന്യൂട്രോൺ കണ്ടുപിടിക്കപ്പെടുന്നതിന് പന്ത്രണ്ട് കൊല്ലം മുൻപ് അതിന്റെ അസ്തിത്വത്തെ ദീർഘദർശനം ചെയ്തിരുന്നു." (തേജസ്വികൾ പുറം 146)

"നിനക്കറിയാമല്ലോ, ഞാൻ എന്റെ കൃത്യം നിർവഹിച്ചു കഴിഞ്ഞു" എന്ന് ശോകമൂകയായ പത്നിയുടെ കരയുന്ന കണ്ണുകളിൽ നോക്കി അവ്യക്ത സ്വരത്തിൽ പറഞ്ഞു കൊണ്ടാണ് ജോൺ സ്റ്റുവർട്ട് മിൽ മരണമടഞ്ഞത്." ജോൺ സ്റ്റുവർട്ട് മില്ലിനെ കുറിച്ച പ്രബന്ധം വക്കം അബ്ദുൽ ഖാദർ ആരംഭിക്കുന്നതിങ്ങനെയാണ്. ഈ ആരംഭം മതി വായനക്കാരൻ പ്രബന്ധം മുഴുവൻ ആകാംക്ഷയോടെ വായിച്ചു തീർക്കാൻ. ഒരു പ്രബന്ധം കലാപരമായി എങ്ങനെ തയാറാക്കണമെന്നതിന് ഉദാഹരിക്കാവുന്നവയാണ് വക്കം അബ്ദുൽ ഖാദറിന്റെ രചനകൾ എന്ന് ആരും സമ്മതിക്കും. മൂന്നാം വയസ്സിൽ ഈസോപ്പ് കഥകൾ ഗ്രീക്ക് ഭാഷയിൽ നിന്ന് ഇംഗ്ലീഷിലേക്കു പരിഭാഷപ്പെടുത്തിയ അൽഭുത പ്രതിഭയായിരുന്നു ജോൺ സ്റ്റുവർട്ട് മിൽ. വയസ്സ് പതിനാലാവുമ്പോഴേക്കും മിൽ മിക്ക വിജ്ഞാന ശാഖകളിലും അവഗാഹം നേടിക്കഴിഞ്ഞിരുന്നു. കാപിറ്റലിസ്റ്റ് ചിന്തകനായിരുന്ന പിതാവ് ജെയിംസ് മില്ലിന്റേതിൽ നിന്നു വ്യത്യസ്തമായിരുന്നു സ്റ്റുവർട്ട് മില്ലിന്റെ നിലപാടുകൾ. എന്നാൽ സോഷ്യലിസത്തെ അനുകൂലിക്കുമ്പോഴും വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്നതിനോട് അദ്ദേഹം യോജിച്ചില്ല. വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനത്തിൽ വോട്ടു നിർണയിക്കണമെന്ന് മിൽ വാദിച്ചു. കൂടുതൽ വിദ്യാഭ്യാസമുള്ളവർക്ക് കൂടുതൽ വോട്ട്. ഇംഗ്ലണ്ടിൽ സ്ത്രീകൾക്ക് വോട്ടവകാശം നേടിക്കൊടുത്തത് ജോൺ സ്റ്റുവർട്ട് മിൽ ആണ്. പണമുണ്ടാക്കാനും സ്ഥാനമാനങ്ങൾ നേടുവാനും ഉള്ള വഴികളാരാഞ്ഞ് ജീവിച്ച ഒരു വ്യക്തിയായിരു

mappilaheritagelibrary.com

ന്നില്ല മിൽ-" വക്കം അബ്ദുൽ ഖാദർ എഴുതുന്നു.

'ദ ഡിക്ലൈൻ ആന്റ് ഫാൾ ഓഫ് റോമൻ എംപയർ' എന്ന വിഖ്യാത ചരിത്ര കൃതിയുടെ കർത്താവ് എഡ്മണ്ട് ഗിബണെ കുറിച്ചുള്ളതാണ് 'തേജസ്വികളി'ലെ അടുത്ത അധ്യായം. "ഗിബണോളം സമർത്ഥമായും ആയാസ കരമായും സമഗ്രമായും ചരിത്രമെഴുത്തിന്റെ രംഗത്ത് അദ്ദേഹത്തിന് മുൻപോ പിൻപോ മറ്റൊരു വ്യക്തിയും നേട്ടങ്ങളുണ്ടാക്കിയിട്ടില്ല" എന്നാണ് വക്കം നിരീക്ഷിക്കുന്നത്. ഇതിനുപോദ്ബലകമായി നിരവധി വസ്തുതകളും അദ്ദേഹം നിരത്തുന്നു. "പഴയ യൂറോപ്യൻ നാഗരികതയുടെ അസ്തമന ത്തെയും പുതിയൊരു നാഗരികതയുടെ ഉദയത്തെയും ചിത്രപെടുത്തുന്ന കൃത്യം നിർവഹിച്ചു കൊണ്ടാണ് അദ്ദേഹം പോയത്" (പുറം: 169-170), "ഗിബ ണിന്റെ ചരിത്രം പുരാതന കാലത്തെയും ആധുനിക ലോകത്തെയും കൂട്ടി ഘടിപ്പിക്കുന്ന ഒരു പാലമാണെന്നു കാണാം." (പുറം: 173) ഇങ്ങനെയുള്ള നിരീക്ഷണങ്ങളും അദ്ദേഹം നടത്തുന്നുണ്ട്. ഗിബണിന്റെ കുട്ടിക്കാലം, ജീവി തം, നിലപാടുകൾ, ഭാഷാശൈലി എന്നിവയും ഹ്രസ്വമായി പ്രബന്ധം പരാ മർശിക്കുന്നു.

'തേജസ്വികളി'ലെ ഒടുവിലത്തെ അധ്യായം മുമ്പു സൂചിപ്പിക്കപ്പെട്ടതു പോലെ തന്നെ 'ഔരസ സന്താനം' ആയി സ്വീകരിച്ച കേസരി എ.ബാലകൃ ഷ്ണപിള്ളയെ സംബന്ധിച്ചാണ്. വിശദാംശങ്ങൾ മുമ്പ് പരാമർശിച്ചി ട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.

പ്രതിഭാശാലികൾ

റസ്സലിനെ കൂടാതെ പ്രതിഭാശാലികളിൽ പരാമർശിക്കപ്പെടുന്നവർ ഇവ രാണ്:

ബർണാഡ്ഷാ, ചാൾസ് ഡാർവിൻ, എച്ച്.ജി.വെൽസ്, എമിലി സോള, സിഗ്മണ്ട് ഫ്രോയിഡ്, ആൽബർട്ട് ഐൻസ്റ്റീൻ, സ്ട്രിൻഡ് ബർഗ്, സോമർ സെറ്റ് മോം, ലിയോ ടോൾസ്റ്റോയ്, ആന്റൺ ചെക്കോവ്, ജെ.ബി.എ സ്.ഹാൽഡയിൻ, കാറൽ മാർക്സ്, ജൂലിയൻ ഹക്സലി, ഫ്രെഡറിക് നീഷേ, ഏണസ്റ്റ് ഹെമിങ്ങ്വേ, തോമസ് ഹെൻറി ഹക്സലി, തോമസ്മാൻ, വിക്ടർ ഹ്യൂഗോ, ലൂജി പിരാന്റലോ, വാൾട്ട് വിറ്റ്മാൻ, എതെൽ മാനിൻ, ലിൻഡാങ്, സിഡ്നി വെബ്, ബിയാട്രിസ് വെബ്.

വിദ്യാലയം, പാഠപുസ്തകങ്ങൾ, അധ്യാപകർ എന്നിവയെ വെറുത്ത ബർണാഡ്ഷാ പതിനഞ്ചാം വയസ്സിൽ പഠനം നിർത്തി. പാഠപുസ്തകമ ല്ലാത്ത എന്തും വായിക്കുന്ന പ്രകൃതക്കാരനായിരുന്നു ഷാ. നാടകങ്ങൾ, മുഖ വുരകൾ, ആഖ്യായികകൾ ഇവയാണ് ഷായെ പ്രശസ്തനാക്കിയത്. ഷായുടെ രചനകളെ വക്കം അബ്ദുൽ ഖാദർ ഇങ്ങനെ വിലയിരുത്തുന്നു:

"സൂക്ഷ്മമായ വികാരങ്ങളെയോ സൗന്ദര്യാനുഭൂതിയേയോ സംഭ്രമിപ്പി ക്കാനല്ല ഷാ സാഹിത്യകലയിൽ പ്രഥമമായും പ്രധാനമായും പണി

mappilaheritagelibrary.com

പ്പെട്ടിട്ടുള്ളത്. സാഹിത്യകലയിൽ അദ്ദേഹത്തിന്റെ ലക്ഷ്യവും മാർഗവും റൊമാന്റിക് കലാകാരൻമാരുടേതിൽ നിന്നും വ്യത്യസ്തമാണ്. വിചാര പ്രഖ്യാനനായിരിക്കുന്നതു പോലെ ഷാ വികാരപ്രധാനനോ സൗന്ദര്യ പ്രധാനനോ അല്ല തന്നെ. സൗന്ദര്യ സൃഷ്ടിയിൽ ഷായ്ക്കുള്ള കഴിവുകൾ പരിമിതങ്ങളാണെന്നു സമ്മതിച്ചേ തീരൂ. പരിഷ്കരണേച്ഛ കത്തിക്കാളുന്ന നിശിതബുദ്ധിശക്തിയുമായിട്ടാണ് അദ്ദേഹം സാഹിത്യ ലോകത്തു സഞ്ചരിക്കുന്നത്." (പ്രതിഭാശാലികൾ, പുറം:17) "ഇംഗ്ലീഷ് നാടക വേദിയിലും സാഹിത്യലോകത്തും സമൂല പരിവർത്തനം വരുത്തുന്നതിന് ഷാ ചെയ്തിട്ടുള്ള നേട്ടങ്ങൾ അനല്പങ്ങളും അതിപ്രധാനങ്ങളുമാണ് (പുറം: 21) എന്നും വക്കം അബ്ദുൽ ഖാദർ എഴുതുന്നു. രാഷ്ട്രതന്ത്രം, മതം, തത്വചിന്ത, സാമൂഹിക ശാസ്ത്രം തുടങ്ങിയ വിഷയങ്ങളിലുള്ള ഷായുടെ നിലപാടുകളും ഈ പ്രബന്ധത്തിൽ ഗ്രന്ഥകാരൻ ചർച്ച ചെയ്യുന്നുണ്ട്.

ചാൾസ് ഡാർവിനെ കുറിച്ചുള്ള പ്രബന്ധവും ഏറെ പഠനാർഹവും ഉൾക്കാഴ്ച പ്രദാനം ചെയ്യുന്നതുമാണ്. "ജീവികളുടെ ഉത്പത്തിയെയും വികാസത്തെയും സംബന്ധിച്ചു ഡാർവിൻ ഉന്നയിച്ച വീക്ഷണങ്ങളും സിദ്ധാന്തങ്ങളുമാണ് അദ്ദേഹത്തെ മതശത്രുവെന്നും ദൈവവിശ്വാസവിരോധിയെന്നും മറ്റും വിളിച്ച് അവഹേളിക്കുവാൻ സാധാരണ ലോകത്തെ പ്രേരിപ്പിക്കുന്നത്. ഒരു സാധാരണക്കാരൻ ചെയ്യുന്നതുപോലെ ഡാർവിൻ മതത്തിലോ ദൈവത്തിലോ വിശ്വസിക്കുന്നില്ലെന്നു വ്യക്തമാവുന്നുണ്ട്. എന്നാൽ അദ്ദേഹം പ്രപഞ്ച സ്രഷ്ടാവിന്റെ ആസ്തികൃത്തെ നിഷേധിക്കുന്നില്ല. അങ്ങനെ നിഷേധിക്കാത്തതു കൊണ്ടു മാത്രം അദ്ദേഹം സാധാരണ അർത്ഥത്തിൽ മതവിശ്വാസിയാകുന്നുമില്ല" (പുറം:39) എന്ന് വക്കം അബ്ദുൽ ഖാദർ എഴുതുന്നു. ഡാർവിന്റെ ആശയങ്ങൾ ഗ്രന്ഥകാരൻ ഈ പ്രബന്ധത്തിൽ ചുരുക്കി വിവരിക്കുന്നുണ്ട്. കൃതികളെ പരിചയപ്പെടുത്തുകയും ചെയ്യുന്നു.

പാർലമെന്റ് തെരഞ്ഞെടുപ്പിൽ രണ്ടു തവണ മത്സരിച്ചു പരാജയപ്പെട്ട് എഴുത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച എച്ച്.ജി.വെൽസിനെ കുറിച്ചുള്ളതാണ് 'പ്രതിഭാശാലികളി'ലെ അടുത്ത അധ്യായം എഴുത്തിലൂടെ വെൽസ് രാജ്യതന്ത്രജ്ഞനും സാമൂഹിക ശാസ്ത്രജ്ഞനുമായി വളർന്നു. "ആധുനിക നാഗരികത വളർത്തുന്ന തിന്മകളോടുള്ള വിശ്രമരഹിതമായ ഒരു പോരാട്ടമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം" (പുറം: 54) ഗ്രന്ഥകാരൻ വിലയിരുത്തുന്നു. എൺപതു കൊല്ലത്തിനുള്ളിൽ വെൽസ് അറുപതിൽ പരം ഗ്രന്ഥങ്ങൾ എഴുതി. സാഹിത്യം, ചരിത്രം, ശാസ്ത്രം, രാജ്യതന്ത്രം, വിദ്യാഭ്യാസം എന്നിവയിൽ വെൽസ് വ്യക്തിമുദ്ര പതിപ്പിച്ചു. വെത്സിന്റെ ജീവിതവും വീക്ഷണങ്ങളും കൃതികളും അടുത്തറിയാൻ സഹായകമാണ് ആ പ്രബന്ധം.

പാശ്ചാത്യ നോവൽ സാഹിത്യത്തിൽ റിയലിസത്തെ പരിപൂർണതയിൽ എത്തിച്ച എമിലി സോളയെ കുറിച്ച് വക്കം വിമർശനാത്മകമായി നിരീക്ഷിക്കുന്നതിങ്ങനെ വായിക്കാം: "സോള ജീവിതത്തിന്റെ ഒരു വശത്തേക്ക് മാറി

mappilaheritagelibrary.com

നിന്നു കൊണ്ട് ആ വശത്തെ മാത്രം നോക്കി. എന്നിട്ട് അദ്ദേഹം പറഞ്ഞു, താൻ ജീവിതത്തെ അതേ വിധത്തിൽ പ്രതിഫലിപ്പിക്കുന്നുവെന്ന്. നിഷ്പക്ഷനായി നിന്നുകൊണ്ട് ജീവിതത്തെ നിരീക്ഷിക്കുന്നതിൽ സോള വിജയിച്ചിട്ടില്ല. വിജ്ഞാനതൃഷ്ണയും ശാസ്ത്രീയാഭിനിവേശവും സോളയ്ക്ക് വേണ്ടുവോളമുണ്ടായിരുന്നുവെങ്കിലും അദ്ദേഹം പല കാര്യങ്ങളിലും ഈർഷ്യാകലുഷിതനും അസഹിഷ്ണുവുമായിരുന്നു. സെൻറിമെന്റലിസവും ഡാഗ്മാറ്റിസവും സോളയുടെ നിരീക്ഷണങ്ങളെയും വീക്ഷണങ്ങളെയും വികലപ്പെടുത്തിയിരുന്നു; അവയിൽ നിറം പിടിപ്പിച്ചിരുന്നു." (പുറം: 77)

സിഗ്മണ്ട് ഫ്രായിഡിനെ കുറിച്ചുള്ള പ്രബന്ധം ഇങ്ങനെ ആരംഭിക്കുന്നു: "മനഃശാസ്ത്രലോകത്ത് ഫ്രായിഡ് നടത്തിയ അന്വേഷണങ്ങളും പഠനങ്ങളും അദ്ദേഹം പുറപ്പെടുവിച്ച സിദ്ധാന്തങ്ങളും മനഃശാസ്ത്രത്തിലെ യാഥാസ്ഥിതിക കക്ഷിയെ മാത്രമല്ല പ്രക്ഷോഭിപ്പിച്ചത്. മതം, സദാചാരം, വിദ്യാഭ്യാസം, സാഹിത്യം, കല, സമുദായതന്ത്രം എന്നിവയിലെ പഴയ കക്ഷികളും അദ്ദേഹത്തിന്റെ നേർക്കു കലഹിച്ചിളകി. അവരെല്ലാം ഫ്രായിഡിനെ എതിർക്കുകയും പരിഹസിക്കുകയും ചെയ്തു." (പുറം: 79). ഫ്രായ്ഡ് മനഃശ്ശാസ്ത്രത്തിനു നൽകിയ സംഭാവന, സ്വപ്ന വ്യഖ്യാനത്തിനു അവലംബിച്ച മാർഗം, ലിംഗബന്ധത്തെ കുറിച്ച കാഴ്ചപ്പാടുകൾ എന്നിവ ഹ്രസ്വമായി ഗ്രഹിക്കാൻ ഉതകുന്നതാണീ ഉപന്യാസം.

"മനുഷ്യവർഗസ്നേഹത്തിലും ധർമനിഷ്ഠയിലും സത്യാന്വേഷണപരമായ ശാസ്ത്രീയ വിചിന്തനങ്ങളിലും സംപൂജ്യനായ ഐൻസ്റ്റീൻ ആർഭാടരഹിതമായ, ലളിത സുന്ദരമായ ഒരു ജീവിതമാണ് നയിക്കുന്നത്. അദ്ദേഹം വിനയമസൃണനും സ്നേഹ നിർഭരനും ആകുന്നു." എന്നിങ്ങനെ ആർബർട്ട് ഐൻസ്റ്റീന്റെ ജീവിതത്തിലേക്കുള്ള കിളിവാതിൽ തുറക്കുകയാണ് ഗ്രന്ഥകാരൻ. മതത്തെയും ശാസ്ത്രത്തെയും സംബന്ധിച്ച ഐൻസ്റ്റീന്റെ അഭിപ്രായങ്ങൾ അദ്ദേഹത്തിന്റെ വാക്കുകളിൽ തന്നെ വിസ്തരിച്ചു പ്രതിപാദിക്കുന്നുണ്ട്.

കവി, നാടകകൃത്ത്, ആഖ്യായികാകാരൻ, ചെറുകഥാകൃത്ത്, വിമർശകൻ, ഉപന്യാസകാരൻ, പത്രപ്രവർത്തകൻ, ഗാനരചയിതാവ്, ചിത്രകാരൻ, ശില്പി എന്നീ നിലകളിലെല്ലാം സ്മരണീയനായ സ്ട്രിൻഡ് ബർഗിനെ കുറിച്ചാണ് 'പ്രതിഭാശാലിക'ളിലെ അടുത്ത അധ്യായം. "സാഹിത്യകലാപരമായ സേവനങ്ങൾക്കു പുറമെ അദ്ദേഹം ഭൂമിശാസ്ത്രം, ഭൂഗർഭശാസ്ത്രം, രസതന്ത്രം, ജന്തുശാസ്ത്രം, സസ്യശാസ്ത്രം, ഊർജതന്ത്രം, ഗണിതം, ഖഗോളശാസ്ത്രം, ശിലാലിഖിതം, സമുദായതന്ത്രം, ഭാഷാഗവേഷണം, ഭൈഷജ്യം, തത്വജ്ഞാനീയം, വേദാന്തം, ചരിത്രം, നീതിശാസ്ത്രം മുതലായവയുടെ രംഗങ്ങളിൽ നിർവഹിച്ചിട്ടുള്ള ശ്രമങ്ങളുടെ കണക്ക് നമ്മെ വിസ്മയിപ്പിക്കുന്നതിനു പര്യാപ്തമാണ്." (പുറം:108). വിശ്വസാഹിത്യകാരൻമാരുടെ ഗണനയിൽ സ്ട്രിൻഡ് ബർഗിനെപ്പോലൊരു ദുഃഖിതനെ- വ്യഥാമർദ്ദിതനെ

കാണുക സാധ്യമല്ല" (പുറം:109) എന്നും വക്കം കുറിക്കുന്നു. സ്ട്രിൻഡ് ബർഗിന്റെ ബഹുമുഖ വ്യക്തിത്വത്തെ ഈ ലേഖനം ഭംഗിയായി അനാവരണം ചെയ്യുന്നുണ്ട്. വിശ്വസാഹിത്യത്തിലെ മികച്ച ആത്മകഥാകഥനങ്ങളിൽ ഒന്ന് സ്ട്രിൻഡ് ബർഗിന്റേതാണ്.

"മോം എങ്ങോട്ടു പോയാലും വിചാരവും നിരീക്ഷണവും അദ്ദേഹത്തെ പിന്തുടരുന്നു" എന്നാണ് സോമർസെറ്റ് മോമിനെ കുറിച്ച് വക്കം അബ്ദുൽ ഖാദർ എഴുതുന്നത്. മോമിന്റെ 'ഹ്യൂമൻ ബോൺഡേജ്' എന്ന നോവലിനെ വക്കം മികച്ച രചനയായി അംഗീകരിക്കുന്നു.

ലിയോടോൾസ്റ്റോയി എന്ന വിശ്രുതനായ റഷ്യൻ സാഹിത്യകാരനെ വക്കം അബ്ദുൽ ഖാദർ കുറഞ്ഞ വാക്കുകൾ കൊണ്ട് സമഗ്രമായി പ്രകാശിപ്പിക്കുന്നതിങ്ങനെയാണ്: "ചിന്താപരമായ പ്രശ്നങ്ങൾക്ക് ഉത്തരം കാണാൻ കഴിയാതെ ആത്മഹത്യയ്ക്കൊരുങ്ങിയ ഒരാളാണ് ലിയോ ടോൾസ്റ്റോയ്. ഒരു തവണയല്ല, രണ്ടു തവണ അദ്ദേഹം തന്നെ കൊല്ലുവാൻ തുനിഞ്ഞു: ഒരു തവണ കെട്ടിത്തൂങ്ങി മരിക്കാനും രണ്ടാമത്തെ തവണ വെടിവച്ചു മരിക്കാനും. എന്നിട്ട് ഏതോ ഒരു 'അദൃശ്യ'ഹസ്തം തന്നെ തടഞ്ഞു കളഞ്ഞുവെന്ന് അദ്ദേഹം നമ്മോടു പറഞ്ഞു. അങ്ങനെ ആത്മഹത്യയിൽ നിന്നു രക്ഷനേടിയെങ്കിലും ടോൾസ്റ്റോയിയെ അലട്ടിക്കൊണ്ടിരുന്ന മഹാചോദ്യങ്ങളിൽ നിന്ന് അദ്ദേഹം രക്ഷപെട്ടില്ല." (പുറം:124). സമ്പത്തും എല്ലാ ജീവിത സൗകര്യങ്ങളും ആരോഗ്യവും ഉണ്ടായിട്ടും ടോൾസ്റ്റോയി ദുഃഖിതനായിരുന്നു. "അദ്ദേഹത്തിന്റെ ചേതനയിൽ ഒരു ശോകാഗ്നി സദാ കത്തിക്കൊണ്ടിരുന്നു" എന്നാണ് വക്കത്തിന്റെ ഭാഷ.

ആന്റൺ ചെഹോവിനെ കുറിച്ചുള്ള അഭിപ്രായ പ്രകടനം കാണുക. "ആന്റൺ ചെഹോവ് (അിീീ ഠലരവലസവീളള) സാഹിത്യത്തിലെ ഒരു കലാകാരനാണ്. അദ്ദേഹത്തിന്റെ കലയുടെ സഗീതാത്മക പ്രഭാവത്തെ കീഴടക്കാൻ നാം അശക്തരാണ്. അതാണ് ചെഹോവിന്റെ പ്രാധാന്യം. ഒരു പ്രായോഗിക മനുഷ്യനെന്ന നിലയിൽ ചെഹോവിനെ മനസ്സിലാക്കാനോ വിവരിക്കാനോ അപഗ്രഥിക്കുവാനോ നമുക്ക് സാധിക്കുന്നു. ഒരു കലാകാരനെന്ന നിലയിൽ അദ്ദേഹം എത്ര സമർത്ഥമായ, എത്ര സൂക്ഷ്മമായ വിവരണത്തിനും അപഗ്രഥനത്തിനും വഴങ്ങുന്നില്ല." പുറം: 171). വക്കം തുടരുന്നു: "ഒരു നാടകകൃത്തെന്ന നിലയിലും ചെറുകഥാകൃത്തെന്ന നിലയിലും ചെഹോവിനുള്ള പ്രാധാന്യം ദിക്കാല പരിഗണനകൾക്ക് അതീതമായിത്തന്നെ നില നിന്നു വരുന്നു" (അതേ പുറം). ഏറെ പുകഴ്ത്തപ്പെട്ട ചെഹോവിന്റെ പിഴവുകളിലേക്കും ലേഖനം വെളിച്ചം വീശുന്നുണ്ട്.

ശാസ്ത്രജ്ഞനും ചിന്തകനുമായ ജെ.ബി.എസ്.ഹാൽഡയിനെക്കുറിച്ചുള്ളതാണ് 'പ്രതിഭാശാലികളി'ലെ മറ്റൊരധ്യായം. ഹാൽഡയിൻ ഭൗതിക വാദിയാണെങ്കിലും സാധാരണ നാസ്തികരുടേതിൽ നിന്ന് വ്യത്യസ്തമായിരുന്നു അദ്ദേഹത്തിന്റെ ഭൗതിക വാദം എന്ന് ഗ്രന്ഥകാരൻ അഭിപ്രായപ്പെടുന്നു.

mappilaheritagelibrary.com

വിശ്വാസമല്ല സന്ദേഹമാണ് അഭികാമ്യം എന്നു വാദിച്ച ഹാൽഡയിൻ മത പരവും സദാചാരപരവുമായ അനുഭവങ്ങൾ യാഥാർത്ഥ്യമാണെന്ന് അംഗീ കരിക്കുന്നുമുണ്ട്. മതവും ശാസ്ത്രവും തമ്മിലുള്ള ബന്ധത്തെ ഹാൽഡ യിൻ വിശദീകരിക്കുന്നതിങ്ങനെയാണ്:

"മതം ഒരു ജീവിതമാർഗവും പ്രപഞ്ചത്തോടുള്ള ഒരു മനോഭാവവും ആകു ന്നു. യാഥാർത്ഥ്യത്തിന്റെ ആഭ്യന്തര പ്രകൃതിയുമായി അതു തന്നെ കൂടു തൽ അടുപ്പിക്കുന്നു. മതത്തിന്റെ പേരിൽ നൽകപ്പെട്ടിട്ടുള്ള പ്രസ്താവനക ളിൽ കൂടുതലും അസത്യമാകുന്നു. എന്നാൽ അവയുടെ ഉള്ളിൽ ചില സത്യ ങ്ങൾ ഇല്ലാതെയില്ല. ശാസ്ത്രവും ഒരു ജീവിതമാർഗമാണ്. പ്രപഞ്ചത്തോ ടുള്ള ഒരു മനോഭാവമാണ്. ശാസ്ത്രത്തിന്റെ പേരിൽ നൽകപ്പെട്ടിട്ടുള്ള പ്രസ്താവനകൾ കൂടുതലും ശരിയാണ്. ശാസ്ത്രം രൂപത്തെയല്ലാതെ ജീവി തത്തിന്റെ സ്വഭാവത്തെ വെളിപ്പെടുത്തുന്നില്ല. ബുദ്ധിമാനായ മനുഷ്യൻ തന്റെ ജീവിത കർമങ്ങളെ മതത്തിന്റെയും ശാസ്ത്രത്തിന്റെയും സിദ്ധാന്തങ്ങളാൽ വ്യവസ്ഥാപിതമാക്കുന്നു" (പ്രതിഭാശാലികൾ, പുറം;185)

മാർക്സിന്റെ ജീവിതവും ചിന്താപദ്ധതികളും വിശദീകരിക്കുന്ന അധ്യാ യമാണ് 'കാറൽ മാർക്സ്.' മുതലാളിത്തത്തിന്റെ അനേകം തിന്മകളെ ഹനി ക്കാൻ പര്യാപ്തമാണ് മാർക്സിസം എന്നംഗീകരിക്കുമ്പോൾ തന്നെ ചരി ത്രം, ജീവിത മൂല്യങ്ങൾ എന്നിവയെ സംബന്ധിച്ച മാർക്സിന്റെ സിദ്ധാന്ത ങ്ങൾ വിമർശന വിധേയമായിട്ടുണ്ടെന്ന് ഗ്രന്ഥകാരൻ ചൂണ്ടിക്കാണിക്കുന്നു.

ജീവശാസ്ത്രകാരനും ചിന്തകനുമായ ജൂലിയൻ ഹക്സലിയെ പരിചയ പ്പെടുത്തുന്ന ഉപന്യാസത്തിൽ ഇങ്ങനെ പറയുന്നു: "ഒരു ജീവശാസ്ത്രജ്ഞ നെന്ന നിലയിൽ അദ്ദേഹം ആ വിജ്ഞാനവകുപ്പിന്റെ വികാസത്തെ മൗലി കമായി പല വിധത്തിൽ സാധ്യമാക്കുകയും നൂതന ചിന്താപദ്ധതികൾക്കുള്ള പുതിയ മാർഗ്ഗങ്ങൾ തുറക്കുകയും ചെയ്തിട്ടുണ്ട്." (പുറം: 202). ഉറച്ച പരി ണാമവാദിയായിരുന്ന ജൂലിയൻ ഹക്സലി മതത്തെയും ഈശ്വര വിശ്വാസ ത്തെയും നിരാകരിച്ചു.

ഫ്രെഡറിക് നീഷേയെ മഹാനായി കണ്ടവരും നിന്ദ്യനായി കണ്ടവരുമു ണ്ട്. 'നീഷേയുടെ അപരിമിതമായ വ്യക്തിഗതത്വമാണ് ആധുനിക ലോക ത്തെ ചിന്തകൻമാരുടെ ഇടയിൽ വലിയ വാഗ്വാദങ്ങൾക്ക് കാരണമായിട്ടു ള്ളത്' എന്നത്രെ വക്കത്തിന്റെ നിഗമനം. (പുറം:224)

"പുതിയ തലമുറക്കാരായ വായനക്കാരിലും എഴുത്തുകാരിലും ഹെമി ങ്വേ പതിച്ചിട്ടുള്ള സ്വാധീനശക്തിയുടെ മുദ്ര എളുപ്പത്തിൽ മാഞ്ഞു പോകാ നിടയില്ല." എന്നാരംഭിക്കുന്നു ഏർണെസ്റ്റ് ഹെമിങ്വേയെ കുറിച്ചുള്ള ലേഖ നം. "സ്വാനുഭവങ്ങളെ സാർവലൗകിക സ്വഭാവത്തിൽ ആവിഷ്ക്കരിക്കുന്ന തിന് ഹെമിങ്വേയ്ക്കുള്ള സാമർത്ഥ്യം അദ്ദേഹത്തെ വിശ്വവിഖ്യാതന്മാരായ കഥാകൃത്തുക്കളുടെ കൂട്ടത്തിൽ കൂട്ടിച്ചേർത്തു. ഹെമിങ്വേയുടെ നിരീക്ഷ ണവും ചിന്തയും കേവലം വ്യക്തിപ്രധാനമോ തദ്ദേശീയമോ അല്ല; അവയ്ക്ക്

mappilaheritagelibrary.com

സാർവത്രികമായ ഒരു മൂല്യമാണുള്ളത്" (പുറം 223) എന്നാണ് വക്കത്തിന്റെ വിലയിരുത്തൽ.

നടേ പരാമർശിച്ച ജൂലിയൻ ഹക്സലിയുടെ പിതാമഹൻ തോമസ് ഹെൻറി ഹക്സലിയെ കുറിച്ചുള്ള അധ്യായത്തിൽ ഇങ്ങനെ പറയുന്നു: "ശാസ്ത്ര ലോകത്തും ചിന്താലോകത്തും ഇത്രത്തോളം ലോകവിഖ്യാതി നേടിയ പിൻഗാമികളുള്ള ലോക മഹാരഥൻമാർ കുറച്ചേയുള്ളു." പരിണാമവാദിയായ പ്രകൃതിശാസ്ത്രജ്ഞൻ എന്നതിലുപരി വ്യുല്പന്നമതിയായ ചിന്തകൻ, എഴുത്തുകാരൻ എന്നീ നിലകളിലും ടി.എച്ച്.ഹക്സലി ലോകശ്രദ്ധ ആകർഷിച്ചു. ഹക്സലി ഈശ്വരവിശ്വാസിയായിരുന്നു.

പ്രസിദ്ധ ജർമൻ സാഹിത്യകാരൻ തോമസ് മന്നാണ് പുസ്തകത്തിൽ നാം പരിചയപ്പെടുന്ന മറ്റൊരു പ്രതിഭാശാലി. "ഈ യുഗത്തിലെ ഒന്നാം കിട നോവലെഴുത്തുകാരുടെയും ചെറുകഥാകൃത്തുക്കളുടെയും ഗണനയിൽ പെടുന്ന ഒരാളാണദ്ദേഹം." "തത്വചിന്താപരമായ അഭിനിവേശങ്ങൾ കരുപ്പിടിച്ച സൃഷ്ടിപരമായ ഒരു എഴുത്തുകാരനെയും ഒരു പ്രായോഗിക ചിന്തകനെയും ഒരു കലാകാരനെയും ഒരു മനുഷ്യസമുദായ പ്രണയിയേയും തോമസ് മാനിൽ നാം ദർശിക്കുന്നു." "പല കുഴപ്പങ്ങളുടേയും ഇരുൾ കെട്ടിക്കിടക്കുന്ന ഇരുപതാം ശതകത്തിന് അതിശക്തമായ ധാർമിക പ്രവണതകളുടെ മങ്ങാത്ത മനോജ്ഞമായ കാന്തി പ്രസരത്തെ പ്രദാനം ചെയ്ത വമ്പിച്ച ഒരു ഉദ്ദീപന ശക്തിയാണ് തോമസ്മാൻ." ഇങ്ങനെ പോകുന്നു ഗ്രന്ഥകാരന്റെ നിരീക്ഷണങ്ങൾ. പതിനാലു നോവലുകളും അനേകം ചെറുകഥകളും തോമസ്മൻ എഴുതിയിട്ടുണ്ട്.

ഫ്രഞ്ച് സാഹിത്യപ്രതിഭ വിക്ടർ ഹ്യൂഗോയെ കുറിച്ച് വക്കം എഴുതുന്നു: "വിക്ടർ ഹ്യൂഗോവിന്റെ കാലം കഴിഞ്ഞുവെങ്കിലും അദ്ദേഹത്തിന്റെ കഥ കഴിഞ്ഞിട്ടില്ല. അതാണ് അദ്ദേഹത്തിനുള്ള പ്രാധാന്യം." വിക്ടർ ഹ്യൂഗോയുടെ കവിതാ ആഖ്യായികകൾ, നാടകങ്ങൾ, രാഷ്ട്രീയ പ്രവർത്തനം ഇവയെല്ലാം ലേഖനത്തിലെ പ്രതിപാദ്യ വിഷയങ്ങളാണ്. 'പാവങ്ങൾ' (ലാ മിരാബിലെ) ആണ് ഹ്യൂഗോയെ പ്രശസ്തനാക്കിയ കൃതി.

ഇറ്റാലിയൻ കഥാകൃത്തും നോവലിസ്റ്റും നാടകകാരനുമായ ലൂജി പിരാൻഡലോയെ കുറിച്ചാണ് പ്രതിഭാശാലികളിലെ മറ്റൊരു അധ്യായം. സ്ഥാനമാനങ്ങളോടും പ്രശസ്തിയോടും അവജ്ഞ പുലർത്തിയ ആളായിരുന്നു പിരാൻഡലോ. വികാര തീക്ഷ്ണനും വിഷാദമഗ്നനുമായ റിയലിസ്റ്റ് എന്നാണ് ഉപന്യാസത്തിൽ പിരാൻഡലോ വിശേഷിപ്പിക്കപ്പെടുന്നത്. "തന്റെ നോവലുകളിൽ ചിലതും ചെറുകഥകളിൽ പലതും നാടകങ്ങളിലധികവും അദ്ദേഹത്തിന്റെ ജീവിതാവലോകനപരമായ സന്തപ്താനുഭൂതികളുടെ വാഹനങ്ങളാണ്" (പുറം: 272).

"അമേരിക്കയിലുദിച്ച് ലോകത്തെങ്ങും ഉജ്വലിച്ച കവിയാണ് വാൾട്ട് വിറ്റ്മാൻ' എന്നാരംഭിക്കുന്ന ഉപന്യാസം വിറ്റ്മാന്റെ കാവ്യദർശനത്തിലേക്കു

mappilaheritagelibrary.com

തുറക്കുന്ന കിളിവാതിലത്രെ.

ഏതൽമാനിൻ എന്ന ഇംഗ്ലീഷ് എഴുത്തുകാരിയെ തികഞ്ഞ ആദരവോടെയാണ് വക്കം അബ്ദുൽ ഖാദർ പരിചയപ്പെടുത്തുന്നത്. വക്കം കുറിക്കുന്നു: "സുന്ദരമായ ഹൃദയവും സുന്ദരമായൊരു ബുദ്ധിയും അനുരഞ്ജിച്ചുണ്ടാകുന്ന ഒന്നാണ് അവരുടെ സുന്ദരമായ വ്യക്തിത്വം. വ്യക്തിയേയും സമുദായത്തേയും സ്പർശിക്കുന്ന ജീവിത പ്രശ്നങ്ങളെ അവർ ഗാഢമായി പഠിച്ച് അവയെപ്പറ്റി ഗാഢമായി ചിന്തിക്കുകയും ഭാവനകൊള്ളുകയും ചെയ്യുന്നു. ജീവിതത്തിന്റെ വശങ്ങളെയല്ല, ജീവിതത്തെ ഒന്നോടെ തന്നെ അവർ പരിശോധിക്കുന്നു. അതിന്റെ ഫലങ്ങളാണ് അവരുടെ മഹത്തായ സംഭാവനകൾ." (പുറം 286) കൺഫഷൻസ് ആന്റ് ഇംപ്രഷൻസ് ആണ് എതെൽ മാനിന്റെ ഏറ്റവും പ്രധാനപ്പെട്ട കൃതി.

ചൈനീസ് ചിന്തകനും സാഹിത്യകാരനുമായ ലിൻടാങ്ങിനെ പരിചയപ്പെടുത്തുന്നതിങ്ങനെ: "ലിൻടാങ് യുക്തിയുടെ അടിമയല്ല, എന്നാൽ യുക്തിയുടെ ഒരു കമിതാവാണ്. അതിനെക്കാൾ അദ്ദേഹം വികാരത്തിന്റേയും ഭാവനയുടെയും ആളാണ്. അദ്ദേഹത്തെ തികഞ്ഞ ഒരു ഹൃദയാലുവെന്ന് വിളിക്കുന്നതാണ് ഏറ്റവും അഭികാമ്യം. ലിൻടാങിന്റെ വ്യക്തിത്വത്തിനുള്ള മറ്റൊരു വിശേഷത അതിന്റെ രസികത്വമാണ്, ഫലിത രസമാണ്" (പുറം: 292).

'പ്രതിഭാശാലികളി'ലെ അവസാനത്തെ അധ്യായം സിഡ്നി വെബ്ബിനെയും പത്നി ബിയാട്രീസ് വെബ്ബിനെയും സംബന്ധിച്ചുള്ളതാണ്. "ഭാര്യാഭർത്താക്കൻമാർ എന്ന നിലയിൽ അവർക്കുണ്ടായിരുന്ന സമഞ്ജസമായ കൂട്ട്കെട്ട് വളരെ പ്രശസ്തമാണ്. അതിനെക്കാൾ പ്രശസ്തമാണ് ധിഷണാപരമായ വ്യാപാരങ്ങളിൽ അവർക്കുണ്ടായിരുന്ന പങ്കാളിത്തം." (പുറം:305). ചരിത്രകാരർ, ഫേബിയൻ സൊസൈറ്റിയുടെ നായകർ എന്നീ നിലകളിലാണ് ഇവരുടെ പ്രശസ്തി. സോഷ്യലിസത്തിനു വേണ്ടി ഇരുവരും ശക്തമായി വാദിച്ചു.

'തേജസ്വിക'ളും 'പ്രതിഭാശാലിക'ളും വക്കം അബ്ദുൽ ഖാദറിന്റെ ആഴവും പരപ്പുമുള്ള വായനയുടെ സാക്ഷ്യപത്രങ്ങളാണ്. ഏതെങ്കിലും ഒന്നോ രണ്ടോ വിഷയങ്ങളിൽ മാത്രം പരിമിതമായിരുന്നില്ല വക്കം അബ്ദുൽ ഖാദറിന്റെ മനോവ്യാപാര മേഖല എന്ന് ഈ പുസ്തകങ്ങളിലെ ഉപന്യാസങ്ങൾ വ്യക്തമാക്കുന്നു. ശാസ്ത്രം, സാഹിത്യം, ചരിത്രം, കല, രാഷ്ട്രതന്ത്രം, സാമൂഹികശാസ്ത്രം, മനഃശാസ്ത്രം, തത്വചിന്ത, ആധ്യാത്മികത എന്നീ മേഖലകളിലെല്ലാം തിളങ്ങി നിന്ന താരങ്ങളെയാണ് വക്കം അബ്ദുൽ ഖാദർ ഈ രണ്ടു കൃതികളിലുമായി കൈയടക്കത്തോടെ വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുന്നത്. താൻ പരിചയപ്പെടുത്തുന്നവരെ ശരിയായി മൂല്യനിർണയം ചെയ്യാനുള്ള അനുപമമായ ശേഷിയും ഈ കൃതികളിൽ തെളിഞ്ഞു കാണാം.

വക്കം അവതരിപ്പിക്കുന്ന ചരിത്ര പുരുഷൻമാരിൽ അദ്ദേഹത്തിന്റെ തൂലിക സവിശേഷം അടിവരയിടുന്ന ചില സ്വഭാവ വിശേഷങ്ങൾ സൂക്ഷ്മമായി

ശ്രദ്ധിച്ചാൽ മനസ്സിലാവും അവ ഏറിയോ കുറഞ്ഞോ വക്കത്തിന്റെ വ്യക്തിത്വത്തിന്റെ തന്നെ നിറച്ചാർത്തുകളാണ് എന്ന്! മറ്റൊരു രീതിയിൽ പറഞ്ഞാൽ വക്കം പരിചയപ്പെടുത്തുന്ന പല മഹാൻമാരുടെയും പല അംശങ്ങളും വക്കത്തിൽ മേളിക്കുന്നതായി കാണാം.

3
ഇഖ്ബാൽ

മഹാകവി ഡോ.അല്ലാമാ മുഹമ്മദ് ഇഖ്ബാലിന്റെ കാവ്യചിന്താലോക ത്തേക്കു പ്രവേശിക്കാൻ ഇന്നും മലയാളികൾക്കാശ്രയിക്കാവുന്ന ഏറ്റവും ഉത്തമ വഴികാട്ടിയാണ് വക്കം അബ്ദുൽ ഖാദറിന്റെ 'ഇഖ്ബാൽ' എന്ന 190 പുറങ്ങളുള്ള പുസ്തകം. 1921 ൽ പുനലൂരിലെ ക്രെസന്റ് പബ്ളിക്കേഷൻസ് ആണ് ഈ സൽകൃതിയുടെ പ്രസാധകർ. മുക്കാൽ നൂറ്റാണ്ട് പിന്നിട്ടിട്ടും ഈ കൃതിയെ വെല്ലുന്ന ഒരു ഗ്രന്ഥം ഇക്ബാലിനെ കുറിച്ചു മലയാളത്തിൽ ഉണ്ടായിട്ടില്ല എന്നത് അഭിമാനകരമാണെന്നു പറഞ്ഞു കൂടാ. വക്കം അബ്ദുൽഖാദറിനെപ്പോലെ ബഹുവിജ്ഞാന തല്പരനായ ഒരാൾക്കല്ലാതെ ആർക്കാണ് ഇഖ്ബാലിനെപ്പോലുള്ള പ്രതിഭയെ അടുത്തറിയാനാവുക? ഇഖ്ബാലിനെ മനസ്സിലാക്കാൻ ഇഖ്ബാലിനെ മാത്രം അറിഞ്ഞാൽ പോരാ എന്ന് വക്കം അബ്ദുൽ ഖാദർ തന്റെ പുസ്തകത്തിന്റെ ആമുഖത്തിൽ പറയുന്നത് എത്ര വലിയ ശരി! പൗരസ്ത്യവും പാശ്ചാത്യവുമായ വിവിധ ചിന്താപ്രസ്ഥാനങ്ങളെയും അവയെ നയിച്ചിട്ടുള്ള മഹത്ശക്തികളെയും അറി യാതെ ഇഖ്ബാലിനെ അറിയാനാവില്ല. റൂമി, ഇബ്നു അറബി, ഗസ്സാലി, കാന്റ്, നീഷേ, ബർഗ്സൺ, മാക്ടഗാർട്ട്, ഹെഗൽ മുതലായവർ ആണ് അവ രിലെ പ്രധാനികൾ. "ജീവിതത്തെ സംബന്ധിച്ച പൗരസ്ത്യ പാശ്ചാത്യ വിചി ന്തനങ്ങളെ അധികരിച്ച് പൊതുവിലും മേൽപറയപ്പെട്ട മഹാമതികളെ പറ്റി പ്രത്യേകിച്ചും അധ്യയനം നടത്താതെ ഇഖ്ബാലിന്റെ വ്യക്തിത്വത്തെ അന്യൂ നമായി ആവിഷ്കരിക്കുക സാധ്യമല്ല" എന്ന് വക്കം അബ്ദുൽഖാദർ ഉൾക്കാഴ്ചയോടെ നിരീക്ഷിക്കുന്നു. ഇഖ്ബാലിനെ കുറിച്ച് എഴുതാൻ ഗ്രന്ഥ കാരൻ സർവഥാ യോഗ്യനാണെന്ന് നമുക്ക് ഇതിൽ നിന്നു മനസ്സിലാക്കാം. ഇഖ്ബാലിന്റെ സമകാലികരും പൂർവികരുമായ മഹാകവികളെയും തത്വ

ചിന്തകരെയും ശാസ്ത്ര പ്രതിഭകളെയും സാമൂഹിക-രാഷ്ട്രീയ ചിന്തകരെയും ചരിത്രകാരൻമാരെയും സമ്യക്കായി പഠിച്ച വ്യക്തി എന്ന നിലയിലാണ് ഗ്രന്ഥകാരൻ അതിനർഹത നേടുന്നത്.

കലയെക്കുറിച്ചു റൊമാങ് റൊളായ് നടത്തിയ നിരീക്ഷണം, യുഗസ്രഷ്ടാവിനെ കുറിച്ചുള്ള സി.ഡി.ബ്രോഡിന്റെയും ജർമൻ കവി ഷില്ലെറുടെയും ബർണാർഡ്ഷായുടെയും പ്രസ്താവനകൾ ഇവ ഉദ്ധരിച്ചാണ് ഇഖ്ബാലിലേക്ക് ഗ്രന്ഥകാരൻ മാർഗം തുറക്കുന്നത്. ചുരുക്കം ചിലരുടെ മാത്രം ശ്രദ്ധയിൽ പതിയുന്ന അത്യുജ്ജ്വല പ്രഭയുള്ള ധൂമകേതുവോ പ്രഭാതോദയമോ ആയി ധിഷണാശാലികൾ യുഗപ്രഭാവൻമാരെ വിലയിരുത്തുന്നു. പ്രതിഭകൾ ഏകാകികളാണ്. ആൾത്തിരക്കിലും അവർ ഒറ്റപ്പെട്ടവരായിരിക്കും. വീരാത്മാക്കൾ, കാർലൈൽ ചൂണ്ടിക്കാണിച്ചതു പോലെ, ചരിത്രത്തിന്റെ ഗതിയെ നിയന്ത്രിക്കുന്നു. സമുദായങ്ങളും രാഷ്ട്രങ്ങളും അതു തിരിച്ചറിയുന്നില്ലെങ്കിൽ പോലും. ആത്മീയതയെയും ഭൗതികതയെയും ശരിയായി സമന്വയിപ്പിക്കുന്നവരാണ് ലോകത്തിന്റെ യഥാർത്ഥ നായകർ. ഇഖ്ബാലിനെ ഇങ്ങനെയുള്ള ഒരു വീരാത്മാവും പ്രതിഭാശാലിയുമായാണ് വക്കം അബ്ദുൽ ഖാദർ പരിചയപ്പെടുത്തുന്നത്. "യൂറോപ്പിന്റെ ദീപ്രമായ ധിഷണയും പൗരസ്ത്യ രാജ്യത്തിന്റെ ദീപ്രമായ ഹൃദയവും ഇഖ്ബാലിന്റെ ജീനിയസിനെ ഗാഢമായി ചുംബിച്ചു." (പുറം:9) വക്കം.

ഒരു കവി മാത്രമായിരുന്നില്ല ഇഖ്ബാൽ. അദ്ദേഹം തത്വജ്ഞാനിയും ചിന്തകനും ആത്മവാദിയും സമുദായ പരിഷ്ക്കർത്താവുമായിരുന്നു. ഈ നിലകളിലെല്ലാം ഇഖ്ബാലിന് ഇന്ത്യയ്ക്ക് പുറത്തും അകത്തും ലഭിച്ച അംഗീകാരവും ബഹുമതിയുമാണ്, "ഇഖ്ബാലിന്റെ പദവിയും പ്രശസ്തി" യും എന്ന രണ്ടാം അധ്യായത്തിൽ ഗ്രന്ഥകാരൻ പ്രതിപാദിക്കുന്നത്. 'അസ്റാറെ ഖുദി'ക്ക് നിക്കൾസൻ തയാറാക്കിയ ഇംഗ്ലീഷ് പരിഭാഷയും 'പയാമെ മശ്രിഖി' നെ അധികരിച്ചു പ്രസിദ്ധപ്പെടുത്തിയ പഠനവും ഇഖ്ബാലിനെ യൂറോപ്പിനു സുപരിചിതനാക്കി. തുടർന്ന് ജർമൻ, ഫ്രാൻസ്, റഷ്യൻ, ഇറ്റാലിയൻ ഭാഷകളിൽ ഇഖ്ബാൽ പഠനങ്ങൾ സജീവമായി. ഹെർബർട്ട് റീഡിനെപ്പോലുള്ള പ്രശസ്തർ ഇഖ്ബാലിനെ കുറിച്ചെഴുതി. വിഖ്യാത ഫ്രഞ്ച് ചിന്തകൻ ബെർഗ്സൺ ഇഖ്ബാലുമായി സൗഹൃദം സ്ഥാപിച്ചു. പ്രശസ്ത യൂറോപ്യൻ ചിന്തകനായ മാക്ടഗാർട്ടും ഇഖ്ബാലും തമ്മിൽ നിരന്തരം കത്തുകളിലൂടെ ആശയവിനിമയം നടത്തി. തുർക്കിയിലും അഫ്ഗാനിസ്ഥാനിലും പ്രശസ്തരുൾപ്പെടുന്ന വമ്പിച്ച ആസ്വാദകവൃന്ദം ഇഖ്ബാലിനുണ്ടായിരുന്നു. മുസ്ലിം ലോകത്തിന്റെ സമുദ്ധാരണത്തിനു വേണ്ടി കൂടുതലായി പ്രയത്നിച്ചു എന്നത് ഇഖ്ബാലിനെ ഒരു മുസ്ലിം കവിയായി പരിമിതപ്പെടുത്തി വേർതിരിച്ചു നിർത്താവതല്ലെന്ന് പ്രമുഖർ അഭിപ്രായപ്പെട്ടത് വക്കം ഉദ്ധരിക്കുന്നു. കാളിദാസനെ ഹിന്ദുകവിയോ മിൽട്ടനെ ക്രിസ്ത്യൻ കവിയോ ആയി ആരും കാണുന്നില്ല.

ഇഖ്ബാലിന്റെ ഗദ്യ-പദ്യ കൃതികളെ ഹ്രസ്വമായി പരിചയപ്പെടുത്തുകയാണ് ''ഇഖ്ബാൽ കൃതികൾ- അവയുടെ സ്വഭാവം'' എന്ന മൂന്നാം അധ്യായം. ങലമേുവ്യശേരെ ശി ജലൃശെമ, ഞലരീിൗേരശേീി ീള ഞലഹശഴശീൗേ ഠവീൗഴവരേ ശി കഹെമാ എന്നിവയാണ് ഇഖ്ബാൽ ഇംഗ്ലീഷിലെഴുതിയ ഗദ്യകൃതികൾ.

ഉറുദു ഖണ്ഡകാവ്യങ്ങളുടെ സമാഹാരമായ "ബാങ്കെദറാ" (മണിയുടെ വിളി), തത്വചിന്താപരമായ ഉള്ളടക്കമുള്ള പേർഷ്യൻ കാവ്യകൃതിയായ "പയാമെ മശ്രിക്" (പൗരസ്ത്യ സന്ദേശം), "ഗാനമാധുരിയിലും അർത്ഥ ഗാംഭീര്യത്തിലും ആദർശോന്നതിയിലും ഇഖ്ബാലിനു ലോക മഹാകവികളുടെ ഗണനയിൽ ആദരണീയമായ ഒരു പദവി" നേടിക്കൊടുത്ത പ്രഥമ പേർഷ്യൻ കാവ്യം "അസ്റാറെ ഖുദി" (ആത്മരഹസ്യങ്ങൾ) മറ്റൊരു പേർഷ്യൻ കൃതിയായ 'റുമുസേ ബേഖുദി" (ആത്മാവില്ലായ്മയുടെ നിഗൂഢതകൾ), ഉൽബോധനപ്രധാനമായ പ്രശസ്ത പേർഷ്യൻ കൃതി "സബുരെ അജം" (പേർഷ്യൻ സ്തോത്രങ്ങൾ), റൂമിയുടെ ആത്മാവിനാൽ നീതനായി ഇഖ്ബാൽ നവഗ്രഹങ്ങൾ കടന്ന് സ്വർഗത്തിലെത്തി മഹാപുരുഷൻമാരുമായി സന്ധിക്കുന്നതും അവരുമായി നടത്തുന്ന സംസാരങ്ങളും മനോഹരമായി ഗാനം ചെയ്യുന്ന "ജാവീദ് നാമ" (അനശ്വരതയുടെ പുസ്തകം), ഉറുദുവിൽ രചിച്ച പല വക ഖണ്ഡകവനങ്ങളുടെ സമാഹാരമായ "ബാലെ ജിബ്രീൽ" (ജിബ്രീലിന്റെ ചിറക്), പാശ്ചാത്യ-പൗരസ്ത്യ ആദർശങ്ങളെ താരതമ്യം ചെയ്യുന്ന കവിതകളടങ്ങിയ "സർബെ കലീം" (മുസാനബിയുടെ വടി) പൗരസ്ത്യരെ അഭിസംബോധന ചെയ്ത് എഴുതിയ "ഇനി എന്തു ചെയ്വാൻ?" "സഞ്ചാരി", മുമ്പ് ... ജനതയെ ഉത്തേജിപ്പിക്കുന്നതിനു വേണ്ടി രചിച്ച മികച്ച കാവ്യങ്ങളുടെ സമാഹാരമായ "അറുമുഗാനെ ഹിജാസ്" (ഹിജാസിന്റെ സമ്മാനം) ഇത്രയുമാണ് ഇഖ്ബാലിന്റെ കൃതികൾ.

ഇഖ്ബാലിൽ മുന്നിട്ടു നിൽക്കുന്നത് കവിയോ തത്വചിന്തകനോ? ഈ ചോദ്യത്തിനുള്ള ഉത്തരം തേടുകയാണ് 'ഇഖ്ബാലും കാവ്യവും കവികളും' എന്ന മൂന്നാം അധ്യായത്തിൽ ഗ്രന്ഥകാരൻ. ഇഖ്ബാൽ പാടുമ്പോൾ 'കവിതയും തത്വചിന്തയും 'പരസ്പരം പരിണയിക്കുന്നു, പ്രണയിക്കുന്നു, ഒന്നിച്ചു ഗമിക്കുന്നു" എന്നെഴുതുന്ന വക്കം ഇഖ്ബാൽ പ്രാഥമികമായി കവി തന്നെയാണെന്ന വാദക്കാരനാണ്. കാവ്യകലയെ കുറിച്ചു ആംഗ്ലേയ കവികളും വിമർശകരും നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ മുമ്പിൽ വച്ചു കൊണ്ടാണ് ഇഖ്ബാലിന്റെ കാവ്യകലയുടെ സൗന്ദര്യം വക്കം അബ്ദുൽ ഖാദർ ഈ അധ്യായത്തിൽ ആവിഷ്ക്കരിക്കുന്നത്. ഡാന്റെ, ഗഥേ, റൂമി, സന്തയന, ഉമർഖയ്യാം, ടാഗോർ എന്നിവരുടെ ശ്രേണിയിൽ നിവർന്നു നിൽക്കുന്ന കവിയായി വക്കം ഇഖ്ബാലിനെ കാണുന്നു. ചില കാര്യങ്ങളിൽ ഇവർക്കെല്ലാം മീതെയാണ് ഇഖ്ബാലിന്റെ സ്ഥാനം. വക്കത്തിന്റെ വാക്കുകളിൽ, "നമ്മുടെ സൗന്ദര്യ തത്ത്വാവബോധത്തിന്റെ അനന്തമായ ചക്രവാളത്തിൽ വന്നലയ്ക്കുന്ന

mappilaheritagelibrary.com

ആത്മദർശനത്തിന്റെ അപ്രതിഹതമായ മോഹനഗാനമാണ് ഇഖ്ബാൽ കവിത." (പുറം:45). കല കലയ്ക്കു വേണ്ടി എന്നുവാദിച്ച ആനന്ദവാദികളെ ഇഖ്ബാൽ അവിശ്വസിച്ചു. വ്യക്തിയുടെയും സമുദായത്തിന്റെയും ആത്മ വികാസമാണ് ഇഖ്ബാൽ കാവ്യകലയുടെ ലക്ഷ്യമായി കണ്ടത്.

ഇഖ്ബാലിന്റെ മിസ്റ്റിസിസത്തെ സംബന്ധിച്ചു വളരെ ശ്രദ്ധേയമായ നിരീക്ഷണങ്ങളാണ് 'ഇഖ്ബാലും മിസ്റ്റിസിസവും' എന്ന അധ്യായത്തിൽ വക്കം അബ്ദുൽ ഖാദർ അവതരിപ്പിക്കുന്നത്. മിസ്റ്റിസിസത്തെ അനുഭവയാഥാർത്ഥ്യമായി ആധുനിക വിജ്ഞാനീയം സാക്ഷ്യപ്പെടുത്തുന്നു. 'ജീവിത സമരത്തിനു അനുപേക്ഷണീയമായ ആത്മവികാസത്തെ സഹായിക്കുന്ന മിസ്റ്റിസിസ"മാണ് ഇഖ്ബാലിന്റേത്. ഫരീദുദ്ദീൻ അത്താറോ ഹാഫിസോ റൂമി പോലുമോ അല്ല ഇഖ്ബാലിന്റെ മാതൃക. എന്നാൽ എല്ലാ മിസ്റ്റിക്കുകളെയും പോലെ ബുദ്ധിയേക്കാൾ വികാരത്തിന് ഇഖ്ബാലും പ്രാമുഖ്യം കല്പിക്കുന്നു. ഇഖ്ബാൽ ആത്മീയതയേയും ഭൗതികതയേയും പരമാവധി സംയോജിപ്പിക്കുന്നു.

മിസ്റ്റിക്കാണെങ്കിലും ഇഖ്ബാൽ പഴമക്കാരനല്ല എന്നു സമർത്ഥിക്കുകയാണ് 'ഇഖ്ബാലും ആധുനികത്വവും പുരോഗതിയും' എന്ന അധ്യായത്തിൽ. ആധുനിക രാഷ്ട്രീയ പ്രസ്ഥാനങ്ങളെ ഇഖ്ബാൽ സൂക്ഷ്മമായി വിലയിരുത്തുന്നുണ്ട്. "ആത്മാവിനെ പുറം തള്ളുന്ന തരത്തിലുള്ള പ്രപഞ്ച സംവിധാനപരമായ സിദ്ധാന്തങ്ങളിൽ അധിഷ്ഠിതമായ വീക്ഷണങ്ങൾക്ക് അനുയുക്തമായിട്ടുള്ള ജനാധിപത്യ സിദ്ധാന്തങ്ങളെയും സോഷ്യലിസത്തെയും ഇഖ്ബാൽ ഊക്കേറിയ കൊടുങ്കാറ്റിനെപ്പോലെ ആക്രമിക്കുന്നു." (പുറം:82) എന്ന് ഗ്രന്ഥകാരൻ. ഇഖ്ബാലിന്റെ കാഴ്ചയിൽ കമ്യൂണിസവും ഇംപീരിയലിസവും വിരുദ്ധ സിദ്ധാന്തങ്ങളല്ല. സോഷ്യലിസത്തെയും ഡെമോക്രസിയെയും എതിർത്തതിൽ നിന്ന് ഇഖ്ബാൽ മർദ്ദിതരുടെ പക്ഷത്തായി എന്ന് നിരൂപിക്കരുത്. 'ഇഖ്ബാലും മർദ്ദിത ലോകവും' എന്നൊരു ശീർഷകം തന്നെ പുസ്തകത്തിലുണ്ട്. "ചിന്തയിലും വികാരത്തിലും മനോഭാവത്തിലും ഇഖ്ബാൽ ഒന്നാന്തരം വിപ്ലവകാരിയാണ്. വിപ്ലവത്തിന്റെ ഹൃദയം പൊളിക്കുന്ന അഗ്നിജ്വാലകളാണ് അദ്ദേഹത്തിന്റെ കവിതകൾ" (പുറം: 84) വക്കം എഴുതുന്നു.

"പോവുക, എന്റെ പ്രപഞ്ചത്തിലുള്ള പാവങ്ങളെയും ദരിദ്രരെയും പോയി വിളിച്ചുണർത്തുക. വിത്താധീശൻമാരുടെ മന്ദിരങ്ങളുടെ ചുമരുകൾ തട്ടിത്തകർക്കുക. ജനാധിപത്യത്തിന്റെ കാലം ആസന്നമാവുന്നു. പൂർവികത്വത്തിന്റെ അവശിഷ്ട സമ്പത്തുകളെയെല്ലാം നശിപ്പിക്കുക" എന്ന ഇഖ്ബാലിന്റെ കാവ്യശകലം ഗ്രന്ഥകാരൻ ഉദ്ധരിക്കുന്നു. ദേശീയതയെയും സാർവദേശീയതയെയും സംബന്ധിച്ച ഇഖ്ബാലിന്റെ നിലപാടും പ്രത്യേകം പ്രതിപാദിച്ചിട്ടുണ്ട്.

'രോഗാതുരമായ കാലഹൃദയത്തിന് ഔഷധമായി' മഹാകവി സ്നേഹം

mappilaheritagelibrary.com

വിധിക്കുന്നു. ലോകത്തിലെ ഏറ്റവും ഉന്നതരായ സ്നേഹഗായകരിൽ ഒരാളായി ഇഖ്ബാലിനെ ഗ്രന്ഥകാരൻ കാണുന്നു.

"നക്ഷത്രങ്ങൾ പഴയവ, ആകാശം പഴയത്
എനിക്കു വേണ്ടത് ഒരു പുതിയ ലോകമാണ്."

എന്ന ഇഖ്ബാലിന്റെ വരികൾ ഉദ്ധരിച്ച് അദ്ദേഹം സ്വപ്നം കണ്ട നവലോകത്തെ വക്കം പരിചയപ്പെടുത്തുന്നു. ഷാപ്പെൻ ഹവെറെയോ ഹൗസ്മാനെയോ പോലെ ഇഖ്ബാൽ ഹതാശനല്ല. വിശ്വാസവും സഹജാവബോധവുമാണ് ഇഖ്ബാലിന്റെ തത്വചിന്തയുടെ മൗലികമായ അധിഷ്ഠാനം. സത്യം ഗ്രഹിക്കാൻ യുക്തി അപര്യാപ്തമാണ്. മതത്തിന്റെ അടിസ്ഥാനത്തിൽ നിന്ന് അദ്ദേഹം അശേഷം വ്യതിചലിക്കുന്നില്ല.

ഇഖ്ബാൽ നീഷേയെ നിരാകരിച്ചതിനേക്കാൾ കൂടുതൽ സ്വീകരിക്കുകയാണ് ചെയ്തതെന്നു വക്കം അബ്ദുൽ ഖാദർ അഭിപ്രായപ്പെടുന്നു. അതേ സമയം ഇരുവരും വ്യത്യസ്ത ആശയ ലോകങ്ങളിലായിരുന്നുവെന്നു സമർത്ഥിക്കുകയും ചെയ്യുന്നു. നീഷേയുടെ അതിമാനുഷനെ (ടൗല്യാമി) യും ഇഖ്ബാലിന്റെ പൂർണമനുഷ്യനെ (മർദെകാമിൽ) യും വക്കം പ്രത്യേക അധ്യായത്തിൽ താരതമ്യ വിശകലനം ചെയ്യുന്നുണ്ട്. റൂമിയായിരുന്നു ഇഖ്ബാലിന്റെ മഹത്തായ പ്രേരക ശക്തികളിലൊന്ന്. റൂമിയെ അദ്ദേഹം തന്റെ ആത്മീയ ഗുരുവായി കണക്കാക്കി. ഇഖ്ബാൽ ചിന്തയുടെ മൂലാധാരമായ 'ഖുദി'യെ കുറിച്ചു പുസ്തകത്തിൽ വിശദമായ ചർച്ചയുണ്ട്. 'ഖുദി'ക്ക് തത്തുല്യമായ ഒരു പദം മലയാളത്തിൽ നിർദ്ദേശിക്കാനില്ലെന്നാണ് ഗ്രന്ഥകാരന്റെ പക്ഷം. 'ആത്മാവ്,' 'അഹന്ത' (ഈഴീ) എന്നൊന്നും പറഞ്ഞാൽ അർത്ഥം പൂർണമാവുകയില്ല. "ആത്മപ്രഭാവ പ്രകീർത്തനത്തിൽ ഇഖ്ബാൽ ധിഷണാനുസാരിയായ ഒരു തത്വചിന്തകനെപ്പോലെയല്ല, അപഗ്രഥനാതീതമായ കാവ്യാനുഭൂതികളാൽ ആനീതനായ ഒരു സ്നേഹഗായകനെപ്പോലെയാണ് പ്രവർത്തിക്കുന്നത്." (പുറം:140)

വ്യക്തിയെപ്പോലെ സമൂഹവും ഇഖ്ബാലിനു പ്രധാനമാണ്. പൂർണ വ്യക്തിയെപ്പോലെ മാതൃകാ സമുദായത്തെക്കുറിച്ചും അദ്ദേഹം പാടുന്നു. ഇസ്ലാമിന്റെ പ്രഭാവ കാലത്തേക്ക് മടങ്ങാൻ മുസ്ലിംകളെ അദ്ദേഹം ആഹ്വാനം ചെയ്യുന്നു.

മദ്രാസ്, ഹൈദരാബാദ്, അലിഗർ എന്നിവിടങ്ങളിൽ ഇഖ്ബാൽ ചെയ്ത വിഖ്യാതമായ പ്രസംഗങ്ങളും പുസ്തകത്തിൽ പരിചയപ്പെടുത്തുന്നു. ഗഹനങ്ങളാണ് ഇഖ്ബാലിന്റെ പ്രഭാഷണ വിഷയങ്ങൾ. "മതവും പരിവർത്തനവും" എന്ന ഒടുവിലത്തെ അധ്യായത്തിൽ മതത്തെയും പരിവർത്തനത്തെയും സംബന്ധിച്ച ഇഖ്ബാലിന്റെ ആശയങ്ങൾ ചുരുക്കി വിവരിക്കുന്നു. പുരോഹിതമതത്തിനും നിശ്ചലാവസ്ഥയ്ക്കും എതിരായിരുന്നു ഇഖ്ബാൽ. ചെറിയൊരു ജീവചരിത്രക്കുറിപ്പോടെ പുസ്തകം സമാപിക്കുന്നു.

ഇഖ്ബാൽ വിവർത്തനങ്ങൾ

അല്ലാമാ ഇക്ബാലിന്റെ ചില കാവ്യങ്ങൾ വക്കം അബ്ദുൽ ഖാദർ മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്യുകയുണ്ടായി. 1112 മേടം മാസത്തിൽ ഇറങ്ങിയ ഷിക്വ, ജവാബെ ഷിക്വ പരിഭാഷയാണ് അതിലൊന്ന്. രണ്ടാം പതിപ്പിന്റെ മുഖവുരയിൽ ഒന്നാം പതിപ്പിന്റെ ദുർബലതകളെ കുറിച്ചും പത്തു വർഷമായിട്ടും ഒരാൾ പോലും അതു ചൂണ്ടിക്കാണിക്കുകയുണ്ടായില്ല എന്ന രസകരമായ വസ്തുതയും വക്കം എടുത്തു പറയുന്നു:

"ഇഖ്ബാലിന്റെ 'ഷിക്വ' (ആവലാതി) ജവാബെ ഷിക്വ (ആവലാതിക്കു മറുപടി) എന്നീ ഉർദു കാവ്യങ്ങൾ ഞാൻ തർജ്ജമ ചെയ്തു. 'ആത്മനിവേദനങ്ങൾ' എന്ന പേരിൽ പ്രസാധനം ചെയ്തിട്ട് ഇപ്പോൾ പത്തു കൊല്ലം കഴിഞ്ഞു. ആ തർജമയിലെ പത്തു വരികൾ മാത്രമേ മാറ്റം കൂടാതെ ഈ പതിപ്പിൽ ചേർത്തിട്ടുള്ളു.

"തർജമയിൽ എന്നെ സഹായിച്ച മാന്യന്റെ സാഹിത്യ കലാപരമായ പരിമിതികളും ഉർദു ഭാഷാഭിജ്ഞാനത്തെ സംബന്ധിച്ചിടത്തോളം അന്നു എനിക്കുണ്ടായിരുന്നു പരിതാപകരമായ ശേഷിക്കുറവും 'ആത്മനിവേദന'ങ്ങളെ അധിക്ഷേപാർഹമാംവണ്ണം വഴിതെറ്റിച്ചിട്ടുണ്ടെന്ന് ഇയ്യിടെയാണ് ഞാൻ മനസ്സിലാക്കിയത്. ആദ്യത്തെ തർജ്ജമ കൊണ്ടു ഞാൻ ചെയ്തുപോയിട്ടുള്ള തെറ്റുകളെയും കുറ്റങ്ങളെയും ചൂണ്ടിക്കാണിക്കുവാൻ ഈ പത്തു കൊല്ലത്തിനുള്ളിൽ ഒരു വ്യക്തി പോലും ഒരുമ്പെട്ടിട്ടില്ലെന്നുള്ള വസ്തുത എനിക്കു കൂടുതൽ ദയനീയമായി തോന്നി" (പുറം1) (രണ്ടാം പതിപ്പ്, പ്രസാധകൻ എം.ജമീൽ, ദ ക്രസന്റ് പബ്ലിക്കേഷൻസ്, പുനലൂർ, അച്ചടി വി.പി.പ്രസ്സ്, കൊല്ലം 1122).

ഇഖ്ബാലിന്റെ ഒരു കൃതി ആദ്യമായി മലയാളത്തിൽ ഇറങ്ങിയിട്ട് കേരളത്തിലെ മുസ്ലിംകൾ അതെന്താണെന്ന് അറിയാൻ ആഗ്രഹിച്ചില്ല എന്ന നിരാശ ഗ്രന്ഥകാരൻ വായനക്കാരുമായി പങ്കുവെക്കുന്നു. ഇഖ്ബാലിൽ നിന്നു നേരിട്ട് അനുമതി വാങ്ങിയാണ് വക്കം അബ്ദുൽഖാദർ പരിഭാഷ നിർവഹിച്ചത്. മുസ്ലിംകളുടെ ദയനീയ സ്ഥിതിയെ അധികരിച്ചുള്ള തീവ്രമായ വിചാരങ്ങളാണ് 'ഷിക്വ'. 'ജവാബെ ഷിക്വ' അതിനുള്ള മറുപടിയും.

ഇഖ്ബാലിന്റെ ആവലാതിയുടെയും വക്കത്തിന്റെ പരിഭാഷയുടെയും മാതൃക താഴെ കൊടുക്കുന്ന വരികളിൽ നിന്നു ലഭിക്കും.

"ശ്രദ്ധ നിനക്കില്ല തെല്ലും-നിന്റെ
തൗഹീദിൻ കാര്യത്തിലിപ്പോൾ?
നിന്നെ മറക്കുമവിശ്വാ-സികൾ
സമ്പത്തിലാറാടുന്നു.
നിന്നെ സ്മരിക്കുന്ന ഞങ്ങൾ- കഷ്ടം
താഴത്തു വീണു കിടപ്പൂ.
എങ്ങു പോയ് ഞങ്ങളിൽ മുൻപു-പാരം
തൂങ്ങിയ കാരുണ്യ പൂരം?"

mappilaheritagelibrary.com

ദൈവത്തോടുള്ള ഈ ആവലാതിക്ക് ദൈവം നൽകുന്ന മറുപടിയായി സങ്കല്പിച്ചെഴുതിയതാണ് ജവാബെ ഷിക്വ. അതിന്റെ വിവർത്തനത്തിൽ നിന്ന്:

"ആലസ്യത്തെ മാത്രം നിങ്ങൾ പ്രേമിക്കുന്നു, മുസൽമാൻമാ
രെന്ന പേരു നിങ്ങൾക്കനുയുക്തമല്ലൊട്ടും
അലിയുടെ നിർധനത്വമില്ല യുസ്മാൻ തന്റെ ധനി-
കത്വമില്ല; നിങ്ങൾക്കെന്തു ബന്ധമവരിൽ?
ക്രോധത്തിന്റെ കണ്ണുരുട്ടി നോക്കീടുന്നു നിങ്ങൾ തമ്മിൽ
കാരുണ്യത്തിൻ കൺതുറന്നു നോക്കിപ്പോയവർ
നേടീടുവിൻ പൂർവികർ തൻ ചേതസ്സുകൾ നിങ്ങൾക്കവർ
കൈവരിച്ച ബഹുമതിയാർജ്ജിച്ചീടുവിൻ."

അല്ലാമാ ഇഖ്ബാലിന്റെ പുകൾപെറ്റ കാവ്യകൃതിയായ 'അസ്റാറേ ഖുദി'ക്ക് വക്കം തയാറാക്കിയ പരിഭാഷ കൊല്ലവർഷം 1117 ൽ കൊച്ചിയിലെ 'ഇഖ്ബാൽ മെമ്മോറിയൽ ലൈബ്രറി & റീഡിംഗ് റൂം ആണ് പ്രസിദ്ധപ്പെടുത്തിയത്. 85 പുറങ്ങളുള്ള പുസ്തകത്തിന്റെ അന്നത്തെ വില 1 ക. 8 ണ. വിശ്രുതകവി ജി. ശങ്കരക്കുറപ്പാണ് പുസ്തകത്തിന് അവതാരിക എഴുതിയിരിക്കുന്നത്. ഇഖ്ബാലിന്റെ കാവ്യപ്രപഞ്ചത്തിലേക്ക് തുറന്നുവെച്ച കിളിവാതിലാണ് പ്രസ്തുത അവതാരിക എന്നത് സവിശേഷം എടുത്തു പറയേണ്ടിയിരിക്കുന്നു.

"ഞാനനാഗതമായ കാലത്തിൻ കവിയുടെ
ഗാനമാം; ചെവിയെനിക്കേകേണ്ട ഭവൽക്കാലം"

എന്ന ഇഖ്ബാലിന്റെ വരികളുദ്ധരിച്ചാണ് ജി അവതാരിക ആരംഭിക്കുന്നത്. "നവീന ഭാരതത്തിന്റെ ഹൃദയ ചക്രവാളത്തിൽ ഉദിച്ച്, വിശ്വസാഹിത്യത്തിന്റെ വിശാല വക്ഷസ്സിലേക്ക് ഉയർന്ന ഒരു ഉജ്ജ്വല ജ്യോതിസ്സാണ്, മുഹമ്മദ് ഇഖ്ബാൽ" എന്ന് ജി. തുടർന്നെഴുതുന്നു. ഇഖ്ബാലിന്റെ കലാസൗന്ദര്യ സങ്കല്പത്തെയും ദാർശനിക നിലപാടുകളെയും ജി അവതാരികയിൽ അനാവരണം ചെയ്യുന്നുണ്ട്. ഇഖ്ബാൽ കവിതകളിൽ 'സർവോത്തമ'മായി ജി. കാണുന്നത് 'അസ്റാറേ ഖുദി' (ആത്മരഹസ്യം) യെയാണ്. "അന്യകൃതികളെല്ലാം ഏതൽഗ്രന്ഥത്തിലെ മൗലികാശയത്തിന്റെ പല്ലവനങ്ങൾ മാത്രമാണ്," ജി. യുടെ ദൃഷ്ടിയിൽ. 'പരതന്ത്രങ്ങളായ പൗരസ്ത്യദേശങ്ങളുടെ യാചകഭാവമാണ്' ഇഖ്ബാലിനെ ഏറ്റവുമധികം വിഷാദിപ്പിച്ചതെന്ന് കുറുപ്പ് മനസ്സിലാക്കുന്നു. അസ്റാറേ ഖുദിയുടെ ഉള്ളടക്കത്തെ വിശദമായി അപഗ്രഥിക്കുന്ന ജി.ശങ്കരക്കുറുപ്പ്, വക്കത്തിന്റെ വിവർത്തനത്തെ പ്രശംസിക്കുന്നതിങ്ങനെയാണ്: "പ്രതിഭാശാലിയായ യുവ സഹോദര, അങ്ങയുടെ സുപരിചിതവും സുഭഗയും ആയ തൂലിക, ഭാവിയുടെ പൂജക്കു പാത്രമായിത്തീരട്ടെ എന്നു ഞാൻ പ്രാർത്ഥിച്ചു കൊള്ളുന്നു."

കാവ്യാനുശീലനം സിദ്ധിച്ചിട്ടില്ലാത്ത സാധാരണക്കാരായ വായനക്കാ

mappilaheritagelibrary.com

രേയും വിജ്ഞാനകുതുകികളെയും പരിഗണിച്ചാവണം 'അസ്റാറേ ഖുദി' ഗദ്യരൂപത്തിലാണ് വക്കം മൊഴിമാറ്റം ചെയ്തിട്ടുള്ളത്. കവിതയ്ക്കു പദ്യമെന്ന പോലെ ഗദ്യവും ചേരുമെന്ന് കോളറിഡ്ജിനെയും ബെൻസ ന്നെയും ഉദ്ധരിച്ചു വക്കം 'പരിഭാഷകന്റെ പ്രസ്താവന'യിൽ സമർത്ഥിക്കു ന്നുണ്ട്. 'അസ്റാറെ ഖുദി' യെക്കുറിച്ചു വക്കം ഇങ്ങനെ എഴുതുന്നു:

"നിങ്ങൾ അറിയുകയും ചിന്തിക്കുകയും ചെയ്യുന്നവരാണെങ്കിൽ, ഈ കൃതിയിൽ നിന്ന് അനിരുദ്ധമായ ഒരു ആഗ്നേയ ഹസ്തത്തിന്റെ ആഞ്ഞടി കൾ മനസ്സിലും മസ്തിഷ്ക്കത്തിലും ആപതിക്കുന്നതായി നിങ്ങൾക്കു തോന്നാതിരിക്കയില്ല. വികാരവിക്ഷുബ്ധമായ ഒരു വിശാല ഹൃദയത്തിന്റെ തീ വീശുന്ന നെടുവിളികൾ ഇതിൽ നിന്നു നിങ്ങൾക്കു കേൾക്കാം. 'ഉണരു വിൻ' എന്ന അത്യുച്ചത്തിലുള്ള ഒരു ഉൽക്രോശം ഇടിനാദം പോലെ നിങ്ങ ളുടെ ഉള്ളിൽ ഇരമ്പിക്കയറാതിരിക്കില്ല. ഇസ്ലാമികത്വത്തിന്റെ അംബര ചുംബികളായ ഉന്നത നിലയനങ്ങൾ ഇടിഞ്ഞു വീണ് ഉടഞ്ഞു തകരുന്ന ഭയവിഹ്വലമായ പരുഷ ശബ്ദങ്ങൾ കേട്ടു പരുങ്ങുന്ന ഒരു മഹാഹൃദയം ഇതിൽ തുടിച്ചു കൊണ്ടിരിക്കുന്നതു നിങ്ങൾക്കു കാണാം. ഉണങ്ങി വരണ്ട മരുഭൂമികളെ പച്ച പിടിച്ച മലർവാടികളാക്കുവാൻ പണിപ്പെടുന്ന പരമ തീ ക്ഷ്ണമായ ഒരു ആശയുടെ തീവ്രത ഇതിൽ നിങ്ങൾക്ക് അനുഭവിക്കാം..."

കവിതയെക്കുറിച്ചുള്ള പരിഭാഷകാരന്റെ പരിചയപ്പെടുത്തൽ തന്നെ മതി. മൂലകൃതി പരിഭാഷകൻ എത്ര ആഴത്തിൽ ഉൾക്കൊണ്ടിരിക്കുന്നു എന്നതിനു തെളിവായി. ദീർഘമാണ് 'പരിഭാഷകന്റെ പ്രസ്താവന.' ഇഖ്ബാലിനേയും 'അസ്റാറെ ഖുദി'യെയും മനസ്സിലാക്കുന്നതിന് ഏറെ സഹായകമാണ് ഈ ദീർഘാഖ്യാനം.

പരിഭാഷയുടെ ആരംഭം ഇങ്ങനെ. "ആദർശ രൂപവത്ക്കരണത്തിൽ നിന്നും ആവിഷ്ക്കരണത്തിൽ നിന്നുമാണ് ആത്മാവിന് (ഖുദി) ജീവൻ ലഭി ക്കുന്നത്."

തുടർന്ന് 'അസ്റാറെ ഖുദി'യുടെ ആശയ പ്രപഞ്ചത്തിലൂടെ അനുവാച കനെ കൈപിടിച്ചു നടത്തുകയാണ് പരിഭാഷകൻ. "തുച്ഛമായ നിന്റെ മൃൽപിണ്ഡം ഒരു ശവകുടീരമാവാതിരിക്കാൻ നീ ആശയെ നിന്റെ ഹൃദയ ത്തിൽ അണഞ്ഞു പോവാതെ സൂക്ഷിക്കുക. വർണ ഗന്ധാത്മകമായ ഈ ലോകത്തിന്റെ ആത്മാവ് ആശയാകുന്നു" എന്നിങ്ങനെയാണ് പരിഭാഷ ഇഖ്ബാലിനെ മലയാളത്തിലേക്കു പറിച്ചു നടുന്നത്.

-"ആത്മാവെന്നു പേരുള്ള ഭാസുര ബിന്ദു നമ്മുടെ മൺതരിക്കടിയിലുള്ള ജീവിത സ്ഫുലിംഗമാകുന്നു."

"നിന്റെ ഒരു പിടി മണ്ണിനെ നീ കനകമായി മാറ്റുക."

-"നമ്മൾ ഹിജാസ്, ചൈന, പേർഷ്യ എന്നീ രാജ്യങ്ങളുടെ സന്താനങ്ങ ളാണെങ്കിലും നാം സ്മേരസുന്ദരമായ ഒരു പ്രഭാതത്തിലെ ഹിമബിന്ദുക്ക ളാകുന്നു."

mappilaheritagelibrary.com

-"സിംഹങ്ങളിൽ നിന്നു നികുതി പിരിച്ച നീ നിന്റെ ആവശ്യത്താൽ ഒരു സൃഗാലമായിത്തീർന്നു."

ഇങ്ങനെ, ആത്മാവിനെ പാടിയുണർത്തുന്ന ഇഖ്ബാലിന്റെ മനോഹരങ്ങളായ കാവ്യബിംബങ്ങളെ ആശയവും സൗന്ദര്യവും ചേരാതെ മലയാളികൾക്കു പകർന്നു നൽകി വക്കം.

mappilaheritagelibrary.com

4
സാഹിതീദർശനം

1963 ജൂണിൽ കോഴിക്കോട് പി.കെ.ബ്രദേഴ്സ് പ്രസിദ്ധപ്പെടുത്തിയ പുസ്തകമാണ്. 'സാഹിതീദർശനം' നൂറു പുറങ്ങളുള്ള ഈ പുസ്തകത്തിൽ എട്ട് അധ്യായങ്ങളുണ്ട്. സാഹിത്യവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് പ്രതിപാദ്യം.

'ഗദ്യകാരനും പദ്യകാരനും' എന്ന ഒന്നാം അധ്യായത്തിൽ കാവ്യത്തെയും ഗദ്യസാഹിത്യത്തെയും താരതമ്യ വിചാരത്തിനു വിധേയമാക്കുന്നു. നല്ല പദ്യകാരൻമാരെപ്പോലെ നല്ല ഗദ്യകാരൻമാർ നമുക്കില്ല എന്നഭിപ്രായപ്പെട്ടു കൊണ്ടാരംഭിക്കുന്ന ലേഖനം അവസാനിക്കുന്നത് ഗദ്യസാഹിത്യം പദ്യസാഹിത്യത്തിനുമേൽ നേടിക്കൊണ്ടിരിക്കുന്ന മേധാവിത്വത്തിലേക്കു സൂചന നൽകിക്കൊണ്ടാണ്. കാവ്യത്തിനുമേൽ ഗദ്യം നേടുന്ന വിജയം നാഗരികതയ്ക്കു സംഭവിക്കുന്ന ഇടിവ് ആയിരിക്കുകയില്ലേ എന്ന് ഗ്രന്ഥകാരൻ ആശങ്കിക്കുന്നു. കവി കവിയാകുന്നത് ഏതെങ്കിലും 'ഇസ'ത്തിന്റെ പിൻബലത്താലല്ല. ഒരു കവിക്ക് നൽകാവുന്ന ഏറ്റവും വലിയ ബഹുമതി അയാൾ കവിയാണ് എന്നംഗീകരിക്കലാണ്. 'കാവ്യമല്ലാത്ത പദ്യവും കാവ്യമായിരിക്കുന്ന ഗദ്യവും ഉണ്ടെ'ന്നു വക്കം അബ്ദുൽഖാദർ എഴുതുന്നു. എന്നാൽ താളമേളങ്ങളും ചമത്ക്കാരങ്ങളും കൃത്രിമതകളും ഗദ്യത്തെ അധഃപതിപ്പിക്കുകയേ ഉള്ളൂ വെന്നാണ് അദ്ദേഹത്തിന്റെ മതം. അതേസമയം നല്ല ഗദ്യത്തിനു താളവും അനുരഞ്ജനയും ആവശ്യവുമത്രെ. രണ്ടു വരി കവിതയെഴുതി കവിയാവാം, നൂറുവരി ഗദ്യമെഴുതി ഗദ്യകാരനാവാനാവില്ല. കാവ്യത്തെ പിന്നിലാക്കി ഗദ്യം മുന്നേറുന്നതാണ് ആധുനിക കാലത്തെ കാഴ്ച. ഇങ്ങനെ ആലോചനാമൃതങ്ങളായ നിരീക്ഷണങ്ങളാൽ സമ്പന്നമാണ് ഈ അധ്യായം.

'നോവൽ സാഹിത്യത്തിലെ വ്യതിയാന'മാണ് രണ്ടാം അധ്യായത്തിന്റെ വിഷയം. അഭിരുചികൾക്കും ആശയങ്ങൾക്കുമനുസരിച്ച് ഓരോ കാലഘട്ടത്തിലെയും സാഹിത്യത്തിൽ വ്യതിയാനം സംഭവിക്കുന്നു. കാലത്തിനനുസരിച്ച് മൂല്യപരിഗണനകളിലും മാറ്റം സംഭവിക്കുന്നു. 'ജീവിതത്തിന്റെ കലാപരമായ പ്രകാശന'മായ നോവലിന് തന്റെ കാലഘട്ടത്തിൽ വന്നു ചേർന്ന

mappilaheritagelibrary.com

മാറ്റമാണ് ഗ്രന്ഥകാരൻ തുടർന്നു പരിശോധനാവിധേയമാക്കുന്നത്. രണ്ടാം ലോക യുദ്ധത്തിനു ശേഷം മനുഷ്യനെ അവനേക്കാൾ വലിയ ഒരു ശക്തിയിൽ വിശ്വസിക്കാൻ സജ്ജമാക്കുന്ന നോവലുകൾ ഉണ്ടായതായി വക്കം ചൂണ്ടിക്കാണിക്കുന്നു.

മൂന്നാം അധ്യായത്തിൽ 'കലാകാരന്റെ പാരതന്ത്ര്യം' ചർച്ചാവിഷയമാവുന്നു. അധികാരികളും സാമ്പത്തിക ശക്തികളും കലാകാരൻമാരെ അസ്വതന്ത്രരാക്കുന്നതിനെകുറിച്ചാണ് പ്രതിപാദനം. പുരാതന ഗ്രീസിൽ നഗര രാഷ്ട്രങ്ങളാണ് കലാപരമായ പ്രവൃത്തികൾക്ക് പ്രതിഫലം നൽകിയിരുന്നത്. സ്വാഭാവികമായും കലാകാരൻമാർ അധികാരികളുടെയും വ്യാപാരികളുടെയും ഇഷ്ടത്തിനൊത്തു നിന്നു. ഇറ്റലിയിൽ 'ധനപ്രമത്തമായ മത സംഘടനകളുടെ പിന്തുണയോടു കൂടി കലാകാരൻമാർ ഭൗതികാധികാരത്തിന്റെയും പ്രശസ്തിയുടെയും അഭിനിവേശങ്ങളെ ചിത്രപ്പെടുത്തി. ജപ്പാനിൽ ലക്ഷപ്രഭുക്കളുടെ കീഴിൽ കലാകാരൻമാർ അണിനിരന്നു. ആധുനിക നാഗരികത കലാകാരനെ ഞെരുക്കത്തിലാക്കിയിരിക്കുകയാണെന്ന് ഗ്രന്ഥകാരൻ പറയുന്നു. 'ഭൗതികമായ നിലനില്പിനെ കരുതി അവൻ വ്യക്തിയുടെയും സംഘടനയുടെയും രാഷ്ട്രത്തിന്റെയും ഏതു തരം താല്പര്യങ്ങളെയും തൃപ്തിപ്പെടുത്തുന്ന അന്തസ്സുകെട്ട കൃത്യങ്ങൾ നിർവഹിക്കുവാൻ പ്രേരിതനാവുന്നു." (പുറം 35). "തിന്നു കുടിച്ചു കിടക്കുന്നതിനെ ജീവിതമായി കരുതുന്നവരുടെ ചേരിയിലേക്കു കലാകാരൻ നീങ്ങുക എന്നതു കടുംകൈയാണ്." (പുറം 37). ജീവിത യാഥാർത്ഥ്യങ്ങൾ പ്രകാശിപ്പിക്കുന്നു എന്ന വ്യാജേന പടച്ചു വിടുന്ന സിനിമകൾ വിജയിക്കുന്നത് കലയിലല്ല; കച്ചവടത്തിലാണെന്നു വക്കം പറയുന്നു. ഉൽകൃഷ്ട കലാകാരൻമാരെ അധികാരവും സമ്പത്തും പ്രലോഭിപ്പിക്കുകയില്ല. അവർ ഏകാകികളായിരിക്കും.

'വിമർശം സൃഷ്ടിയാണ്' എന്ന നാലാം അധ്യായത്തിൽ സാഹിത്യ നിരൂപണത്തെ വിലകുറച്ചു കാണുന്നവർക്കെതിരെ പ്രതിരോധമൊരുക്കുകയാണ് ഗ്രന്ഥകർത്താവ്. ഉൽകൃഷ്ട വിമർശം എപ്പോഴും സൃഷ്ടിപരവും കലാപരവും ആയിരിക്കും. യഥാർത്ഥ വിമർശം മാർഗദർശനമാകുന്നു. അനുഭാവമില്ലാത്ത വിമർശകൻ നല്ല വിമർശകനല്ല. സാഹിത്യ കലാവിമർശം വിശാലമായ അർത്ഥത്തിൽ ജീവിത വിമർശം തന്നെയാകുന്നു-ഇവയാണ് ഈ അധ്യായത്തിലെ പ്രധാന നിരീക്ഷണങ്ങൾ.

'കലയും സൗന്ദര്യവും' എന്നാണ് അടുത്ത അധ്യായത്തിന്റെ ശീർഷകം. കലയെ സംബന്ധിക്കുന്ന പൗരാണികവും ആധുനികവുമായ സിദ്ധാന്തങ്ങളെ അധികരിച്ചുള്ള ആലോചനകളാണ് പ്രതിപാദ്യവിഷയം. "കല സൗന്ദര്യബോധത്തിൽ നിന്നു ജനിക്കുന്നു. സൗന്ദര്യത്തെ ലക്ഷ്യമാക്കി പ്രയാണം ചെയ്യുന്നു. കലാകാരന്റെ സൗന്ദര്യാനുഭൂതികളുടെ സമഞ്ജസമായ ആവിഷ്ക്കരണമാണ് അവന്റെ കലാസൃഷ്ടി." (പുറം 62). രൂപമാണോ ഭാവമാണോ പ്രധാനം എന്ന തർക്കവും ലേഖനത്തിൽ പരാമർശിക്കപ്പെടു

mappilaheritagelibrary.com

ന്നുണ്ട്.

'നിങ്ങൾക്ക് ഒരു 'സ്റ്റൈലു'ണ്ടോ?' എന്ന ആറാമത്തെ അധ്യായത്തിൽ ഇങ്ങനെ വായിക്കാം. "ശൈലി കലാകാരന്റെ വ്യക്തിത്വത്തിന്റെ വെളിച്ചം എന്നു പറഞ്ഞാൽ പോരാ, അതു ആ വെളിച്ചത്തിന്റെ വെളിച്ചമാണ്. മേഘ നാദത്തിന്റെ പ്രത്യേകത അതിന്റെ ഗംഭീരമായ മുഴക്കമാണ്. സമുദ്രത്തിന്റെ രഹസ്യം അതിന്റെ വിസ്തൃതിയല്ല, ആഴവും ഗഹനമായ ഇരമ്പലുമാകുന്നു. കലാകാരന്റെ രൂപമാണ് അവന്റെ ശൈലി. അവന്റെ ഭാവവും അതു തന്നെ. ഭാവത്തെ രൂപത്തിൽ നിന്നോ രൂപത്തെ ഭാവത്തിൽ നിന്നോ വേർപെടുത്തുക വയ്യ." (പുറം 72) സ്വന്തമായ സമ്പ്രദായത്തിൽ ആശയപ്രകാശനം നടത്തുന്നവന് 'ഒറിജിനാലിറ്റി' അവകാശപ്പെടാം. പൂർവികരുടെ പാതയിൽ നിന്ന് മാറി സ്വന്തം വഴി കണ്ടെത്തുന്നവന് നവീനത്വമുണ്ട്. എന്നാൽ പുതുമക്കു വേണ്ടിയുള്ള പുതുമ അനുകരണമേ ആവുന്നുള്ളു. ഇവയാണ് ഈ അധ്യായത്തിലെ മറ്റു നിരീക്ഷണങ്ങൾ.

ആശയം ആയുധമാണ് എന്നു സമർത്ഥിക്കുകയാണ് 'സാഹിത്യവും സമരവും' എന്ന, തുടർന്നു വരുന്ന, അധ്യായത്തിൽ വക്കം അബ്ദുൽ ഖാദർ. വാക്കുകളിൽ നിന്നാണ് പ്രവൃത്തി ഉണ്ടാവുന്നത്. ലാങ്ലൻഡിന്റെ 'പിയേഴ്സ് പ്ലോമാൻ' എന്ന കൃതി ഇംഗ്ലണ്ടിലെ കീഴ്വർഗക്കാരെ പോരാട്ടത്തിനു തയാറാക്കി. ചാൾസ് സ്റ്റുവർട്ടിന്റെ സ്വേച്ഛാധിപത്യത്തിനെതിരെയുള്ള പോരാട്ടത്തിൽ പങ്കാളിയായിരുന്നു മിൽട്ടൺ. സാമൂഹ്യ സ്വാതന്ത്ര്യത്തിനു വേണ്ടി തൂലിക ചലിപ്പിച്ചവരാണ് അഡിസനും സ്റ്റീലും. ജർമനിയിൽ ലെസ്സിങ്ങും ഗെഥെയും ഹിനെയും ചിന്താസ്വാതന്ത്ര്യത്തിനു വേണ്ടി നില കൊണ്ടു. റഷ്യയിലും എഴുത്തുകാരും കവികളും നേരിട്ട് പോരാട്ടങ്ങളിൽ പങ്കാളികളായി. തന്റെ കാലഘട്ടത്തിലെ നോവലിസ്റ്റുകളും നാടകകൃത്തുക്കളും ചെയ്യുന്ന സമരസേവനങ്ങളെ വാഴ്ത്തിയ ശേഷം വക്കം എഴുതുന്നു: "പ്രചരണം കലയുടെ പണിയല്ലെന്നു പറഞ്ഞ് മുഖം തിരിക്കുന്ന കലാകാരൻമാർ ഉണർന്നിരിക്കുന്നവരല്ല; ഉറങ്ങിക്കിടക്കുന്നവരാണ്. അവരിൽ നിന്നും നാം പഠിക്കുന്നത് ഉറക്കമാണ്, ഉണർവ്വല്ല." (പുറം:85)

'സാഹിതീദർശന'ത്തിലെ അവസാനത്തെ അധ്യായത്തിന്റെ ശീർഷകം "കവികളേ, കലാകാരൻമാരേ!" എന്നാണ്. തലക്കെട്ടിൽ കാണുന്ന ആശ്ചര്യ ചിഹ്നം അർത്ഥവത്താണ്. കവികളുടെയും കലാകാരൻമാരുടെയും ആരിലും കൗതുകമുണർത്തുന്ന ചില പ്രത്യേകതരം സ്വഭാവങ്ങളാണ് പ്രമേയം. ഗെഥെയുടെ പെൺകമ്പം, ഷേക്സ്പിയറുടെ വ്യവഹാര പ്രിയത, ഗോൾഡ് സ്മിത്തിന്റെ വൃത്തികേടുകൾ, ഡോ.ജോൺസന്റെ പെണ്ണെഴുത്തു വിരോധം, ടോൾസ്റ്റോയിയുടെ കൊള്ളരുതായ്മകൾ, ബർണാഡ് ഷായുടെ പിശുക്ക് ഇവ സരസമായി ഈ അധ്യായത്തിൽ വിവരിച്ചിരിക്കുന്നു.

mappilaheritagelibrary.com

5
ഇസ്‌ലാമിലെ ചിന്താപ്രസ്ഥാനങ്ങൾ

ഇസ്‌ലാംമതത്തിലെ വിവിധ ചിന്താധാരകളെ സാമാന്യമായി പരിചയപ്പെടുത്തുന്ന ലഘുകൃതിയാണ് 'ഇസ്‌ലാമിലെ ചിന്താപ്രസ്ഥാനങ്ങൾ. 1954ൽ പെരുമ്പാവൂരിലെ ഭാരത ചന്ദ്രിക പ്രിന്റിംഗ് ആന്റ് പബ്ളിഷിംഗ് കമ്പനിയാണ് 110 പുറങ്ങളുള്ള ഈ പുസ്തകം പ്രസിദ്ധപ്പെടുത്തിയത്. അന്നത്തെ വില: 1 ക. പുസ്തകത്തിനെഴുതിയ മുഖവുരയിൽ ഗ്രന്ഥകാരൻ ഇങ്ങനെ കുറിക്കുന്നു: "മതവിഷയമായി മുസ്‌ലിം ലോകത്തുണ്ടായിട്ടുള്ള ചിന്താപ്രസ്ഥാനങ്ങളെയും ചിന്തകൻമാരെയും സംബന്ധിച്ച ചരിത്രപരമായ ഒരു വിഹഗ വീക്ഷണം മാത്രമാണ് ഈ കൃതി. വിസ്മരിക്കപ്പെടുകയും വിഗണിക്കപ്പെടുകയും വികലമാക്കപ്പെടുകയും ചെയ്യാറുള്ള ചില പ്രധാന ചരിത്രവസ്തുതകളെ അവസരോചിതം പ്രകാശിപ്പിച്ചിട്ടുള്ളതിൽ കൂടുതലായി ഗ്രന്ഥകാരൻ യാതൊന്നും ഈ കൃതിയിൽ അവകാശപ്പെടുന്നില്ല."

പുസ്തകത്തിലെ അധ്യായങ്ങൾ ഇവയാണ്: (1) അറേബ്യൻ തത്വചിന്തയും മുസ്‌ലിം തത്വചിന്തയും (2) സൂഫിസം (3) സൂഫിസവും ഭാരതീയ ചിന്തയും (4) ഇജ്തിഹാദ് (5) നാലു ഇമാമുകൾക്കു ശേഷം (6) ഉത്തേജകൻമാർ (7) അപകർഷഹേതുക്കൾ (മൂന്നു ഭാഗങ്ങളായാണ് ഈ അധ്യായങ്ങളുടെ വിന്യാസം).

അറേബ്യൻ തത്ത്വചിന്തയും മുസ്‌ലിം തത്ത്വചിന്തയും ഒന്നാണെന്ന അഭിപ്രായത്തെ ഖണ്ഡിച്ചു കൊണ്ടാണ് ഒന്നാം അധ്യായത്തിന്റെ തുടക്കം. മുസ്‌ലിംകൾക്ക് സ്വന്തമായിയ ഒരു തത്ത്വചിന്താപദ്ധതില്ലെന്ന ചില പാശ്ചാത്യ ചിന്തകരുടെ വാദത്തെയും വക്കം അബ്ദുൽ ഖാദർ ഖണ്ഡിക്കുന്നു. അതേ സമയം, "യവനരുടെയും പേർഷ്യക്കാരുടെയും ഭാരതീയരുടെയും തത്ത്വവിചാരങ്ങൾ മുസ്‌ലിംകളുടെ പ്രജ്ഞാപരമായ പ്രവർത്തനങ്ങളിൽ വമ്പിച്ച സ്വാധീനശക്തി ചെലുത്തിയിരുന്നതായി" അദ്ദേഹം സമ്മതിക്കുകയും ചെയ്യു

mappilaheritagelibrary.com

ന്നു. അറേബ്യൻ തത്വചിന്തയെ രൂപപ്പെടുത്തുന്നതിൽ പ്ലേറ്റോയുടെയും അരിസ്റ്റോട്ടിലിന്റെയും ചിന്തകൾക്ക് സുപ്രധാനമായ പങ്കുണ്ട്. അതിനാൽ അറേബ്യൻ തത്വചിന്തയെ മുസ്‌ലിം തത്വചിന്തയായി കാണാൻ പറ്റുകയില്ല. അവ രണ്ടും രണ്ടാണെന്ന് ഗ്രന്ഥകാരൻ തീർത്തു പറയുന്നു.

അറേബ്യൻ തത്വചിന്തകരിൽ പ്രമുഖരായി ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത് ഇബ്നു സീനയെയും ഇബ്നു റുഷ്ദിനെയുമാണ്. പ്രത്യേകം ശീർഷകം നൽകിയിട്ടല്ലെങ്കിലും അൽ ഫാരാബിയെയും ഗ്രന്ഥകാരൻ പരാമർശിക്കുന്നുണ്ട്. അരിസ്റ്റോട്ടിലിന്റെ ഏറ്റവും വ്യുല്പന്നമതിയായ ഭാഷ്യകാരനായി വക്കം കാണുന്നത് ഇബ്നു റുഷ്ദിനെയാണ്. അറേബ്യൻ തത്വചിന്തയുടെ ആഴത്തിലേക്ക് ഗ്രന്ഥകാരൻ പ്രവേശിക്കുന്നില്ല.

അബ്ബാസീ ഖലീഫ അൽമഅ്മൂന്റെ കാലത്ത് മുസ്‌ലിം ലോകത്ത് സ്വാധീനമുറപ്പിച്ച യുക്തിവാദചിന്താപ്രസ്ഥാന (മുഅ്തസില) ത്തിലാണ് വക്കം മുസ്‌ലിം തത്വചിന്തയുടെ ജാഗരണം ദർശിക്കുന്നത്. "ഖലീഫാ അൽമഅ്മൂൻ തികഞ്ഞ ഒരു യുക്തിവാദിയും സ്വതന്ത്രചിന്തകനും ആയിരുന്നു. മുഅ്തസിലികളുടെ വിജയത്തിനു വേണ്ടി അദ്ദേഹം അവിസ്മരണീയമായ സേവനങ്ങൾ അനുഷ്ഠിച്ചിരുന്നു." - വക്കം എഴുതുന്നു. മുസ്‌ലിംകൾക്കിടയിൽ യുക്തിവാദ ചിന്ത വ്യാപിച്ചത് ഹെല്ലനിസ്റ്റിക് സംസ്കാരത്തിന്റെ സ്വാധീന ഫലമാണെന്ന യൂറോപ്യൻ ചിന്തകരുടെ അഭിപ്രായത്തെ ഗ്രന്ഥകാരൻ അംഗീകരിക്കുന്നില്ല. മറിച്ച്, ഖുർആനെ സംബന്ധിച്ച യുക്തിപൂർവമായ നിരീക്ഷണങ്ങളും പഠനങ്ങളുമാണ് അതിന്റെ അധിഷ്ഠാനം എന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. ഗ്രീക്ക് സംസ്ക്കാരം മുസ്‌ലിംകൾക്കു പരിചിതമാകുന്നതിനു മുമ്പു തന്നെ ആ പ്രവണത മുസ്‌ലിംകൾക്കിടയിൽ ദൃശ്യമായിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. പ്രവാചകന്റെ 'മിഅ്റാജി' (വാനലോകങ്ങളിലേക്കുള്ള നിശായാത്ര) നെ സംബന്ധിച്ചു പ്രവാചക പത്നി ഹസ്രത് ആഇശ നടത്തിയ പ്രസ്താവന ഇതിനുദാഹരണമായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. മിഅ്റാജ് ശാരീരികമായിരുന്നില്ല ആത്മീയമായിരുന്നു എന്നാണ് ഹസ്രത് ആഇശ അഭിപ്രായപ്പെട്ടത്. "യുക്തിയെയും ബുദ്ധിയെയും ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ജീവിത വിചിന്തനത്തിന് ഖുർ ആനും ഹദീസും മുസ്‌ലിം ചിന്തകൻമാരുടെ ലോകവും വമ്പിച്ച പ്രാധാന്യം കല്പിക്കുന്നുവെന്നതിനെ ആർക്കും നിഷേധിക്കാൻ കഴിയുകയില്ല" എന്നും വക്കം ചൂണ്ടിക്കാണിക്കുന്നു.

മുഅ്തസിലി ചിന്തയുടെ ഉൽഭവവും വളർച്ചയും പതനവും ഗ്രന്ഥകാരൻ ചുരുക്കി വിവരിക്കുന്നുണ്ട്. യുക്തിവാദം അതിരു കവിയുകയും മുഅ്തസിലികളിൽ ഒരു വിഭാഗം നാസ്തികരായി മാറുകയും ചെയ്തു. അവരിൽ പലരും അസഹിഷ്ണുക്കളുമായി. ക്രമേണ മുഅ്തസിലിസം ക്ഷയിച്ചു തുടങ്ങി. പിൽക്കാല ഭരണാധികാരികൾ മുഅ്തസിലികളുടെ അമിതവാദങ്ങൾക്കെതിരെ ശക്തമായ നിലപാടെടുത്തു. അബുൽ ഹസൻ അൽ അശ്

mappilaheritagelibrary.com

അരി (ബാഗ്ദാദ്), അബുൽ മൻസൂർ അൽ മാതുരീദ് (സമർക്കന്ത്) എന്നിവർ ഉയർത്തിയ ആശയപ്രതിരോധത്തെ അതിജീവിക്കാൻ മുഅ്തസിലീ ചിന്തകർക്കായില്ല. 'കലാം' എന്നറിയപ്പെട്ട യാഥാസ്ഥിതിക തത്വചിന്താപ്രസ്ഥാനത്തിന്റെ നായകരായിരുന്നു ഇരുവരും. ഈ ചർച്ചയിൽ സ്പെയിനിലെ ഇബ്നു മസർറയെയും ഇബ്നു അറബിയെയും വക്കം പരാമർശിക്കുന്നുണ്ട്. ഇവരുടെ ചിന്തകൾ മുസ്ലിം ലോകത്ത് എതിർക്കപ്പെടുകയാണുണ്ടായത്.

എല്ലാ മതവിഭാഗങ്ങളിലും വർഗങ്ങളിലും എല്ലാ കാലത്തും ഭക്തരും ധ്യാനശീലരുമായ കുറേയാളുകൾ ഉണ്ടായിരുന്നു എന്നു പ്രസ്താവിച്ചുകൊണ്ടാണ് വക്കം സൂഫിസത്തെ കുറിച്ചു പറഞ്ഞു തുടങ്ങുന്നത്. അന്യ സംസ്ക്കാരങ്ങളുടെ സ്വാധീനഫലമായാണ് സൂഫിസം ഉടലെടുത്തതെന്ന ഒരു വാദമുണ്ട്. ... ഇസ്ലാമിൽ തന്നെ വളർന്നു പന്തലിച്ചതാണെന്നും പക്ഷമുണ്ട്. ഒടുവിൽ പറഞ്ഞതിനൊടാണ് ഗ്രന്ഥകാരൻ യോജിക്കുന്നത്. 'സൂഫിസം' എന്ന വാക്ക് കമ്പിളി വസ്ത്രത്തെ സൂചിപ്പിക്കുന്ന 'സൂഫി'ൽ നിന്നു നിഷ്പന്നമായതാണെന്ന നീരിക്ഷണത്തെയാണ് വക്കം ശരി വെക്കുന്നത്. "നബിയുടെ കമ്പിളി വസ്ത്രം ധരിക്കുക എന്നതു ലളിത ജീവിതത്തിന്റെ ഒരു തെളിവായും അടയാളമായും ഗണിക്കപ്പെട്ടിരുന്നു" എന്ന് വക്കം എഴുതുന്നു. 'ഭൗതിക ജീവിത സുഖങ്ങളെ ക്രമാതീതമായി മോഹിക്കുന്നില്ലെന്ന് സൂചിപ്പിക്കുന്ന ഒന്നാണ് ലളിത വസ്ത്രധാരണം." അദ്ദേഹം തുടരുന്നു.

"ഖുർ ആനാണ് സൂഫിസത്തിന്റെ മൂലനിദാനമെന്ന് കരുതുവാൻ മതിയായ തെളിവുകളുണ്ട്" എന്നഭിപ്രായപ്പെട്ട ശേഷം ഉപോദ്ബലകമായി ഖുർആനിലെ 57:3, 24:35, 28:88, 15:29, 2:109, 24:40 വചനങ്ങൾ അദ്ദേഹം ഉദ്ധരിക്കുന്നു. ദൈവചിന്തയെ ഉദ്ദീപിപ്പിക്കുന്ന ഗൂഢാർത്ഥ സ്വഭാവമുള്ള വചനങ്ങളാണിവ.

യവനസംസ്കാരവുമായുള്ള മുസ്ലിംകളുടെ വേഴ്ചയുടെ ഉപോൽപ്പന്നമാണ് സൂഫിസം എന്നു വാദിച്ചത് ആർ.എ.നിക്കൾസനാണ്. ഇതിനദ്ദേഹം പറയുന്ന ന്യായം മഅ്ദുഫുൽ കർഖി, ദുനൂനുൽ മിസ്രി തുടങ്ങിയ സൂഫി പ്രമുഖർ ജീവിച്ചത് അബ്ബാസി ഖലീഫ ഹാറൂൺ അൽ റഷീദ് നാടു ഭരിച്ചിരുന്ന കാലത്താണ് എന്നതത്രെ. എന്നാൽ ഹാറൂൺ റഷീദ് യവന സംസ്കാരത്തെ പ്രോത്സാഹിപ്പിച്ചിരുന്നില്ല എന്നു മാത്രമല്ല അദ്ദേഹത്തിന്റെ കാലത്ത് അവ തടയപ്പെടുകയാണ് ചെയ്തത് എന്ന് വക്കം അബ്ദുൽ ഖാദർ ചൂണ്ടിക്കാണിക്കുന്നു. സൂഫി ചിന്തകരായ അബു സുലൈമാൻ ദാറാനിയോ ദുനൂനുൽ മിസ്രിയോ യവനസംസ്കാരത്തിന്റെ സ്വാധീനത്തിന് അടിമപ്പെട്ടിരുന്നില്ല എന്ന് ജാമി രേഖപ്പെടുത്തിയിട്ടുണ്ട്.

സൂഫിസത്തിന്റെ മൂലാധാരങ്ങളായ സ്നേഹം, ത്യാഗം, ധ്യാനം, ലാളിത്യം മുതലായവ ഇസ്ലാം വളരെയധികം പ്രത്സാഹിപ്പിച്ചിട്ടുള്ളതാകുന്നു. ഖുർ

mappilaheritagelibrary.com

ആനിൽ നിന്നും ഹദീസിൽ നിന്നും ഇതിനുള്ള തെളിവുകൾ വക്കം ഉദ്ധരിക്കുന്നുണ്ട്. മുസ്‌ലിംകൾക്കിടയിൽ, മൂന്നാം ഖലീഫയുടെ കാലഘട്ടത്തിൽ ഉടലെടുത്ത ആഭ്യന്തര വഴക്കുകൾ ഒരു വിഭാഗത്തെ ഭക്തിമാർഗത്തിലേക്കു നയിച്ചു. ഇവരാണ് ആദ്യത്തെ സൂഫികൾ. പ്രഥമ സൂഫിയായി അറിയപ്പെടുന്ന ഹസനുൽ ബസരി, പക്ഷെ, ഏകാകിയായി മാത്രം ജീവിച്ച ആളായിരുന്നില്ല. ജനങ്ങളെ ഉൽബോധിപ്പിച്ചു കൊണ്ട് ജനമധ്യത്തിൽ അദ്ദേഹം ജീവിച്ചു. സൂഫിസത്തിന്റെ പ്രധാന തത്വങ്ങളും പ്രമുഖ സൂഫികളുടെ നിലപാടുകളും പുസ്തകത്തിൽ പരാമർശിക്കുന്നുണ്ട്.

'സൂഫിസവും ഭാരതീയ ചിന്തയും' എന്ന അധ്യായത്തിൽ ഭാരതത്തിന്റെ യോഗാഭ്യാസങ്ങളും ഉപനിഷത് ദർശനങ്ങളും സൂഫിസത്തിൽ ചെലുത്തിയ സ്വാധീനത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. പക്ഷെ ആ അധ്യായം തീരെ ചെറുതായതിനാൽ പ്രസക്തമായ വിവരങ്ങളൊന്നും ഉൾപ്പെട്ടിട്ടില്ല എന്നത് വായനക്കാരെ സംബന്ധിച്ചിടത്തോളം വലിയ നഷ്ടമായി ബാക്കി നില്ക്കുന്നു.

ഇസ്‌ലാമിക കർമശാസ്ത്ര (ഫിഖ്ഹ്) ചിന്തകളുടെ വികാസവുമായി ബന്ധപ്പെട്ട അധ്യായങ്ങളാണ്, 'ഇജ്തിഹാദ്,' 'നാലു ഇമാമുകൾക്കു ശേഷം' എന്നിവ. പ്രമാണികരായ നാലു ഇമാമുകൾക്കു ശേഷം അവരുടെ അനുയായികളായ ചിലർ ഇജ്തിഹാദിനെ കയ്യൊഴിഞ്ഞത് ഇസ്‌ലാമിക ചിന്തയുടെ അപകർഷത്തിന് കാരണമായതായി വക്കം പ്രസ്താവിക്കുന്നു. ഖുർആനിലോ പ്രവാചക പര്യയിലോ വ്യക്തമായ വിധി നിർദേശിക്കാത്ത വിഷയങ്ങളിൽ പ്രമാണങ്ങളുടെ ന്യായവും യുക്തിയും നീതി ബോധവുമനുസരിച്ച് കൂടിയാലോചനകളിലൂടെ തീരുമാനമെടുക്കുക എന്നതായിരുന്നു പ്രവാചക ശിഷ്യൻമാരുടെ രീതി. ഇതിനെയാണ് ഇജ്തിഹാദ് എന്നു പറയുന്നത്. മനുഷ്യസമൂഹത്തിന്റെ ജീവിത സാഹചര്യങ്ങൾ കാലദേശങ്ങൾക്കനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നതിനാൽ ഇജ്തിഹാദ് എല്ലാ കാലഘട്ടങ്ങളിലും ആവശ്യമായി വരുന്നു.

ഇസ്‌ലാമിക കർമശാസ്ത്ര സരണികളിൽ പ്രധാനം നാലെണ്ണമാണ്. ഇമാം അബു ഹനീഫ, ഇമാം മാലിക്, ഇമാം ശാഫി, ഇമാം അഹ്മദ് ബ്നുഹംബൽ എന്നിവരാണ് ഈ ചതുർസരണികളുടെ ഉപജ്ഞാതാക്കൾ. നിയമ നിർമാണത്തിൽ അവർ ഇജ്തിഹാദിന് ശ്രേഷ്ഠമായ പദവി കല്പിച്ചു. നാലു പേരും ഒരേ സ്വഭാവത്തിലോ സമ്പ്രദായത്തിലോ അല്ല പ്രവർത്തിച്ചത്. ഇമാമുമാർ തങ്ങൾക്കു ശേഷം ഇജ്തിഹാദ് ഇല്ല എന്നു വാദിച്ചിട്ടില്ല. എന്നിട്ടും ചിലർ അപ്രകാരം വാദിക്കുന്നതിനെ വക്കം നഖശിഖാന്തം എതിർക്കുന്നു. നാലു ഇമാമുമാരുടെയും ഹ്രസ്വജീവചരിത്രവും പ്രധാന നിലപാടുകളും പുസ്തകത്തിൽ പ്രതിപാദിക്കുന്നുണ്ട്.

'ഉത്തേജകൻമാർ' എന്നു ശീർഷകം നൽകിയിരിക്കുന്ന അധ്യായത്തിൽ മുസ്‌ലിം ലോകത്തെ പ്രമുഖ പരിഷ്ക്കർത്താക്കളായി അറിയപ്പെടുന്ന

mappilaheritagelibrary.com

ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ, മുഹമ്മദ് ഇബ്നു അബ്ദുൽ വഹാബ് എന്നിവരുടെ ജീവിതവും പ്രവർത്തനങ്ങളും ചിന്തകളും പരിചയപ്പെടുത്തുന്നു. ഇബ്നു തൈമിയയെക്കുറിച്ച് വക്കം എഴുതുന്നു: "മുസ്‌ലിം ലോകത്തെ ഉജ്ജ്വലിപ്പിക്കുകയും ഉത്തേജിപ്പിക്കയും ചെയ്തിട്ടുള്ള പ്രതിഭാശാലികളായ മഹാപണ്ഡിതൻമാരുടെയും ചിന്തകൻമാരുടെയും ഗണനയിൽ ഇബ്നു തൈമിയാക്കു അത്യുന്നതമായ ഒരു പദവിയാണുള്ളത്. അനുപമവും അത്യുജ്ജ്വലവുമായ ഒരു സംസ്കാര പ്രദീപ്തിയായിട്ടാണ് അദ്ദേഹം മുസ്‌ലിം ലോകത്തിന്റെ അന്തഃകരണത്തിൽ പ്രവർത്തിച്ചത്. എത്ര പുകഴ്ത്തിയാലും മതിവരാത്ത ഒരു ശുദ്ധീകരണ കൃത്യത്തെ അടിപതറാതെയും അടി തെറ്റാതെയും നിന്നു ആത്മസ്ഥൈര്യത്തോടു കൂടി അദ്ദേഹം നിർവഹിച്ചു." ഇബ്നു തൈമിയയുടെ വിമർശകരെ കടുത്ത വാക്കുകളിൽ വക്കം നേരിടുന്നു. മുഹമ്മദ് ഇബ്നു അബ്ദുൽ വഹ്ഹാബിനെയും പ്രശംസകൾ കൊണ്ട് മൂടുന്നതാണ് വക്കത്തിന്റെ ശൈലി. അദ്ദേഹം കുറിക്കുന്നു: "മത വിശ്വാസങ്ങളായും മതാചാരങ്ങളായും മുസ്‌ലിം ലോകത്തു കടന്നു കൂടിയ അന്ധവിശ്വാസങ്ങളോടും ദുരാചാരങ്ങളോടും സമരം ചെയ്തുകൊണ്ട്, ഇസ്‌ലാമിനെ ആഛാദനം ചെയ്യുവാൻ വന്ന കരിങ്കാറുകളെ അടിച്ചകറ്റുവാനാണ് മുഹമ്മദ് ഇബ്നു അബ്ദുൽ വഹാബ് പ്രയത്നിച്ചിരുന്നത്."

'അപഹർഷഹേതുക്കൾ' എന്ന അവസാന അധ്യായത്തിൽ മുസ്‌ലിം ലോകത്തെ ഗ്രസിച്ചിട്ടുള്ള ചിന്താപരമായ സ്തംഭനാവസ്ഥയുടെ കാരണങ്ങൾ ആരായുന്നു. അല്ലാമാ ഇഖ്ബാൽ ഇവ്വിഷയകമായി നടത്തിയ നിരീക്ഷണങ്ങളെ ആസ്പദിച്ചാണ് വക്കം തന്റെ ആലോചനയെ നയിക്കുന്നത്. കർക്കശ മനോഭാവം, സാമൂഹ്യവ്യവസ്ഥിതിയെ അവഗണിച്ചു കൊണ്ടുള്ള സൂഫീവിചാരഗതി, ബഗ്ദാദിന്റെ പതനം ഇവയാണ് മുസ്‌ലിം അപകർഷത്തിന്റെ പ്രധാന ഹേതുക്കളായി ഗ്രന്ഥകാരൻ കാണുന്നത്.

(ഇസ്‌ലാമിലെ ചിന്താ പ്രസ്ഥാനങ്ങൾ' എന്ന പുസ്തകം 2006 ൽ 'ഒലിവ്' പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്.)

6
അതുല്യനായ മനുഷ്യൻ

വക്കം അബ്ദുൽ ഖാദറിന്റെ അവസാന കൃതിയാണ് 'അതുല്യനായ മനുഷ്യൻ.' ആയിരം പുറങ്ങൾ വരുന്ന ബൃഹദ് ഗ്രന്ഥമായാണ് ഈ പുസ്തകം വിഭാവന ചെയ്യപ്പെട്ടിരുന്നതെങ്കിലും ഗ്രന്ഥകാരന്റെ അനാരോഗ്യം മൂലം ഏഴ് അധ്യായങ്ങളിൽ ഒതുങ്ങുന്ന ഒരു ചെറു പുസ്തകമായാണ് പ്രസിദ്ധീകരിക്കപ്പെട്ടത്. 1977 ഫെബ്രുവരിയിലാണ് ആദ്യ പതിപ്പിറങ്ങുന്നത്. പ്രസാധകർ : പ്രതിഭാ ബുക്സ് കോഴിക്കോട്. പ്രതിഭയുടെ ആദ്യ പുസ്തകമായിരുന്നു 'അതുല്യനായ മനുഷ്യൻ.' പുസ്തകം പുറത്തിറങ്ങുന്നതിന്റെ അഞ്ചു മാസം മുമ്പ് വക്കം ദിവംഗതനായി.

(1) 'മനുഷ്യന്റെ അതുല്യതകൾ,' (2) 'മനുഷ്യന്റെ പഴയ കാലങ്ങൾ,' (3) 'ലിംഗബന്ധവും മനുഷ്യന്റെ വ്യക്തിത്വവും,' (4) 'മനുഷ്യൻ യുക്തിയുടെ അടിമയല്ല', (5) 'യുക്തിവാദം അന്നും ഇന്നും', (6) 'മതം ശാസ്ത്ര ദൃഷ്ടിയിൽ,' (7) 'പൗരസ്ത്യരുടെ സാംസ്കാരിക സംഭാവനകൾ' ഇവയാണ് പുസ്തകത്തിലെ അധ്യായങ്ങൾ. ആകെ പുറങ്ങൾ 116.

"എന്തൊരു സൃഷ്ടിയാണ് മനുഷ്യൻ! അവൻ എത്ര കുലീനൻ! കഴിവിൽ അവൻ എത്ര അപരിമിതൻ! ആകൃതിയിലും പെരുമാറ്റത്തിലും അവൻ എത്ര അഭിനന്ദനീയൻ. കാര്യഗ്രഹണത്തിൽ എത്ര ദിവ്യൻ! ലോകത്തിനൊരു സൗന്ദര്യമാണവൻ. ഇതര ജീവികൾക്കെല്ലാം അവൻ ഒരു ശിരോമണി! എന്ന് ഷേക്സ്പിയറുടെ ഹാംലെറ്റ് ആത്മഗതം ചെയ്യുന്നു" - ഇതാണ് പ്രഥമ അധ്യായത്തിന്റെ പ്രഥമ ഖണ്ഡിക.

പ്രകൃതിയിലെ ഏറ്റവും വലിയ അത്ഭുതം മനുഷ്യൻ തന്നെയാണെന്ന് ഗ്രന്ഥകാരൻ പ്രസ്താവിക്കുന്നു. പ്രകൃതിയുടെ ആത്മപ്രകാശനമത്രെ മനുഷ്യൻ. തോമസ് മാൻ, ഗൈഥേ എന്നിവർ മനുഷ്യനെ ഉദാത്തീകരിച്ചു പറഞ്ഞ മൊഴികൾ വക്കം ഉദ്ധരിക്കുന്നുണ്ട്. പ്രതിഭ കൊണ്ടനുഗൃഹീതനായ മനു

mappilaheritagelibrary.com

ഷ്യൻ ക്ഷണനേരം കൊണ്ട് പ്രകൃതിയുടെ മുമ്പിൽ നിസ്സഹായനായും ഭവിക്കുന്നു. പ്രകൃതിയുടെ മുഖത്തു നോക്കി പ്രചോദനം കൊള്ളുകയല്ലാതെ മറ്റൊന്നും മനുഷ്യനു ചെയ്യാൻ സാധിക്കുകയില്ല. മനുഷ്യനു മാത്രമാണ് ഒരേ സമയത്ത് അനേകം കാര്യങ്ങൾ ചെയ്യാൻ പ്രാപ്തിയുള്ളത്. സങ്കീർണവും വൈവിധ്യമുള്ളതുമാണ് അവന്റെ അറിവ്. മനുഷ്യൻ ഉപകരണങ്ങളുണ്ടാക്കുന്നു. പ്രതീകങ്ങൾ രൂപപ്പെടുത്തുന്നു. നാഗരികതകൾ സൃഷ്ടിക്കുന്നു. മൂല്യങ്ങൾ നിർമിക്കുന്നു. ഒരു ആശയത്തിനു വേണ്ടി എന്തും ത്യജിക്കാൻ തയാറാവുന്ന ഏക ജീവിയും മനുഷ്യൻ തന്നെ. പല കർമ മണ്ഡലങ്ങളിൽ ബദ്ധനാണവൻ. ധാർമികജീവിയും സദാചാരജീവിയുമാണ് മനുഷ്യൻ. ചുറ്റുപാടുകളുടെ അടിമയാകുന്നതിനു പകരം ചുറ്റുപാടുകളെ സ്വന്തം ഇഷ്ടത്തിനൊത്ത് പരിവർത്തിപ്പിക്കാൻ ശ്രമിക്കുന്നവനാണ് മനുഷ്യൻ. വ്യക്തമായ ഭാഷയിലൂടെ ആശയങ്ങൾ ആവിഷ്ക്കരിക്കാൻ കഴിയുന്ന ഏക ജീവിയും മനുഷ്യനാണ്. അവൻ യുക്തിപൂർവം ചിന്തിക്കുന്നു. അവൻ പശ്ചാത്തപിക്കുകയും ആത്മനിരൂപണം നടത്തുകയും ചെയ്യുന്നു. ചിരിക്കുന്ന മൃഗവും ചിന്തിക്കുന്ന മൃഗവും മനുഷ്യൻ മാത്രം. മനുഷ്യൻ മൃഗത്തേക്കാൾ നികൃഷ്ടനും മാലാഖയേക്കാൾ ഉൽകൃഷ്ടനുമാണ്. പ്രകൃതത്തിൽ പരിമിതനും അഭിവാഞ്ഛയിൽ അപരിമിതനുമാണവൻ. ഇങ്ങനെ, മനുഷ്യനെ സംബന്ധിക്കുന്ന അനേകം നിരീക്ഷണങ്ങളാൽ സമ്പന്നമാണ് ആദ്യഅധ്യായം. റസ്സൽ, കാർലൈൽ, ആൽഡസ് ഹക്സലി, മൂർ തുടങ്ങി നിരവധി ചിന്തകരെയും എഴുത്തുകാരെയും ഉദ്ധരിച്ചാണ് വക്കം ഇക്കാര്യങ്ങൾ സമർത്ഥിക്കുന്നത്.

മനുഷ്യൻ എങ്ങനെ തന്റെ ബുദ്ധിശക്തിയും ആത്മബലവും കൊണ്ട് പ്രകൃതിയുടെ മേൽ ആധിപത്യം സ്ഥാപിച്ചു എന്നന്വേഷിക്കുകയാണ് 'മനുഷ്യന്റെ പഴയകാലങ്ങൾ' എന്ന രണ്ടാം അധ്യായത്തിൽ വക്കം. സഹസ്രാബ്ദങ്ങൾക്കു മുമ്പ് കാടനും വേടനുമായി ജീവിച്ച മനുഷ്യനാണ് പിന്നീട് സംസ്കാരങ്ങളുടെയും സാമ്രാജ്യങ്ങളുടെയും ഉപജ്ഞാതാവായി വളർന്നത്. ജീവശാസ്ത്രപരമായി വീക്ഷിക്കുമ്പോൾ ലക്ഷക്കണക്കിനു വർഷങ്ങൾ മനുഷ്യൻ പിന്നിട്ടിരിക്കുന്നു. വിവിധ പരിണാമ ദശകൾ അതിനിടെ കഴിഞ്ഞു പോയി. ആധുനിക മനുഷ്യന്റെ ചരിത്രത്തിന് ഇരുപതിനായിരം കൊല്ലത്തെ പഴക്കമേയുള്ളുവെന്നും ഗ്രന്ഥകാരൻ ഓർമപ്പെടുത്തുന്നു. നരവിജ്ഞാനീയത്തിൽ നിന്നും പുരാവസ്തുവിജ്ഞാനീയത്തിൽ നിന്നുമാണ് ചരിത്രാതീത കാലത്തെ മനുഷ്യന്റെ വിശേഷങ്ങൾ നമുക്ക് ലഭിക്കുന്നത്. ഈ രണ്ടു വിജ്ഞാനീയങ്ങളെയും ഗ്രന്ഥകാരൻ പരിചയപ്പെടുത്തുന്നു. ചരിത്രത്തിലൂടെ പിന്നോട്ടു നടക്കുമ്പോൾ വിജ്ഞാനത്തിലൂടെ മുന്നോട്ടു നടക്കുകയാണ് നാം എന്ന് വക്കം പ്രസ്താവിക്കുന്നു.

'ലിംഗബന്ധവും മനുഷ്യവ്യക്തിത്വവും' എന്ന മൂന്നാമത്തെ അധ്യായത്തിൽ ഫ്രായിഡിന്റെ മനഃശാസ്ത്ര ചിന്തകളുടെ അപഗ്രഥനമാണ് വക്കം

mappilaheritagelibrary.com

നടത്തുന്നത്. അപഗ്രഥന മനഃശാസ്ത്രം കലാ, സാഹിത്യ പഠനങ്ങൾ ഉൾപ്പെടെ എല്ലാ വിജ്ഞാനശാഖകളെയും പ്രചോദിപ്പിക്കുന്നതായി ഗ്രന്ഥകാരൻ രേഖപ്പെടുത്തുന്നു. ഫ്രായിഡിനെ അന്ധമായി പിന്തുടരുകയോ വിമർശിക്കുകയോ ചെയ്യുകയല്ല വക്കം. മറിച്ച് ഫ്രായിഡ് തുറന്നിടുന്ന സാധ്യതകളെ വിശദീകരിക്കുകയാണദ്ദേഹം ചെയ്യുന്നത്. ഫ്രായിഡിനോടു വിയോജിച്ച ആഡ്‌ലറുടെയും യുങ്ങിന്റെയും നിരീക്ഷണങ്ങളും വക്കം വായനക്കാരുമായി പങ്കുവെക്കുന്നുണ്ട്.

ലിംഗബന്ധപരമായ സദാചാരബോധം മതാവബോധവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭൗതികവാദം ഇവിടെ നിശ്ശ്രേഷം പരാജയപ്പെടുകയാണ് ചെയ്യുന്നതെന്ന് വക്കം ചൂണ്ടിക്കാണിക്കുന്നു. "മനുഷ്യനിൽ അടങ്ങിയിട്ടുള്ള കേവലം മാനുഷികമല്ലാത്ത ഒരു ഘടകത്തിന്റെ അംഗീകാരം സിദ്ധിക്കുന്ന സദാചാര ബോധത്തിന്റെ അനുശാസനങ്ങൾ മനുഷ്യന്റെ ലിംഗബന്ധപരമായ വ്യാപാരങ്ങളെ നിയന്ത്രിക്കുമ്പോഴാണ് അവ ഏറ്റവും മാനുഷികമായിത്തീരുന്നത്"– വക്കം എഴുതുന്നു. സദാചാരബോധ നിയന്ത്രിതമല്ലാത്ത കാമതൃഷ്ണ മനുഷ്യനെ നശിപ്പിക്കുകയാണ് ചെയ്യുക. നഗ്നതാ പ്രസ്ഥാനം, പ്രേമ സ്വാതന്ത്ര്യം തുടങ്ങിയ പ്രവണതകളെ വക്കം സയുക്തികം എതിർക്കുന്നു.

"ശാസ്ത്രലോകം പുലർത്തിപ്പോന്ന ഭൗതിക വീക്ഷണത്തിന്റെ മരണമണി അടിച്ചു കഴിഞ്ഞുവെന്നു ആധുനിക ശാസ്ത്ര നായകൻമാർ പ്രഖ്യാപിച്ചിട്ടും അതിനെ ചെവി കൊള്ളാത്ത യുക്തിവാദികൾ ഇന്നുമുണ്ട്." എന്നു 'മനുഷ്യൻ യുക്തിയുടെ അടിമയല്ല" എന്ന അധ്യായത്തിൽ വക്കം എഴുതുന്നു. ക്വാണ്ടം മെക്കാനിക്സിനെയും വേവ് മെക്കാനിക്സിനേയും കുറിച്ചെഴുതുന്ന വക്കം ശാസ്ത്രവിഷയങ്ങളിൽ ഏറ്റവും സമകാലീനമായ അറിവ് സ്വായത്തമാക്കിയിരുന്നു എന്നു വ്യക്തം. ബോറിന്റെയും ഐൻസ്റ്റൈന്റെയും റൂതർഫോർഡിന്റെയും സിദ്ധാന്തങ്ങൾ വിശകലനം ചെയ്ത് വൈദ്യുത വ്യാപാരത്തെ വിവരിക്കുന്നതിൽ അവയുടെ പരാജയം വക്കം അനാവരണം ചെയ്യുന്നു. 1926 ൽ ഡിബ്രോഗ്‌ലിയും ഷ്റോഡിൻഗെറും അവതരിപ്പിച്ച ക്വാണ്ടം മെക്കാനിക്സ് ശാസ്ത്ര ചിന്തയിൽ വഴിത്തിരിവായി. ശാസ്ത്രീയ പഠനങ്ങളുടെ വികാസം അതുവരെ വലിച്ചെറിയപ്പെട്ടിരുന്ന പല കാര്യങ്ങളും വിലപ്പെട്ടവയാണെന്നു തെളിയിച്ചു.

'യുക്തിവാദം അന്നും ഇന്നും' എന്ന അധ്യായം ആരംഭിക്കുന്നതിങ്ങനെയാണ്. "യുക്തി ഇല്ലാത്തവനും യുക്തി മാത്രമുള്ളവനും ഓരോ പ്രകാരത്തിൽ വികലാംഗൻമാരാണ്. സത്യാന്വേഷണത്തിൽ യുക്തിഹീനൻമാരോ യുക്തിവാദികളോ വിജയിച്ചിട്ടില്ല." യുക്തിയാൽ അനുഗൃഹീതരായ ആളുകളെ വിശേഷിപ്പിക്കുന്നതിനുള്ള സംജ്ഞയല്ല 'യുക്തിവാദികൾ' എന്നത്. സത്യം ഗ്രഹിക്കാൻ യുക്തിയെ മാത്രം അവലംബിക്കുന്നവരും യുക്തിയിലൂടെ ലഭിക്കുന്നതല്ലാത്ത അറിവ് യഥാർത്ഥമല്ലെന്നും വിശ്വസിക്കുന്നവരെയാണ് 'യുക്തിവാദികൾ' എന്നു വിളിക്കുന്നത്. ഇന്ത്യയിൽ യുക്തിവാദത്തിനു

mappilaheritagelibrary.com

രണ്ടായിരം വർഷത്തെ പഴക്കമുണ്ട്. ലോകത്ത് ദുരാചാരങ്ങൾക്കും അന്ധ വിശ്വാസങ്ങൾക്കുമെതിരെ പൊരുതിയവരെല്ലാം യുക്തിവാദികളായിരുന്നില്ല. റൂസ്സോ, ടോൾസ്റ്റോയ്, ബർണാർഡ്ഷാ, ഗെയ്ഥെ, വോൾട്ടെയർ മുതലായ വരെ വക്കം ഉദാഹരിക്കുന്നു. പാശ്ചാത്യ തത്വചിന്തയുടെ ചരിത്രത്തിൽ യുക്തിവാദത്തെ ഫലപ്രദമായി ഉലച്ചിട്ടുള്ള ചിന്തകരാണ് ദെകാർതെ, കാന്റ്, ലൈബ്നിറ്റ്സ്, ഹെഗൽ എന്നിവർ. യുക്തിക്ക് നിർവചിക്കാൻ സാധിക്കാത്ത നിരവധി പ്രതിഭാസങ്ങൾ ശാസ്ത്രം കണ്ടെത്തിയിരിക്കുന്നു. പ്രപഞ്ചത്തെ സംബന്ധിച്ച യാന്ത്രിക വ്യാഖ്യാനം പോയി പ്രപഞ്ചം നമ്മുടെ ബോധത്തിൽ മാത്രം നിലനിൽക്കുന്ന ഒന്നാണെന്ന് അംഗീകരിക്കപ്പെട്ടു. ഗണിതവും ഊർജ തന്ത്രവും ജീവശാസ്ത്രവും യുക്തിയുടെ അതിരുകളെ ഉല്ലംഘിച്ചാണ് വളർന്നു കൊണ്ടിരിക്കുന്നത്. ഇത് ഇന്ന് യുക്തിവാദത്തിന്റെ നില പരുങ്ങലി ലാക്കിയിരിക്കുന്നു.

ഇതേ ചിന്തയുടെ തുടർച്ചയാണ് 'മതം ശാസ്ത്ര ദൃഷ്ടിയിൽ' എന്ന അടുത്ത അധ്യായവും ഉൾക്കൊള്ളുന്നത്. മതങ്ങളെ സംബന്ധിച്ചുള്ള ശാ സ്ത്രീയ പഠനത്തിനു തുടക്കം കുറിച്ചത് ഹെർബർട്ട് പ്രഭുവാണ്. ഡിബ്രോൻ വും ബെർഗിയറും മത താരതമ്യ പഠനത്തെ കൂടുതൽ മുന്നോട്ടു കൊണ്ടു പോയി. മതത്തെ യുക്തിപരമായും ശാസ്ത്രീയമായും സമീപിക്കാൻ ഹ്യും, വോൾട്ടയർ എന്നിവർ ആഹ്വാനം നൽകി. മതാധികാരികളുടെ ദുഷിച്ച സമ്പ്ര ദായങ്ങൾക്കെതിരെ അവർ പടപൊരുതി. മതം കേവലമായ ഒരാത്മീയാനു ഭൂതി മാത്രമാണെന്നും അതല്ല; സ്വാഭികമായ ഒരു സാമൂഹിക സ്ഥാപനമാ ണെന്നുമുള്ള നിരീക്ഷണങ്ങൾ പില്ക്കാലത്തുണ്ടായി. മതത്തെ ചരിത്രപ രവും ശാസ്ത്രീയവും ഭാഷാപരവുമായ കോണുകളിൽ നിന്നു പഠിച്ചവരിൽ പ്രധാനിയാണ് മാക്സ് മുള്ളർ.

കാൾ മാക്സിനെയും ഡാർവിനെയും ഫ്രായിഡിനെയും ആരാധനാ മൂർത്തികളായി കാണുന്നുവരുണ്ട്. എന്നാൽ ഇവരുടെ സിദ്ധാന്തങ്ങൾ മതത്തെ ഉലച്ചു കളഞ്ഞു എന്നു വിശ്വസിക്കുന്നത് അസംഗതമാണെന്ന് വക്കം പറയുന്നു. മാർക്സിന്റെ കമ്മ്യൂണിസവും ഡാർവിന്റെ പരിണാമ സിദ്ധാന്തവും ഫ്രായിഡിന്റെ അപഗ്രഥന മനഃശാസ്ത്രവും വക്കം വിശക ലനം ചെയ്യുന്നുണ്ട്. ശാസ്ത്ര മണ്ഡലത്തിൽ നിന്നുകൊണ്ട് മതാവബോധ (ഞലഹശഴശിശെേ) ത്തിലേക്ക് പ്രവേശിക്കുന്ന ശാസ്ത്രജ്ഞരെ വക്കം പരിചയപ്പെടുത്തുന്നു. ശുദ്ധ ശാസ്ത്രീയ വിചാരങ്ങളിൽ കൂടി അപഗ്രഥനാ തീതമായ ആത്മീയ മണ്ഡലത്തിലേക്കു നീങ്ങുന്ന ശാസ്ത്രജ്ഞന്മാരെ കുറി ച്ചാണ് വക്കം എഴുതുന്നത്. ഈ അധ്യായം വക്കം അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ്. "ഒരു കാര്യം തീർച്ച: 'ഈശ്വര' ന്റെ പേരിൽ ഏതു വിഡ്ഢി ത്തവും വഷളത്തവും പ്രവർത്തിക്കുകയും ചിന്തിക്കുകയും ചെയ്യുന്നവരുടെ സ്വത്തല്ല മതമെന്നു മതപഠനങ്ങൾ തെളിയിക്കുന്നു."

'പൗരസ്ത്യരുടെ സാംസ്കാരിക സംഭാവനകൾ' എന്നതാണ് 'അതുല്യ

mappilaheritagelibrary.com

നായ മനുഷ്യ'നിലെ അവസാന അധ്യായം. പാശ്ചാത്യ നാഗരികത പൗര സ്ത്യ നാഗരികതയോട് എത്രത്തോളം കടപ്പെട്ടിരിക്കുന്നു എന്നു വ്യക്തമാ ക്കുന്ന അന്വേഷണമാണ് ഈ അധ്യായത്തിൽ ഗ്രന്ഥകാരൻ നടത്തുന്നത്. 'കിഴക്ക് കിഴക്കും പടിഞ്ഞാറ് പടിഞ്ഞാറുമാണ്' എന്ന റുഡ്യാർഡ് കിപ്ളിം ഗിന്റെ അഭിപ്രായത്തോട് ഗ്രന്ഥകാരൻ വിയോജിക്കുന്നു. പൗരസ്ത്യരെ പാശ്ചാത്യർ അപരിഷ്കൃതരെന്നു വിളിക്കാറുണ്ട്. പക്ഷെ പാശ്ചാത്യരെ അന്ധതയുടെ നെടുനിദ്രയിൽ നിന്നുണർത്തിയത് പൗരസ്ത്യരാണ്. ഇന്ത്യ യും അറേബ്യയും തമ്മിൽ നടന്ന വിപുലമായ സാംസ്കാരിക വിനിമയം ഗ്രന്ഥകാരൻ വിസ്തരിച്ചു പ്രതിപാദിക്കുന്നുണ്ട്. ഗണിതം, ജ്യോതിശ്ശാസ്ത്രം, ഭൈഷജ്യം, ഭാഷാശാസ്ത്രം മുതലായവയിൽ ഭാരതീയർ ലോകനാഗരിക തയ്ക്കു മാർഗദർശനങ്ങൾ നൽകി. അറബികൾ വിവിധ ശാസ്ത്ര ശാഖ കൾക്കു നൽകിയ സംഭാവന ആരെയും വിസ്മയിപ്പിക്കാൻ പോന്നതാണ്. പാശ്ചാത്യ നാഗരികത കെട്ടിപ്പൊക്കിയിട്ടുള്ളത് ഈ അസ്തിവാരത്തിലാണ്. എല്ലാ മതങ്ങളും പൗരസ്ത്യമാണ്. യൂറോപ്പിനു സ്വന്തമെന്നു പറയാവുന്ന ആത്മീയ നിയമ സംഹിതകളൊന്നുമില്ല. കലയ്ക്കും സാഹിത്യത്തിനും പാശ്ചാത്യനാഗരികത പൗരസ്ത്യരോടു കടപ്പെട്ടിരിക്കുന്നു. അറബി സാഹി ത്യം യൂറോപ്യൻ സാഹിത്യത്തിലുണ്ടാക്കിയ പ്രഭാവം വക്കം വിശദീകരി ക്കുന്നുണ്ട്. തത്വജ്ഞാനത്തിനും അധ്യാത്മവിദ്യകൾക്കും പാശ്ചാത്യർ പൗര സ്ത്യരോടാണ് കടപ്പെട്ടിരിക്കുന്നത്.

ചുരുക്കത്തിൽ, മികവുറ്റ വൈജ്ഞാനിക കൃതി എന്ന നിലയിൽ ഇന്നും നിലനിൽക്കാൻ യോഗ്യമാണ് 'അതുല്യനായ മനുഷ്യൻ.'

7
ചിത്രദർശിനി

'ചിത്രദർശിനി,' ഗ്രന്ഥകർകത്താ: വക്കം എം.അബ്ദുൽ ഖാദർ, തൃശൂർ സരസ്വതി (ഇലക്ട്രിക്) പ്രിന്റിംഗ് & പബ്ലിഷിംങ്ങ് ഹൗസ്. 1121 കുംഭം/1946 ഫെബ്രുവരി, വില 2 ക.

വക്കം അബ്ദുൽ ഖാദർ വിദേശപ്രതിഭകളെ മാത്രം പിന്തുടർന്ന ഗ്രന്ഥ കാരനായിരുന്നില്ല എന്നതിനു തെളിവാണ് 'ചിത്രദർശിനി' എന്ന കൃതി. ഈ പുസ്തകത്തിൽ കേരളീയരായ ഒമ്പത് പ്രതിഭാശാലികളെയാണ് വക്കം അവ തരിപ്പിക്കുന്നത്. അവർ ഇവരാണ്: ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട്, ജോസഫ് മുണ്ടശ്ശേരി, ബോധേശ്വരൻ, എ.ഡി.ഹരി ശർമ, കെ.രാമകൃഷ്ണപിള്ള, കുട്ടി കൃഷ്ണ മാരാർ, പൊൻകുന്നം വർക്കി, സി.നാരായണ പിള്ള, ലളിതാംബിക അന്തർജനം.

മലയാളത്തിൽ തൂലികാ ചിത്രം എന്ന സാഹിത്യശാഖയെ ജനകീയമാ ക്കിയ വക്കത്തിന്റെ തൂലികയിൽ നിന്നു വിരിഞ്ഞ ഏതാനും ചിത്രങ്ങളാണ് ഈ 'ദർശിനി' യിലൂടെ നമുക്ക് ലഭിക്കുന്നത്. തന്റെ തൂലികാചിത്രങ്ങളുടെ ഒന്നാം ഭാഗത്തിനു പത്രങ്ങളിൽ വന്ന നിരൂപണങ്ങളിലെ രണ്ടു ദോഷാരോ പണങ്ങളെ ഖണ്ഡിച്ചു കൊണ്ടാണ് വക്കം 'ചിത്രദർശിനി' യുടെ മുഖവുര ആരംഭിക്കുന്നത്. (1) വ്യക്തികളുടെ സ്വകാര്യ ജീവിതത്തിനു പ്രാധാന്യം നൽകിയില്ല. (2) പൊതു പ്രവർത്തനങ്ങളെ വിവരിക്കുകയും വിമർശിക്കു കയും ചെയ്യുന്നു, ഇവയാണ് പ്രസ്തുത ദോഷാരോപണങ്ങൾ. തന്റെ തൂലികാ ചിത്രങ്ങളിൽ സ്വകാര്യ ജീവിതത്തിനു പ്രാധാന്യം കൊടുത്തിട്ടുണ്ട് എന്നാണ് ഒന്നാമത്തെ വിമർശനത്തിനുള്ള വക്കത്തിന്റെ മറുപടി. രണ്ടാ മത്തെ വിമർശനത്തിനുള്ള മറുപടിയായി അദ്ദേഹം എഴുതുന്നു: "തൂലികാ ചിത്രം വിമർശനപരമായിരുന്നു കൂടാ എന്നും അതിൽ പൊതുകാര്യ ജീവിതം

mappilaheritagelibrary.com

കലർന്നുകൂടാ എന്നും ഉള്ള അഭിപ്രായം വെറും ബാലിശമായ അഭിപ്രായ മാണ്." തുടർന്നു തൂലികാചിത്രം എന്ന സാഹിത്യഗണത്തെക്കുറിച്ച് വക്കം ഏതാണ്ടൊരു വിവരണം നൽകുന്നുണ്ട്. "തൂലികാചിത്രകാരൻ കലാകാര നായിരിക്കുന്ന കാലത്തോളം അവൻ ഒരു പ്രകാശകനോ പകർത്തിയെഴു ത്തുകാരനോ മാത്രം ആയിരിക്കില്ല," എന്നാണ് വക്കത്തിന്റെ നിരീക്ഷണം.

"രഹസ്യവും പരസ്യവുമായ ജീവിതത്തെ ഇടകലർത്തിക്കൊണ്ടല്ലാതെ ഒരു വ്യക്തിയെയും വേണ്ട പോലെ പ്രകാശിപ്പിക്കുക സാധ്യമല്ല," എന്നും വക്കം തീർത്തു പറയുന്നു. "ആന്തരജീവിത പ്രധാനമായ ആധുനിക തൂലി കാചിത്രം കലാവിലാസേന വിമർശനപരമായ ചുരുക്കിപ്പറച്ചിലിൽ കൂടി മുന്നോട്ടു പോവുന്നു" എന്ന നിരീക്ഷണവും ശ്രദ്ധേയമാണ്. എ.ജി.ഗാർഡി നെർ, സ്റ്റീഫൻ സ്വിഗ്, ഇതെൽ മാനിൻ മുതലായവർ രചിച്ച തൂലികാചിത്ര ങ്ങൾ എടുത്തു കാട്ടി വക്കം തന്റെ നിലപാട് ഉറപ്പിക്കുന്നുണ്ട്. വിമർശന ത്തോടുള്ള ആളുകളുടെ അതൃപ്തി, പ്രശംസക്കു വേണ്ടിയുള്ള ദാഹം, അല്പൻമാർ പത്രത്താളുകളിൽ നിറഞ്ഞു നിൽക്കുമ്പോൾ ശാസ്ത്ര പ്രതി ഭകളും ധിഷണാശാലികളും ആരോരുമറിയാതെ ജോലി ചെയ്യുന്നത്, ജാതി യുടെയും മതത്തിന്റെയും പേരിലുള്ള അഭിമാനവും നിന്ദയും ഇത്യാദി കാര്യ ങ്ങളിലേക്കു കൂടി 'ചിത്രദർശിനി'യുടെ മുഖവുരയിൽ വക്കം വെളിച്ചം വീശു ന്നുണ്ട്. മലയാള സാഹിത്യ രംഗത്തെ, ഇന്നും നില നിൽക്കുന്ന ചില ദുഷ്പ്ര വണതകളിലേക്കാണ് വക്കം വിരൽ ചൂണ്ടുന്നത്.

ഇ.എം.എസ്സിനെ വക്കത്തിന്റെ തൂലിക ഇങ്ങനെ ചിത്രപ്പെടുത്തുന്നു: "കൂട്ട ത്തിൽ നിൽക്കുമ്പോൾ അദ്ദേഹത്തെ നിങ്ങൾ ഒറ്റക്കു കാണും, അദ്ദേഹത്തെ ഒറ്റക്ക് കാണുമ്പോൾ നിങ്ങൾ കൂട്ടത്തെ ഓർമിക്കും. ഇം.എം.എസ് ഒരു സംഘടനയിൽ ചേരുമ്പോൾ ആ സംഘടനയ്ക്കു ശരീരബലത്തേക്കാൾ കൂടു തൽ ചൈതന്യബലം ലഭിക്കുന്നു. ഒരു വ്യക്തിയേയോ സംഘടനയേയോ അദ്ദേഹം പിന്താങ്ങുമ്പോൾ ചിന്താസുരഭിലവും വിഭവസമൃദ്ധവുമായ ഒരു തലച്ചോറ് അവരെ പിന്താങ്ങുന്നുവെന്നു പറയാം."

വേഷത്തിലും നടപ്പിലും ജീവിതരീതിയിലുമുള്ള ഇ.എം.എസ്സിന്റെ ലാളി ത്യത്തെ കുറിച്ച് വക്കം വാചാലനാവുന്നുണ്ട്. കാവ്യാത്മകമായ വർണന കളാൽ സമ്പന്നമാണ് ഈ തൂലികാചിത്രമെന്നു നിസ്സംശയം പറയാം. ഒരു പാട് അർത്ഥപൂർണമായ കാര്യങ്ങൾ പറയാനുള്ള ഇ.എം.എസ്സിന് വിക്കു കൊടുത്തത് ദൈവത്തിന്റെ കുസൃതിയായി വക്കം കാണുന്നു. "എന്നാൽ അദ്ദേഹത്തെ നിങ്ങൾ കേട്ടു കഴിഞ്ഞാൽ അദ്ദേഹത്തിന്റെ ഹൃദയത്തെയാ യിരിക്കും നിങ്ങൾ കേട്ടു കഴിയുന്നത്." കോഴിക്കോട് പത്രപ്രവർത്തകനാ യിരിക്കെ ഇ.എം.എസ്സുമായി തനിക്കുണ്ടായിരുന്ന വ്യക്തിപരമായ അടുപ്പ ത്തെയും സൗഹൃദത്തെയും കുറിച്ച് വക്കം പറയുന്നുണ്ട്. നമ്പൂതിരി സമു ദായത്തിന്റെ സമുദ്ധാരണത്തിനു വേണ്ടി ഇ.എം.എസ്സ് നടത്തിയ പ്രയത്ന ങ്ങളും തൊഴിലാളികളുടെ വിമോചനത്തിനു വേണ്ടി നടത്തിയ സമരങ്ങളും

mappilaheritagelibrary.com

തൂലികാ ചിത്രത്തിൽ മിഴിവോടെ തെളിയുന്നു.

ജോസഫ് മുണ്ടശ്ശേരിയെക്കുറിച്ചു വക്കം പറയുന്നത് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ മുഖ്യഘടകങ്ങൾ അപ്രകാശിതമായി തുടരുന്നു എന്നാണ്. അതായത്, കഥാപുരുഷനെ പൂർണമായി ആരും മനസ്സിലാക്കിയിട്ടില്ല എന്നർത്ഥം. 'പുസ്തകഭരിതമായ ഒരു കൊച്ചു മുറി'യിലാണ് ജോസഫ് മുണ്ടശ്ശേരിയെ വക്കം സന്ധിക്കുന്നത്. "പലമാതിരി ഗ്രന്ഥങ്ങളും പത്രങ്ങളും നിറഞ്ഞിരിക്കുന്ന അലമാരകളുടേയും കസേരകളുടേയും മേശയുടേയും ഇടയ്ക്ക് അർധനഗ്നനായി ഒരു ചാരു കസേരയിൽ ഇരുന്നും കിടന്നും കൊണ്ട് സൗമ്യനായും ശാന്തനായും, പ്രക്ഷുബ്ധനായും, സംഹാര രുദ്രനായും, മൃദുലമായി, സരളമായി, സുന്ദരമായി, പ്രൗഢമായി കഠിനമായി അദ്ദേഹം സംഭാഷണം ചെയ്തു." തദവസരത്തിൽ തനിക്കുണ്ടായ അനുഭൂതിയെ വക്കം ഇങ്ങനെ വെളിപ്പെടുത്തുന്നു: "അന്നേരം രൗദ്രഭംഗിയും മൃദുലഭംഗിയും ഇടകലർന്ന ഒരു കാനന വീഥിയിൽ കൂടി സഞ്ചരിക്കുന്ന അനുഭവമാണ് എന്നിലുണ്ടായത്." കവിത പോലെ മനോഹരമാണ് തുടർന്ന് വക്കം ഒരുക്കുന്നു വാങ്മയ ചിത്രം. മുണ്ടശ്ശേരിയുടെ എഴുത്തിന് അദ്ദേഹത്തിന്റെ സംഭാഷണത്തിന്റെയത്ര ചാരുതയില്ലെന്നാണ് വക്കത്തിന്റെ പക്ഷം.

ബോധശ്വരനെക്കുറിച്ചു വക്കം പറഞ്ഞു തുടങ്ങുന്നതിങ്ങനെ: "തിരുവനന്തപുരത്തെ മെയിൻ റോഡിന്റെ പല ഭാഗങ്ങളിൽ വെച്ചു സായാഹ്ന വേളകളിൽ, പലമാതിരി വേഷങ്ങളിൽ ഈ മനുഷ്യനെ നിങ്ങൾ കണ്ടിട്ടുണ്ടാവാം." ഒരു പടത്തലവനെ ഓർമിപ്പിക്കുന്ന രീതിയിൽ, നിത്യസഹചാരിയായ വടിയോടു കൂടി, തലയുയർത്തിപ്പിടിച്ചാണ് ബോധേശ്വരന്റെ നടത്തം. വക്കം തുടരുന്നു: "ബലവും കരുത്തുമുള്ള ശരീരത്താൽ മാത്രമല്ല, ഊക്കും ഊർജ്ജസ്വലതയുമുള്ള തൂലിക കൊണ്ട് മുഴക്കവും മധുരിമയുമുള്ള സ്വരം കൊണ്ട് അദ്ദേഹം നിങ്ങളുടെ ഗണനയിൽ വന്നു കയറുന്നു."

ജ്വാല കെട്ടടങ്ങിയ തീക്കട്ടയോടാണ് വക്കം ബോധേശ്വരനെ ഉപമിക്കുന്നത്. ബോധേശ്വരന്റെ പ്രസംഗത്തെക്കുറിച്ചാണ് വക്കത്തിന് ഏറെ പറയാനുള്ളത്. പലപ്പോഴും അദ്ദേഹത്തിന്റെ പ്രസംഗവിഷയം തന്റെ കൂട്ടു പ്രസംഗകരായിരിക്കുമത്രെ! ബോധേശ്വരന്റെ വിമർശനം പേടിച്ച് പലരും യോഗത്തിനെത്താതിരിക്കും. "തനിക്കു തള്ളിക്കളയുവാൻ തകർത്തു കളയുവാനുള്ള കാര്യങ്ങൾ മറ്റുള്ളവർ ചെയ്തു കൊണ്ടിരിക്കുന്നതിനാൽ അദ്ദേഹം ജീവിക്കുന്നു" എന്നാണ് വക്കത്തിനു പറയാനുള്ളത്. "നിങ്ങളെ തൊട്ടു തലോടുവാനല്ല, തട്ടി വീഴ്ത്തുവാനാണ് അദ്ദേഹം ഇഷ്ടപ്പെടുന്നത്." ഇന്ത്യൻ സ്വാതന്ത്ര്യ സമരമാണ് ബോധേശ്വരനെ കർമോത്സുകനാക്കിയത്. സ്വാതന്ത്ര്യ സമരം ഉണ്ടായിരുന്നില്ലെങ്കിൽ അദ്ദേഹം ഒരു വേദാന്തിയാകുമായിരുന്നു എന്ന് വക്കം നിരീക്ഷിക്കുന്നു.

ആർഭാട രഹിതമായ വേഷം, പ്രൗഢിയോ പ്രതാപമോ തോന്നിപ്പിക്കാത്ത രൂപം, സാധുവായ പ്രകൃതം, ഒതുങ്ങിയ ഭാവം, ആകെ കൂടി നോക്കിയാൽ

mappilaheritagelibrary.com

ഒരു പച്ചപ്പാവം!" എ.ഡി.ഹരിശർമയെക്കുറിച്ചാണ് വക്കം ഇങ്ങനെ എഴുതുന്നത്. ഭാഷാ സാഹിത്യത്തിലെ കഴിഞ്ഞു പോയ അനവധി അനുഭവങ്ങളെയും വ്യക്തികളെയും പ്രസിദ്ധീകരണങ്ങളെയുമാണ് ഹരിശർമ ഓർമ്മിപ്പിക്കുക. "ആ പഴയ കാലത്തിന്റെ കാൽപ്പെരുമാറ്റങ്ങൾ ഹരിശർമയുടെ വാക്കുകളിൽ കൂടി നിങ്ങൾക്കു കേൾക്കാം" എന്നു പറയുന്നു വക്കം. കേരളത്തിലെ ആനുകാലിക പ്രസിദ്ധീകരണങ്ങളെല്ലാം ശേഖരിച്ചു വെക്കുകയും വായിക്കുകയും ചെയ്തിട്ടുള്ള ആളാണ് ഹരിശർമ. കേരള സാഹിത്യ പരിഷത്തിനെ ജീവിപ്പിച്ചു നിർത്തിയത് ഹരിശർമയാണെന്ന് വക്കത്തിന്റെ വാക്കുകളിലൂടെ നമ്മൾ അറിയുന്നു.

'പരിവർത്തനത്തിന്റെ യുവ കാമുകൻമാരിലൊരാളായി' കെ.രാമകൃഷ്ണപിള്ളയെ വക്കം പരിചയപ്പെടുത്തുന്നു. നാടകക്കാരൻ, നടൻ, പ്രസംഗകൻ, രാഷ്ട്രീയ പ്രവർത്തകൻ, അഭിഭാഷകൻ ഇങ്ങനെ പലതുമായിരുന്നു രാമകൃഷ്ണപിള്ള. രാമകൃഷ്ണപിള്ളയുടെ വൈയക്തിക സവിശേഷതകളെക്കുറിച്ചാണ് വക്കം വിസ്തരിച്ചെഴുതുന്നത്. സ്നേഹിക്കുന്നവരെ അദ്ദേഹം എത്രത്തോളം ആഴത്തിൽ സ്നേഹിക്കുന്നുവെന്നും വികാരഭേദങ്ങൾക്കനുസരിച്ച് അദ്ദേഹത്തിൽ എന്തെല്ലാം മാറ്റങ്ങളുണ്ടാവുന്നുവെന്നുമെല്ലാം വക്കം പറയുന്നുണ്ട്.

"രാമകൃഷ്ണ പിള്ളയുടെ നാടകങ്ങൾക്കുള്ള ഒന്നാമത്തെ ഗുണം അവ നാടകങ്ങളാണെന്നുള്ളതാണ്. ... അദ്ദേഹം മർദ്ദിത ലോകത്തിന്റെ പ്രതിനിധിയും പ്രബോധകനുമായ കലാകാരനാണ്... വിപ്ലവത്തോടുള്ള തന്റെ പ്രേമം അതിരു കടക്കുമ്പോൾ അദ്ദേഹം ജയിലിലെത്തുന്നു"- ഇവയെല്ലാമാണ് വക്കത്തിന്റെ വാക്കുകളിലൂടെ രാമകൃഷ്ണപിള്ളയെക്കുറിച്ചു നമുക്കു ലഭിക്കുന്ന വിവരങ്ങൾ.

കുട്ടികൃഷ്ണമാരാരെ നേരിൽ പരിചയമുള്ള പ്രതീതി വായനക്കാർക്കുണ്ടാക്കിക്കൊടുക്കാൻ വക്കത്തിന്റെ സമർത്ഥമായ തൂലികക്കു സാധിക്കുന്നു. "പൊതുരംഗങ്ങളിലിറങ്ങി വിഹരിക്കുകയോ കൂട്ടുകാരുമായി കൂടി നടക്കുകയോ ചെയ്യുന്ന കൂട്ടത്തിലല്ല അദ്ദേഹം. തന്റെ പാർപ്പിടം വിട്ടാൽ മാതൃഭൂമി ആഫീസിൽ, അവിടം വിട്ടാൽ തന്റെ പാർപ്പിടത്തിൽ." മാരാരുടെ ഗാഢമായ വായനയെ വക്കം ഇങ്ങനെ അടയാളപ്പെടുത്തുന്നു: "ചമ്പുക്കളോ അവയെ അധികരിച്ചു മറ്റു വല്ല ഗ്രന്ഥങ്ങളോ വായിച്ചു കൊണ്ടിരിക്കുന്ന അവസരത്തിൽ ഭൂകമ്പമുണ്ടായാലും മാരാര് അത് അറഞ്ഞില്ലെന്നു വരാം... ബഹുജനങ്ങൾ അദ്ദേഹത്തെയെന്ന പോലെ അദ്ദേഹം ബഹുജനങ്ങളെയും അറിയുന്നില്ല..."

പലരും യാഥാസ്ഥിതികനായി ഗണിക്കുന്ന മാരാരെ ശുണ്ഠി പിടിപ്പിക്കാനുള്ള മാർഗം മലയാളത്തിലോ സംസ്കൃതത്തിലോ അല്ലാതെ അദ്ദേഹത്തിന് കത്തയക്കുകയാണ് എന്ന് വക്കം പറയുന്നു. 'ഇംഗ്ലീഷിലാണെങ്കിൽ അതെഴുതിയവനെ കിട്ടിയാൽ മാരാര് ഇടിക്കുവാനും മതി.' എഴുത്തിൽ ഇംഗ്ലീഷിനെ

mappilaheritagelibrary.com

എതിർക്കുന്ന മാരാർ സംസാരത്തിൽ മുറി ഇംഗ്ലീഷ് തട്ടിവിടുമായിരുന്നു വത്രെ! സ്നേഹത്തിലും വിദ്വേഷത്തിലും ഒരുപോലെ അന്ധനാണ് മാരാര് എന്നാണ് വക്കത്തിന്റെ ഒരു നിരീക്ഷണം. ഉള്ളൂരിനെ മാത്രമേ മാരാര് വിമർശിക്കാതിരുന്നിട്ടുള്ളൂ. മാരാർക്ക് അതിനുള്ള ധീരത പോരാ എന്നാണ് വക്കത്തിന്റെ വിമർശനം. ഉള്ളൂരിന്റെ മുമ്പിൽ താൻ അധീരനായിപ്പോവുന്നു വെന്ന് മാരാര് തന്നെ വക്കത്തോട് ഏറ്റു പറഞ്ഞിട്ടുണ്ട്. ആരെയും മാന്തിക്കീറാൻ സന്നദ്ധനായി നിന്നിരുന്ന മാരാർക്ക് തന്നെ ആര് മാന്തിക്കീറുന്നതിലും വിരോധമുണ്ടായിരുന്നില്ല. നല്ല കവിതകളെഴുതി മറച്ചുവെച്ചിട്ടുള്ള രഹസ്യകവികളിലൊരാളാണ് മാരാർ എന്ന് വക്കം വെളിപ്പെടുത്തുന്നു.

പൊൻകുന്നം വർക്കിയിൽ വക്കം കാണുന്നത് സുന്ദരനായ കഥാകാരനേക്കാൾ സുധീരനായ കഥാകൃത്തിനെയാണ്. "നിങ്ങളെ ആനന്ദത്തിന്റെ അടിത്തട്ടിലേക്കു ചുഴറ്റിക്കൊണ്ടു പോവുന്ന കലാസൗന്ദര്യത്തിന്റെ ഒരു ചുഴിയല്ലെങ്കിലും നിങ്ങളുടെ മലിനതയെ അടിച്ചിളക്കുന്ന ഒരലയാണ്" പൊൻകുന്നം വർക്കി. "അദ്ദേഹം വെളിപ്പെടുത്തുന്ന സത്യത്തെ നിങ്ങൾക്ക് നിങ്ങളുടെ കാമിനിമാരെപ്പോലെ ചുംബിക്കാൻ തോന്നുകയില്ല."

കലാകാരൻ എന്നതിനേക്കാളുപരി സമുദായ പരിഷ്ക്കർത്താവും വിപ്ലവകാരിയുമായാണ് വക്കം വർക്കിയെ കാണുന്നത്. എന്നാൽ, 'മതമർദ്ദകനായ വർക്കി ഒരു വിധത്തിൽ മതത്തെ ഉജ്ജീവിപ്പിക്കുകയാണ് ചെയ്യുന്നത്' എന്ന് വക്കം അഭിപ്രായപ്പെടുന്നു. "മതത്തിന്റെ നേർക്കുള്ള അദ്ദേഹത്തിന്റെ ചില അട്ടഹാസങ്ങൾ കേൾക്കുമ്പോൾ മതത്തെ നിങ്ങൾക്ക് ഓമനിക്കണമെന്നു പോലും തോന്നിപ്പോവും." തുടർന്ന് വക്കം ഇങ്ങനെ പറയുന്നു: "ദുരാചാരധ്വംസകനെന്നല്ലാതെ വർക്കിയെ മതധ്വംസകനെന്നു വിളിക്കേണ്ട."

തിരുവിതാംകൂറിലെ രാഷ്ട്രീയ നായകൻമാരിലൊരാളായിരുന്നു സി.നാരായണ പിള്ള. നിശ്ചയ ദാർഢ്യവും സത്യസന്ധതയും അഭിപ്രായ സ്ഥിരതയുമാണ് അദ്ദേഹത്തിന്റെ കുറ്റങ്ങളും കുറവുകളും. തങ്ങൾ താമസിക്കുന്ന മന്ദിരങ്ങളെക്കൊണ്ടും കൂട്ടി വെയ്ക്കുന്ന പണത്തെക്കൊണ്ടും മാത്രം അറിയപ്പെടുന്നവരുടെ ഗണനയിൽ അദ്ദേഹം ഉൾപ്പെടുന്നില്ല. "അദ്ദേഹം എഴുതുമ്പോഴും പ്രസംഗിക്കുമ്പോഴും സംഭാഷണം ചെയ്യുമ്പോഴും നിങ്ങൾക്കു നിർവികാരനായിരിക്കാൻ കഴിയുകയില്ല." സി.നാരായണപിള്ളയിലെ പുസ്തകപ്രേമിയെയും വക്കം വരച്ചിടുന്നു.

"കഴിവുകേടിനോ അപ്രാപ്തിക്കോ പെണ്ണെന്ന് പേരിടാമെങ്കിൽ ലളിതാംബികയെ സ്ത്രീകളുടെ കൂട്ടത്തിൽ ചേർക്കരുത്." എന്നു പറഞ്ഞു കൊണ്ടാണ് ലളിതാംബിക അന്തർജനത്തിന്റെ തൂലികാചിത്രം വക്കം ആരംഭിക്കുന്നത്. "അടുക്കളയിലോ ഇല്ലത്തിലോ കടക്കാതെ തന്നെ അന്തർജനത്തെ നിങ്ങൾക്കു മനസ്സിലാക്കാം. ലളിതാംബികയുടെ അടുപ്പു നിങ്ങളുടെ ഹൃദയമാണ്, അവരുടെ അങ്കണം നിങ്ങളുടെ ജീവിതവും." ലളിതാംബിക അന്തർജനത്തിന്റെ ജീവിതവും ചിന്തകളും വക്കത്തിന്റെ തൂലികയാൽ കുറ്റ

മറ്റ നിലയിൽ ആവിഷ്ക്കരിക്കപ്പെടുന്നു. "ലളിതാംബിക കൂട്ടിലെ കിളിയല്ല. കാട്ടിലെയും നാട്ടിലെയും കിളിയാണ്. ചിലപ്പോൾ അത് നഗരത്തിലേക്കു പറക്കുന്നു."

ഇല്ലത്തു ചെന്നാൽ ലളിതാംബിക എത്ര നല്ല നിലയിലാണ് സ്വീകരിക്കുക എന്ന് വക്കം വിശദീകരിക്കുന്നുണ്ട്. അവർ സഹിച്ച ത്യാഗങ്ങളെക്കുറിച്ചും വക്കം എഴുതുന്നു. അവരുടെ രൂപത്തെ കുറിച്ചു വക്കം പറയുന്നതിങ്ങനെയാണ്: ലളിതാംബികയുടെ അടുത്തിരിക്കുമ്പോൾ ഒരു പരവശതയുടെ നിഗൂഢ സ്പന്ദനം നിങ്ങൾ അനുഭവിക്കും. തേഞ്ഞു മാഞ്ഞ് അടഞ്ഞു പോവുന്ന ഒരു അമ്പിളിക്കലയെ നിങ്ങൾ അവരെക്കാണുമ്പോൾ ദർശിക്കാനിടയുണ്ട്. അല്ലെങ്കിൽ അരണ്ട നിലാവത്ത്, പച്ചയും വർണോജ്വലതയും കുറഞ്ഞു കൊണ്ടിരിക്കുന്ന ഒരു പൂന്തോട്ടത്തിലിരിക്കുമ്പോഴുണ്ടാകുന്ന അനുഭവം ലളിതാംബികയുടെ സാന്നിധ്യം നിങ്ങളിൽ കലർത്തിയേക്കും." അവരുടെ കവിതകളെയും കഥകളെയും സ്നേഹവായ്പോടെ വക്കം സ്പർശിക്കുന്നു. അവരുടെ ഒരു കവിതയും പുസ്തകാന്ത്യത്തിൽ പൂർണമായി ഉദ്ധരിച്ചിരിക്കുന്നു.

8
ജി.ശങ്കരക്കുറുപ്പും വക്കം അബ്ദുൽ ഖാദറും

മലയാള കവിതയിൽ മിസ്റ്റിസിസത്തിന്റെയും ആത്മനിഷ്ഠമായ പ്രകൃത്യുപാസനയുടെയും മഹാനാദമായിരുന്ന കവി ജി.ശങ്കരക്കുറുപ്പിന്റെ കാവ്യപ്രപഞ്ചത്തിലേക്ക് നിരൂപകനായ വക്കം അബ്ദുൽ ഖാദർ ഒരു വാതിൽ തുറന്നു വച്ചു. 'ജി യും ഭാഷാകവികളും' എന്ന പഠന ഗ്രന്ഥമായിരുന്നു അത്. ജീവിച്ചിരിക്കുന്ന ഒരു കവിയുടെ കവിതകളെ സമഗ്രമായി വിലയിരുത്തി ഇങ്ങനെയൊരു പഠനം മലയാളത്തിൽ അതിനു മുമ്പ് പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. ആ നിലയ്ക്ക് ചരിത്രപരമായ പ്രാധാന്യവും ജിയെക്കുറിച്ചുള്ള വക്കത്തിന്റെ നിരൂപണ ഗ്രന്ഥത്തിനുണ്ട്. ജി.ശങ്കരക്കുറുപ്പിനെ മലയാളിക്ക് വേണ്ടവിധം മനസ്സിലാക്കിക്കൊടുത്തത് വക്കത്തിന്റെ അനുഗ്രഹീത തൂലികയാണ്. ഗാഢമായ സൗഹൃദമാണ് ഇരുവർക്കുമിടയിലുണ്ടായിരുന്നത്. വക്കത്തിന് ജി അയച്ച കത്തുകൾ ആ ഊഷ്മള ബന്ധത്തിനു തെളിവു തരുന്നു. ജി.ശങ്കരക്കുറുപ്പ് വക്കത്തിനയച്ച കത്തുകൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വക്കത്തിന്റെ സുഹൃത്തും ജീവചരിത്രകാരനുമായ മുത്താന താഹയാണ് സമ്പാദകൻ.

വക്കം അബ്ദുൽ ഖാദർ തയാറാക്കിയ, ഇഖ്ബാലിന്റെ 'അസ്റാറെ ഖുദി' തർജമയ്ക്ക് അവതാരിക എഴുതിയത് ജി.യാണ്. ഈ അവതാരിക എഴുതുന്നതിനു വേണ്ടി പുസ്തകത്തിന്റെ കൈയെഴുത്ത് പ്രതി വായിച്ചു കൊണ്ടിരിക്കുന്ന വേളയിലെഴുതിയതാണ് സമാഹാരത്തിലെ ആദ്യ കത്ത്. കവിക്ക് ഇഖ്ബാലിനേക്കുറിച്ചും ഇതര പാരസിക കവികളെക്കുറിച്ചുമുള്ള മതിപ്പും ആദരവും പ്രസ്തുത കത്ത് പ്രകടമാക്കുന്നു. അസ്റാറെ ഖുദിയുടെ ഇംഗ്ലീഷ് തർജമയ്ക്കുള്ള അന്വേഷണം പ്രസ്തുത കത്തിലുണ്ട്.

mappilaheritagelibrary.com

മിക്ക കത്തുകളിലും ജി. വക്കത്തെ അഭിസംബോധന ചെയ്യുന്നത് "ഭ്രാത/പ്രിയ ഭ്രാത" എന്നാണ്. ഇരുവരും സഹോദരങ്ങളായാണ് പരസ്പരം കണക്കാക്കിയിരുന്നതെന്ന് ഈ അഭിസംബോധനയിൽ നിന്നു സിദ്ധം.

എറണാകുളം മഹാരാജാസ് കോളേജിൽ അധ്യാപകനായിരുന്ന ജി.ശങ്കരക്കുറുപ്പ് കേരള സാഹിത്യപരിഷത്തിന്റെ മുഖപത്രമായ "പരിഷത്ത് ത്രൈമാസിക" യുടെ പത്രാധിപ ചുമതലയും വഹിച്ചിരുന്നു. ത്രൈമാസികയുമായി വക്കത്തെ അടുപ്പിക്കുന്നതിന് ജി. ശ്രമിച്ചിരുന്നു. അക്കാലത്തെ മറ്റെല്ലാ പ്രമുഖ ആനുകാലികങ്ങളിലും സജീവ സാന്നിധ്യമായിരുന്ന വക്കം പരിഷത്ത് ത്രൈമാസികയെ അവഗണിക്കുന്നതിൽ ജി. പരിഭവം പറയുന്നുണ്ട്. ജി. എഴുതി: "ത്രൈമാസികത്തിൽ നിന്നും നിങ്ങൾ മനഃപൂർവം ഒഴിയുകയാണ് ചെയ്തത്. തീർച്ചയായിട്ടും അത് കേരള സംസ്കാരത്തോടു കാണിച്ച അനാസ്ഥയായിട്ടേ എനിക്കു ഗണിക്കുവാൻ കഴിയൂ. മറ്റു പത്രങ്ങളോ മാസികകളോ തരുന്നതിലധികം പ്രതിഫലം തരാൻകൂടി ഒരുക്കമായ പരിഷത്തിനോട് നിങ്ങൾക്ക് എന്താണ് വിദ്വേഷത്തിനു മൂലമെന്ന് എനിക്കറിഞ്ഞു കൂടാ... നിങ്ങൾക്ക് ആധുനിക കേരളീയ സാഹിത്യത്തെ പരാമർശിക്കാനിഷ്ടമില്ലെങ്കിൽ വിശ്വപ്രസിദ്ധരായ ലോക സാഹിത്യകാരൻമാരുടെ വ്യക്തിമഹിമ ആവിഷ്ക്കരിക്കുന്ന ലഘുലേഖനങ്ങൾ തന്നാൽ മതി. സഹായിക്കുമോ?"

അക്കാലത്ത് കവികൾക്കും സാഹിത്യകാരൻമാർക്കുമിടയിലെ കുശുമ്പും കുന്നായ്മകളുമൊക്കെ ജി.വക്കത്തിനയച്ച കത്തുകളിൽ വെളിപ്പെടുന്നുണ്ട്. ചങ്ങമ്പുഴയെ വിമർശിച്ച് ജി. എഴുതിയ 'കലോപാസനം' എന്ന കവിതയും അതിനു ചങ്ങമ്പുഴ വീരഭദ്രൻ എന്ന തൂലികാ നാമത്തിൽ എഴുതിയ മറുപടിയും വള്ളത്തോളിനെതിരേ ചിലർ നടത്തിയ ചരടുവലികളുമൊക്കെ ജി. വക്കവുമായി പങ്കു വെക്കുന്നു.

വക്കത്തിന്റെ ധീരമായ നിരൂപണ പരിശ്രമങ്ങളെ ജി. ഉള്ളറിഞ്ഞ് അഭിനന്ദിക്കുന്നു. ജി.യുടെ വാക്കുകൾ : "സാഹിത്യത്തിൽ ധാർമിക ലാവണ്യത്തിനു വേണ്ടിയുള്ള നിങ്ങളുടെ യുദ്ധം ഫലത്തെപ്പറ്റി ചിന്തിക്കാതെ തുടർന്നു കൊണ്ടിരിക്കുക. നിങ്ങളുടെ പേനയുടെ ശക്തിയും സൗന്ദര്യവും അതിലാണ്."

ജി. തന്റെ കൃതികൾ വക്കത്തിന് അയച്ചു കൊടുക്കുകയും അഭിപ്രായം തേടുകയും ചെയ്തിരുന്നു. വക്കം തന്നെക്കുറിച്ച് എഴുതുന്നുണ്ടെന്നറിഞ്ഞ ജി അതിലുള്ള സന്തോഷം മറച്ചു വെക്കുന്നില്ല. എന്നാൽ, 'മാതൃഭൂമി'യിൽ തന്നെക്കുറിച്ചു നല്ലതെഴുതിയതിന്റെ പേരിൽ മൂർക്കോത്ത് കുഞ്ഞപ്പയോട് കുട്ടികൃഷ്ണ മാരാർ നീരസം പ്രകടിപ്പിച്ച കാര്യം ജി.വക്കത്തെ ഓർമിപ്പിക്കുന്നു. കുഞ്ഞപ്പ മഹാകവിയെ സൃഷ്ടിക്കുന്നു എന്നായിരുന്നു മാരാരുടെ പരാതി. അതേക്കുറിച്ചു സൂചിപ്പിച്ചു കൊണ്ട് ജി. വക്കത്തോടു പറയുന്നു: "നിങ്ങൾ മഹാകവിയെ സൃഷ്ടിക്കുകയില്ലല്ലോ. എന്തേ, നിഴലും വെളിച്ചവും നിങ്ങൾ കണ്ടതു പോലെ എന്നെ മറന്ന് എഴുതിക്കൊള്ളുക." മറ്റൊരു കത്തിൽ, വക്കം തന്നെക്കുറിച്ചെഴുതാൻ പോവുന്ന കൃതിയെ കുറിച്ചുള്ള

ഭാവന കലർന്ന നിരീക്ഷണം ജി. കുറിക്കുന്നതിങ്ങനെയാണ്: "... ഏതായാലും ഒരു ഭാഷാകവിയെക്കുറിച്ച് സമകാലിക പരിസ്ഥിതിയെക്കുറിച്ച് നവീന രീതിയിലുള്ള ആദ്യത്തെ കൃതിയായിരിക്കും നിങ്ങളുടേത്. ധീര നിരീക്ഷണത്തിന്റെ വെളിച്ചത്തിൽ നഗ്നയായി നിൽക്കുമ്പോൾ അവൾക്കു ലജ്ജിക്കേണ്ടി വന്നിരിക്കാം, പലപ്പോഴും തന്റെ വൈരൂപ്യത്തെക്കുറിച്ച്. എങ്കിലും ആഹ്ളാദാവഹമായ ഒരനുഭൂതിയായിരിക്കും അവൾക്ക്"

താൻ വായിച്ചു കൊണ്ടിരിക്കുന്ന ചില പുസതകങ്ങളെക്കുറിച്ച് ജി. ആവേശപൂർവം വക്കത്തിനെഴുതിയിരുന്നു. പരിഷത്ത് ത്രൈമാസികക്ക് വക്കം ലേഖനമയ്ക്കാൻ വൈകുന്നതിലുള്ള പരിഭവം പല കത്തുകളിലും കാണാം. "അതൊക്കെ സന്തോഷം തന്നെ. പക്ഷേ ഞാനാവശ്യപ്പെട്ട ലേഖനം എന്നേക്കയക്കും? അതു തന്നേ ഞാനൊഴിയുകയുള്ളു. പരിഷത്തിനു വേണ്ടി ഒരു യാചന നടത്താൻ എനിക്കു മടിയില്ല" എന്നാണൊരു കത്ത് ആരംഭിക്കുന്നത്. മറ്റൊരു കത്തിൽ ഇങ്ങനെ: "ഇനി ലേഖനം അയക്കാൻ അമാന്തിക്കരുത്. മേടം ലക്കം മേടത്തിൽ തന്നെ പുറത്തു വരണം. ഞാൻ കൈനീട്ടിക്കൊണ്ടിരിക്കുകയാണ്. കിട്ടാതെ പിൻവലിക്കുകയില്ല. പത്തുറുപ്പികയെങ്കിലും പാരിതോഷികമായി അയപ്പിക്കുകയും ചെയ്യാം."

തന്റെ കവിതകൾ വേണ്ടത്ര ഗൗരവത്തോടെ വിലയിരുത്തപ്പെട്ടിട്ടില്ല എന്നൊരു പരാതി ജിക്കുണ്ടായിരുന്നു എന്ന് അദ്ദേഹം വക്കത്തിനെഴുതിയ ചില കത്തുകളിൽ നിന്നു ഊഹിക്കാൻ കഴിയും. തന്റെ അവതാരികകാരൻമാർ തന്നെ നിരാശപ്പെടുത്തിയതായി ജി. പറയുന്നു. സ്തുതി പോരാഞ്ഞിട്ടല്ല ഇങ്ങനെ പറയുന്നത് എന്നും അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. സ്തുതി തലക്ക് മരവിപ്പുണ്ടാക്കുംവിധം ജാസ്തിയാണെന്നും അദ്ദേഹത്തിനഭിപ്രായമുണ്ട്. അവതാരികാകാരൻമാർ തങ്ങളുടെ ചില ആശയങ്ങളിലേക്ക് കവിതയെ പിടിച്ചു കെട്ടുകയാണെന്ന തോന്നലാണ് ജി. ക്ക് ഉണ്ടായിരുന്നത്.

വിരിച്ചേടത്തു കിടക്കാത്ത പ്രകൃതമായിരുന്നു വക്കത്തിന്റേതെന്നു പ്രസിദ്ധം. ഇക്കാര്യം പറഞ്ഞ് ജി. വക്കത്തെ ഗുണദോഷിക്കുന്നുണ്ട്. ഒരു കത്തിൽ ഇങ്ങനെ: "നിങ്ങളെവിടെ? ഈ പാറിപ്പറക്കുന്ന സ്വഭാവം സ്വാതന്ത്ര്യേച്ഛയുടെ സന്താനമായിരിക്കാമെങ്കിലും ഒരു ചില്ലമേൽ ഇരുന്നാലേ പാടാൻ സാധിക്കുകയുള്ളൂ." നമ്മുടെ നാട്ടിലെ കുയിലുകൾക്ക് പറന്നു പാടാൻ അറിയില്ലെന്നും ഷെല്ലിയുടെ സ്കൈലാർകിനേ അതിനു കഴിയുകയുള്ളു എന്നും ജി. തുടർന്നെഴുതുന്നുണ്ട്.

തന്റെ ചില കാവ്യാനുഭവങ്ങൾ ജി. കത്തുകളിലൂടെ വക്കവുമായി പങ്കുവെക്കുന്നതു കാണാം. ജി. ഒരിക്കൽ ഒരു മ്യൂസിയം സന്ദർശിച്ചു. അവിടെ പ്രദർശനത്തിനു വച്ച പാമ്പുകളുടെ കൂട്ടത്തിൽ ഒരു വലിയ ചേനത്തണ്ടൻ വളഞ്ഞുകൂടിക്കിടക്കുന്നു. ആ പാമ്പിനു മീതെ ചാടിക്കളിക്കുകയാണ് അതിനു ഭക്ഷണമായി ഇട്ടുകൊടുത്തിട്ടുള്ള ഒരെലി. മരണത്തിനു മീതെയാണ് താൻ കളിച്ചു രസിക്കുന്നതെന്ന് പാവം എലി അറിയുന്നില്ല. ഈ കാഴ്ച

mappilaheritagelibrary.com

കവിയുടെ മനസ്സിൽ ഒരു പ്രതീകമായി ഉറയ്ക്കുന്നു. കാലത്തെയും അതിന്റെ മീതെ വിഹരിക്കുന്ന ജീവിതത്തെയും പരാമർശിക്കുന്ന ഒരു കവിതയായി ആ കാഴ്ച രൂപം പ്രാപിച്ചു. പ്രഭാതത്തിൽ കാഴ്ചയിൽപ്പെടുന്ന പാതി കീറിയ ചിലന്തി വലകൾ തകർന്നടിഞ്ഞ സംസ്ക്കാരങ്ങളെയാണ് തന്നെ ഓർമിപ്പിക്കുന്നതെന്ന് ജി. വക്കത്തിനെഴുതുന്നു. ജി. യുടെ പ്രതീകാത്മകത എങ്ങനെ ഉരുവം നേടുന്നു എന്ന് വ്യക്തമാക്കുന്നവയാണ് കത്തിലെ ഈ വക പരാമർശങ്ങൾ.

തന്റെ വിശ്വാസങ്ങളും ആദർശവും ജി. ശങ്കരക്കുറപ്പ് വക്കവുമായി പങ്കു വെക്കുന്നു. ജന്മദിനത്തിൽ അമ്പലത്തിൽ പോവാതെ തന്റെ ഉള്ളിലുള്ള ദൈവവുമായി പ്രേമത്തിൽ രമിക്കുകയാണെന്ന് കവി പറയുന്നുണ്ട്. താൻ വേലക്കാരുടെയും ദരിദ്രരുടെയും പക്ഷത്ത് നിലയുറപ്പിക്കുന്നത്, 'സർവവ്യാപിയായ ഏകചൈതന്യത്തിലുള്ള വിശ്വാസം' മൂലമാണെന്ന് മറ്റൊരു കത്തിൽ. ആത്മീയതയും ഭൗതികതയും ഒരു നാണയത്തിന്റെ രണ്ടു പുറങ്ങളാണെന്നും രണ്ടും കൂടിയതാണ് പൂർണ നാണ്യം എന്നും കവി തുടരുന്നു.

സാഹിത്യ പരിഷത്തിനെ നേരെയാക്കിയെടുക്കാനുള്ള തന്റെ ശ്രമങ്ങളെക്കുറിച്ചും സമ്മേളനങ്ങൾ വിജയിക്കാതെ പോവുന്നതിലുള്ള മനോവിഷമവും ത്രൈമാസികം മെച്ചപ്പെടുത്തിയെടുക്കാനുള്ള പരിശ്രമവുമെല്ലാം ജി. യുടെ കത്തുകളിൽ വീണ്ടും വീണ്ടും പ്രത്യക്ഷപ്പെടുന്നു.

"സൗഹാർദത്തിലാണ് ഇന്നു ലോകം ദരിദ്രം, പരമ ദരിദ്രമായിത്തീരുന്നത് അല്ല?" എന്ന് ഒരു കത്തിൽ പറയുന്ന ജി. ആ കത്തവസാനിപ്പിക്കുന്നത്, "കത്തെഴുതാതിരിക്കരുത്. മറ്റൊന്നും എഴുതിയില്ലെങ്കിലും." എന്നെഴുതിക്കൊണ്ടാണ് പരസ്പര സ്നേഹത്തിനു കവി കല്പിക്കുന്ന പ്രാധാന്യം ഈ വരികളിൽ തുളുമ്പി നിൽക്കുന്നു.

വക്കം അബ്ദുൽ ഖാദർ 'നവദർശനം' വാരികയുടെ പത്രാധിപരാവുന്നു എന്നറിഞ്ഞതിൽ ജി. അതിയായ ആഹ്ളാദം രേഖപ്പെടുത്തുന്നു. വക്കത്തിന്റെ പത്രാധിപത്യത്തിൽ വാരിക ശോഭിക്കും എന്ന കാര്യത്തിൽ ജി.ക്ക് സംശയമില്ല. വക്കത്തോട് ജി.ക്ക് ഒരഭ്യർത്ഥനയേയുള്ളൂ. എഴുത്തിന്റെ ഭാഷ സരളമാക്കണമെന്ന്. ഇംഗ്ലീഷിലെ സാങ്കേതിക പദങ്ങൾക്ക് തന്റേതായ മലയാള ഭാഷാന്തരീകരണങ്ങൾ നൽകുക വക്കത്തിന്റെ പതിവാണ്. അവയുടെ കൂടെ ബ്രാക്കറ്റിൽ ഇംഗ്ലീഷ് കൂടി ചേർക്കുന്നതു നന്നാവുമെന്ന് മറ്റൊരു കത്തിൽ ജി. വക്കത്തെ ഉപദേശിക്കുന്നതു കാണാം. സാഹിത്യ സംബന്ധിയായ വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ വക്കം അബ്ദുൽ ഖാദറിന്റെ ഭാഷ ഗൗരവമേറിയതും പണ്ഡിതോചിതവും കഠിനപദസമൃദ്ധവുമാവാറുണ്ട്.

വൈയക്തിക പ്രയാസങ്ങൾ വക്കം ജിയുമായി പങ്കു വെച്ചിരുന്നു എന്നു ജി.യുടെ ചില കത്തുകൾ സൂചിപ്പിക്കുന്നു. വക്കത്തിന്റെ ഒരു കത്തിനുള്ള ജി.യുടെ മറുപടി തുടങ്ങുന്നത് ഇങ്ങനെയാണ്: "ആർഥിക പാരതന്ത്ര്യം നമ്മുടെ ജീവനുള്ള തൂവലുകളെ എങ്ങനെ ക്ഷീണിപ്പിക്കുന്നു എന്ന ചിന്ത

mappilaheritagelibrary.com

യാണ് കത്തു കണ്ടപ്പോൾ എനിക്കുണ്ടായത്.” മലയാളീഎഴുത്തുകാർ എക്കാലത്തും അനുഭവിക്കുന്ന ധനക്ലേശം ഏറ്റവും നന്നായനുഭവിച്ചവരിൽ ഒരാളാണ് വക്കം. എഴുത്തുകാർ ചൂഷണം ചെയ്യപ്പെടുന്നതൊഴിവാക്കാൻ റൈറ്റേർസ് ക്ലബ് രൂപവത്ക്കരിച്ച് പ്രസാധനവും മുദ്രണവും ഏറ്റെടുക്കുന്നതിനെക്കുറിച്ച് ജി. കത്തിൽ ചിന്തിക്കുന്നുണ്ട്. ‘പക്ഷേ ആർക്കാണ് മനസ്സും ഉത്സാഹവും?’ എന്നാണ് ജി.യുടെ സങ്കടം. എഴുത്തുകാർ ആർഥികപാരതന്ത്ര്യത്തിൽ മത്സരിക്കുകയും പരസ്പരം ശകാരിക്കുകയുമാണെന്ന് ജി. അഭിപ്രായപ്പെടുന്നു.

ഇന്ത്യ സ്വതന്ത്രമാവുന്നതിനു മുമ്പെഴുതിയതാണ് സമാഹരത്തിലെ ചില കത്തുകൾ (കൊല്ല വർഷം 1115 നും 1152 നുമിടയിൽ). മാതൃരാജ്യം പരതന്ത്രമായിക്കിടക്കുന്നതിലെ അസ്വസ്ഥത ജി. യുടെ വരികളിൽ നീറി നിൽക്കുന്നു. ജി. യും വക്കവും പങ്കുവെച്ചിരുന്ന സ്വാതന്ത്ര്യദാഹത്തിന്റെ തീക്ഷ്ണത കത്തുകൾ വെളിപ്പെടുത്തുന്നുണ്ട്.

ജി.യും വക്കവും ഒരു വേള എഴുത്തിലൂടെ കലഹിക്കുന്നതിനും ‘വക്കം അബ്ദുൽ ഖാദറിന് ‘ജി’ യുടെ കത്തുകൾ’ വായിക്കുമ്പോൾ നാം സാക്ഷിയാവുന്നു. ജീവൻ തുടിക്കുന്ന രണ്ടു ഹൃദയങ്ങളെയാണ് ഈ സമാഹാരത്തിലൂടെ കടന്നു പോവുമ്പോൾ നാം സന്ധിക്കുന്നത്. വക്കം അബ്ദുൽഖാദറിന്റെ വലിപ്പവും മഹത്വവും ജി. അദ്ദേഹത്തിനെഴുതിയ കത്തുകളിൽ നിന്ന് നമുക്ക് ഏകദേശം ഊഹിക്കാൻ സാധിക്കും.

9
ജി.യും ഭാഷാകവികളും

മുൻ അധ്യായത്തിൽ സൂചിപ്പിച്ചതു പോലെ മലയാള സാഹിത്യ നിരൂപണ ചരിത്രത്തിൽ സവിശേഷ സ്ഥാനമുള്ള കൃതിയാണ് വക്കം അബ്ദുൽ ഖാദറിന്റെ 'ജിയും ഭാഷാകവികളും.' ജീവിച്ചിരിക്കുന്ന ഒരു കവിയെക്കുറിച്ചു മലയാളത്തിൽ ഇറങ്ങിയ ആദ്യത്തെ സമഗ്ര നിരൂപണഗ്രന്ഥം എന്നതാണ് പ്രസ്തുത കൃതിയെ സാഹിത്യ നിരൂപണ ചരിത്രത്തിൽ പ്രത്യേക സ്ഥാനത്തിന് സമർഹമാക്കുന്നത്. ജി, വക്കത്തിനയച്ച കത്തുകളിൽ ഈ കൃതിയെക്കുറിച്ചുള്ള കവിയുടെ പ്രതീക്ഷകളും ഉൽക്കണ്ഠകളും താത്പര്യവും നാം മനസ്സിലാക്കുകയുണ്ടായി. അതിനാൽ, ആ മഹൽകൃതിയുടെ ഉള്ളടക്കത്തിലൂടെ ഓരോട്ട പ്രദക്ഷിണമെങ്കിലും നടത്താൻ ആർക്കാണ് ആഗ്രഹമില്ലാതിരിക്കുക?

കൊല്ലവർഷം 1122 ൽ (ക്രി.വ.1947) വിജ്ഞാനപോഷിണി പ്രസ്സ് & ബുക്ക് ഡിപ്പോ (കൊല്ലം) ആണ് പുസ്തകത്തിന്റെ പ്രസാധകർ. സാമാന്യം ദീർഘങ്ങളായ ഒമ്പത് അധ്യായങ്ങളായാണ് ഉള്ളടക്കത്തിന്റെ ക്രമീകരണം. 1. കുറുപ്പിന്റെ പദവി 2. കാവ്യവും കലയും 3. കുറുപ്പിന്റെ പ്രത്യേകതകൾ 4. കുറുപ്പ് അന്നും ഇന്നും 5. കുറുപ്പിന്റെ മിസ്റ്റിസിസവും സിംബോളിസവും 6. കുറുപ്പും പ്രകൃതിയും പ്രേമവും 7. കുറുപ്പിന്റെ കേരളീയതയും ഭാരതീയതയും 8. കുറുപ്പും പുരോഗതിയും വിപ്ലവവും 9. കുറുപ്പിന്റെ ചിന്തയും നിരീക്ഷണവും– ഇവയാണ് അധ്യായങ്ങൾ.

ഗദ്യത്തിലും പദ്യത്തിലും ഒരേപോലെ കൈയടക്കവും മിടുക്കും പ്രദർശിപ്പിക്കുന്ന പ്രതിഭാശാലിയായാണ് വക്കം ജിയെ സ്ഥാനപ്പെടുത്തുന്നത്. വള്ളത്തോൾ ഗദ്യത്തെ അപേക്ഷിച്ചു പദ്യത്തിലും മികച്ചു നിന്നു. ഉള്ളൂരാകട്ടെ ധാരാളം പദ്യങ്ങൾ രചിച്ചുവെങ്കിലും അവയിൽ കാവ്യാംശം കുറവായിരുന്നു. ഗദ്യത്തിലാണ് അദ്ദേഹം കൂടുതൽ വൈഭവം കാണിച്ചത്. പ്രൗഢവും

mappilaheritagelibrary.com

ശയ്യാഗുണം തികഞ്ഞതുമാണ് ഉള്ളൂരിന്റെ ഗദ്യം. കാവ്യത്തിൽ മികച്ചു നിന്ന ആശാന്റെ ഗദ്യം അപ്രധാനമാണ്. നാലപ്പാടൻ ഗദ്യകാരനേക്കാൾ പദ്യകാര നാണ്. സാഹിത്യരംഗത്തു കാൽ നൂറ്റാണ്ടു പിന്നിട്ട ജി. ശങ്കരക്കുറുപ്പിനു യാതൊരു വിധ ബഹുമതികളും നൽകപ്പെടാത്തതിൽ വക്കം പരിഭവപ്പെടു ന്നു. പ്രത്യേകിച്ചും "സാഹിത്യ കലാപരമായും ചിന്താപരമായും അദ്ദേഹത്തെ അപേക്ഷിച്ചു തരം താഴ്ന്ന പലർക്കും" ബഹുമതികളും ബിരുദങ്ങളും നൽക പ്പെട്ട നിലയ്ക്ക്. "ഭൂരിപക്ഷം കവികളും കലാകാരൻമാരും കുറച്ചു മാത്രം മനസ്സിലാക്കപ്പെട്ടിട്ടുള്ളവരാണ്" എന്ന് വക്കം നിരീക്ഷിക്കുന്നു. ജി യും കുറച്ചേ മനസ്സിലാക്കപ്പെട്ടിട്ടുള്ളൂ. അതാകട്ടെ അദ്ദേഹത്തിന്റെ കുഴപ്പമല്ല. കല എല്ലാ വർക്കും മനസ്സിലാവില്ല എന്നതാണ് യാഥാർത്ഥ്യം. ഇതര കവികളിൽ നിന്നെല്ലാം വ്യത്യസ്തനാണ് ജി. 'ജി മാത്രമാകുന്നു.'

ജി യുടെ കാവ്യലോകത്തേക്കു പ്രവേശിക്കുന്നതിനു മുന്നോടിയായി ആരാണ് കവി, എന്താണു കാവ്യം എന്ന് വക്കം വിശകലനം ചെയ്യുന്നു. പ്ലാറ്റോയും നീത്ഷെയും കവികളെ തള്ളിപ്പറഞ്ഞു. വിചാരശക്തിയും ബുദ്ധി പ്രഭാവവും കുറഞ്ഞ വർഗമായാണ് കവികൾ പൊതുവെ വിലയിരുത്തപ്പെ ടുന്നത്. എന്നാൽ വക്കം കവികളെ ഉത്തമം, മധ്യമം, അധമം എന്നിങ്ങനെ മൂന്നായി തരം തിരിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, 'ഒന്നാം തരം കവികൾ നമുക്കു ജീവിക്കുവാൻ പ്രാണവായു എന്ന പോലെ അനുപേക്ഷ ണീയമായ ആവശ്യമാണ്.' കാവ്യത്തെ 'പരമോൽകൃഷ്ടകല' യായാണ് വക്കം കാണുന്നത്. കാവ്യത്തിലാണ് പൂർണ മനുഷ്യൻ വെളിവാകുന്നത്. "യുക്തിയെയും വസ്തുതകളെയും അവലംബിച്ചു പോവുന്ന ഗദ്യത്തിന്, വികാരത്തിലും ഭാവനയിലും ചമൽക്കാരത്തിലും താളമേളങ്ങളിലും ഗാനാ ത്മകത്വത്തിലും ജീവിക്കുന്ന കാവ്യത്തിന്റെ സൂക്ഷ്മതയില്ല" എന്നത്രെ വക്ക ത്തിന്റെ അഭിമതം. "ജീവിതത്തിന് നിറവും സ്വരവും രൂപവും ലഭിക്കുന്നത് കാവ്യത്തിൽ നിന്നും കലയിൽ നിന്നും ആകുന്നു' എന്നും വക്കം നിരീക്ഷി ക്കുന്നു. കലയെയും കാവ്യത്തെയും സംബന്ധിക്കുന്ന വ്യത്യസ്ത നിലപാ ടുകളെ വക്കം വിചാരണ ചെയ്യുന്നുണ്ട്. പ്രമുഖരായ പാശ്ചാത്യ കലാദാർശ നികരുടെയെല്ലാം സിദ്ധാന്തങ്ങൾ അദ്ദേഹം തുലനം ചെയ്യുന്നു.

സംഗീതം, വികാരം, ഭാവന, സൗന്ദര്യബോധം ഇവയാണ് വക്കത്തിന്റെ അഭിപ്രായത്തിൽ കാവ്യത്തിന്റെ ഘടകങ്ങൾ "ഇവ കൂടാതെ എന്തൊക്കെ ചെയ്താലും കാവ്യം കാവ്യമാകയില്ല" എന്ന് അദ്ദേഹം തീർത്തു പറയുന്നു.

ഈയൊരു നിലപാടു തറ ഉറപ്പിച്ചതിനു ശേഷമാണ് ഗ്രന്ഥകാരൻ 'ജി യുടെ പ്രത്യേകതകൾ' ആരായുന്നത്. കാവ്യ ലോകത്ത് ജി യാഥാസ്ഥിതി കനല്ല. വിപ്ലവബുദ്ധിയെ ഉപാസിക്കുന്നുണ്ടെങ്കിൽ കൂടി അദ്ദേഹം അതിൽ തീവ്രനിലപാടുകാരനുമല്ല. ഒന്നിലും മാറ്റം വരുത്തരുതെന്നോ എല്ലാം മാറ്റിയേ തീരൂ എന്നോ അദ്ദേഹം ശഠിക്കുന്നില്ല. വക്കത്തിന്റെ വാക്കുകളിൽ: "അദ്ദേഹം യാഥാസ്ഥിതികനാണ്. അതിനേക്കാൾ വിപ്ലവകാരിയാണ്; അദ്ദേഹം അവ

mappilaheritagelibrary.com

രണ്ടിന്റെയും സങ്കലനമാണ്.'' ആധുനികത്വത്തിന്റെ ലക്ഷണങ്ങളായ ഒന്നിലും ഉറപ്പില്ലായ്മയും അനിശ്ചിതത്വവും ജിയിലുണ്ട്. അതിനാൽ അദ്ദേഹം ആധുനികനാണെന്നു പറയാം. അദ്ദേഹം വലതുപക്ഷത്തും ഇട തുപക്ഷത്തുമുണ്ട്. ആത്മീയതയെയും ഭൗതികവാദത്തെയും ജി ഒരു നാണ യത്തിന്റെ ഇരുപുറങ്ങളായി കാണുന്നു.

കുറുപ്പിന്റെ കാര്യങ്ങൾ ദുർഗ്രഹങ്ങളാണെന്ന വിമർശനത്തെ വക്കം ഖണ്ഡിക്കുന്നു. കുറുപ്പ് സാമാന്യജനത്തിന്റെ കവിയല്ല. കവിത എഴുതുന്ന വനെപ്പോലെ കവിത വായിക്കുന്നവനും വേണം പ്രത്യേകമായ സിദ്ധി. കുറു പ്പിന്റെ കവിതകളിൽ അദ്ദേഹത്തിന്റെ വ്യക്തിത്വം കലർന്നിരിക്കുന്നു. ഏറിയ കൂറും അവ കർതൃനിഷ്ഠപ്രധാനമാണ്. 'കുറുപ്പ് വ്യക്തിയെയും സമൂഹ ത്തെയും സ്നേഹിക്കുന്നു. അദ്ദേഹത്തിന്റെ സമുദായത്തിൽ വ്യക്തികൾ മുഴച്ചു നിൽക്കുന്നു. വ്യക്തിയെ വിഴുങ്ങുന്ന സമുദായത്തിന്റെ സേവകനല്ല കുറുപ്പ്... എന്നാൽ അദ്ദേഹം സമുദായത്തിലും സമുദായം അദ്ദേഹത്തിലും പ്രതിഫലിക്കുന്നു.'' - ഇതാണ് ജിയെ കുറിച്ചുള്ള വക്കത്തിന്റെ സവിശേഷ മായ നിരീക്ഷണം.

കുറുപ്പിന്റെ കവിതകളുടെ ഒരു പ്രത്യേകതയായി വക്കം ചൂണ്ടിക്കാണി ക്കുന്നത് അവയിൽ അടങ്ങിയിട്ടുള്ള തത്വചിന്തയുടെ ശക്തമായ സാന്നിധ്യ മാണ്. മനുഷ്യനേയും ജീവിതത്തെയും സംബന്ധിച്ച വ്യക്തമായ ബോധ ത്തിന്റെയും വിചാരത്തിന്റെയും അലകൾ കുറുപ്പിന്റെ കൃതികളിൽ ഇളകി ക്കൊണ്ടിരിക്കുന്നു എന്ന് വക്കം എഴുതുന്നു. വക്കത്തിന്റെ ഭാഷയിൽ ''ഇതാണ് യഥാർത്ഥത്തിൽ ഒരു കവിയുടെ വ്യക്തിത്വം.'' ഇക്കാരണത്താൽ 'ഭാഷാ കവികളിൽ ഏറ്റവും അസാധാരണനായി' വക്കം ജി യെ കാണുന്നു.

ജിയിൽ വക്കം കാണുന്ന മറ്റൊരു പ്രത്യേകത അദ്ദേഹത്തിന്റെ കൃതിക ളിൽ ആശയപരവും ചിന്താപരവും ആയ അടിസ്ഥാനവും കലാപരമായ അനു ഭൂതികളും ഒന്നുപോലെ കലർന്നിരിക്കുന്നുവെന്നതാണ്. ശക്തമായി ചിന്തി ക്കാനും മനോഹരമായി ഗാനം ചെയ്യാനും സാധിക്കുന്ന ഏക ഭാഷാകവി യായി വക്കം ജിയെ കാണുന്നു. മറ്റാർക്കുമില്ല ഈ ഗുണം നന്നായി പാടുന്ന വർക്ക് ചിന്താശേഷിയില്ല. നന്നായി ചിന്തിക്കുന്നവർക്ക് നന്നായി പാടാനുമാ വുന്നില്ല. ''മിസ്റ്റിസിസവും സിംബോളിസവും വിപ്ലവാത്മകത്വവും സാധാര ണതയും എല്ലാം ഇങ്ങനെ ഒന്നിച്ചുകൂടി കാണപ്പെടുന്ന കവി കേരളത്തിൽ കുറുപ്പു മാത്രം.''

പതിനാലു വർഷത്തെ (1098-1112) കാവ്യ സപര്യയ്ക്കിടയിൽ ജി ക്കു സംഭവിച്ച ഭാവപരിണാമങ്ങൾ 'കുറുപ്പ്: അന്നും ഇന്നും' എന്ന അധ്യായ ത്തിൽ വക്കം ചർച്ച ചെയ്യുന്നു. ഒരു കവിയുടെ വളർച്ച അയാളുടെ ചിന്ത യിലും ആശയങ്ങളിലുമുള്ള വളർച്ചയെ മാത്രം അടിസ്ഥാനമാക്കി വിലയി രുത്താനാവുകയില്ല. വൈകാരികവും ഭാവനാപരവുമായ ഗുണങ്ങളും ഗാനാ ത്മകത്വവും, ദർശനം, സൗന്ദര്യാവിഷ്ക്കരണം എന്നിവയിലുള്ള സിദ്ധികളും

mappilaheritagelibrary.com

പരിഗണിക്കണം. രാഷ്ട്രീയ സ്വാതന്ത്ര്യത്തിനുള്ള അഭിലാഷവും സാമൂഹിക സമത്വത്തിനു വേണ്ടിയുള്ള ആഗ്രഹവും പ്രകടിപ്പിക്കുന്നവയാണ് ജിയുടെ ആദ്യകാല കവിതകൾ. സമകാലിക സംഭവ വികാസങ്ങൾ ജിയുടെ കവിത കൾക്ക് വിഷയമായിട്ടുണ്ട്.

ഒരു കാലത്ത് കുറുപ്പ് റൊമാന്റിക് കവിയുടെ ലക്ഷണങ്ങൾ കാണിച്ചു. വികാരപ്രധാനങ്ങളായ കവിതകളാണ് ആ ഘട്ടത്തിൽ അദ്ദേഹം എഴുതിയത്. കാലത്തിനു പറ്റിയ നവീനകവിയായും പുരോഗമനകവിയായും കാണുന്നുണ്ട് വക്കം ജി യെ. ഭൂമിയെ ചുംബിക്കുന്ന കവിയാണ് ജി. പാശ്ചാത്യ കലാവിമർശകരെ അണിനിരത്തിയാണ് വക്കം ജി യെ വിശകലനം ചെയ്യുന്നത്. ഇ.എം.എച്ച്. ടില്ലിയാർഡ് 'പ്രസ്താവ കാവ്യം' (ജീലയ്യേ ീള ടമേലോലി്േ) എന്നു വിശേഷിപ്പിക്കുന്ന തരത്തിലുള്ള ചിലത് ജി യുടെ കൃതികളിൽ കാണാമെങ്കിലും അവ വികാരരഹിതമോ ഭാവനാശൂന്യമോ അല്ലെന്നു വക്കം പ്രസ്താവിക്കുന്നു. ജി യുടെ ആദ്യകാല കവിതകളെയും പിൽക്കാല കവിതകളെയും താരതമ്യം ചെയ്തുകൊണ്ട് വക്കം പറയുന്നതിങ്ങനെയാണ്: "കുറുപ്പിന്റെ സാഹിത്യ കൗതുകം, നാവാതിഥി, സൂര്യകാന്തി എന്നീ കൃതികളിലെ കാവ്യപരത അദ്ദേഹത്തിന്റെ അനന്തരകാല കൃതികളിൽ വർധിച്ചിട്ടുണ്ടെന്നു പറയുക വിഷമമാണ്. വികാരഗഹനതയിലും ഗാനസൗകുമാര്യത്തിലും ഭാവനയുടെ ഔന്നത്യത്തിലും സത്യദർശനത്തിലും തന്റെ മുൻകാലങ്ങളിൽ കുറുപ്പ് മുന്നിട്ടു നിന്നിരുന്നുവെന്നു വിധിക്കുവാൻ വഴികളുണ്ട്." തുടർന്ന് വിവിധ ദശകളിലെ കുറുപ്പിന്റെ കാവ്യവിഷയങ്ങളെ വക്കം ഇഴപിരിച്ചു പരിശോധിക്കുകയും സമകാലീന ആഗോള സാഹിത്യാവബോധത്തെ മുൻനിർത്തി അവയെ മൂല്യനിർണയം നടത്തുകയും ചെയ്യുന്നു.

മിസ്റ്റിസിസത്തിൽ നിന്നു സിംബോളിസത്തിലേക്കുള്ള ജി യുടെ ചുവടുമാറ്റത്തെ വക്കം ആഴത്തിൽ വിശകലനം ചെയ്യുന്നുണ്ട്. 'വൈഷ്ണവ യോഗത്തിന്റെയും സൂഫിസത്തിന്റെയും ചാരുസങ്കലന'മായ ഒരു തരം ആധ്യാത്മികതയായിരുന്നു കുറുപ്പിനുണ്ടായിരുന്നത്. മിസ്റ്റിസിസം എന്താണെന്ന് ഉപന്യസിച്ച ശേഷം വക്കം എഴുതുന്നു: "നിങ്ങൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും കുറുപ്പിന്റെ കൃതികളിൽ മിസ്റ്റിസിസത്തിന്റെ ഗഹനവും മധുരവും ആയ ആലാപങ്ങൾ കേൾക്കാം." എന്നാൽ ജി യുടെ പൂർണത അദ്ദേഹത്തിന്റെ പ്രതിരൂപാത്മകതയിലാണ്. മലയാളത്തിലെ ഏക സിംബോളിക് കവിയായാണ് വക്കം ജി യെ കാണുന്നത്. കുറുപ്പിന്റെ കാവ്യവിഷയം സാധാരണക്കാരെ ബാധിക്കുന്ന പ്രശ്നങ്ങളും ഗാനരീതി ജനകീയവുമായിരുന്നിട്ടും അദ്ദേഹത്തിന്റെ സിംബലുകൾ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അപ്രാപ്യമാണെന്ന കാര്യവും വക്കം ചൂണ്ടിക്കാണിക്കുന്നു. ഇതൊരു ദോഷമോ ന്യൂനതയോ ആണെന്ന് അദ്ദേഹം പറയുന്നില്ല. കാര്യങ്ങളെ പഠിച്ചു മനസ്സിലാക്കി വേണം ആസ്വദിക്കുക എന്ന നിലപാട് വക്കം ആവർത്തിക്കുന്നു.

സാമൂഹികമായ അസമത്വങ്ങളും അസ്വാതന്ത്ര്യവും നിലനിൽക്കുന്ന ഒരു

mappilaheritagelibrary.com

കാലഘട്ടത്തിൽ കവികൾ പ്രേമത്തെയും പ്രകൃതിയെയും കുറിച്ചു പാടുന്നത് അനുചിതമാണെന്ന വാദത്തെ വിശകലനം ചെയ്തു കൊണ്ടാണ് 'കുറുപ്പും പ്രകൃതിയും പ്രേമ'വും വക്കം അപഗ്രഥനവിധേയമാക്കുന്നത്. പ്രഭാതം, സന്ധ്യ, രാത്രി, നക്ഷത്രങ്ങൾ, അമ്പിളി, ആരാമം, ചക്രവാളം' ഇവയെക്കുറിച്ചൊന്നുമല്ല 'കർഷകൻ, വേലക്കാരൻ, പട്ടിണിപ്പാവം, ദാരിദ്ര്യം, ചൂഷണം, സമരം' ഇവയെക്കുറിച്ചാണ് കവികൾ പാടേണ്ടതെന്നു വാദിക്കുന്നവരുടെ സാമൂഹ്യ പരിവർത്തനത്തിനുള്ള ഇച്ഛയെ അഭിനന്ദിക്കുന്ന വക്കം അതിനായി അവർ നിർദ്ദേശിക്കുന്ന നയങ്ങളെയും നിലപാടുകളെയും ചോദ്യം ചെയ്യുന്നു. കവികൾ പ്രകൃതിയെപ്പറ്റിയും പ്രേമാനുഭൂതിയെപ്പറ്റിയും പാടിക്കൂടാ എന്ന നിലപാട് വിചാരശൂന്യമാണ്. കുടുസ്സിൽ നിന്നു തുറസ്സിലേക്കു നയിക്കുന്നതാണ് കല. അതു നമ്മെ ചുരുക്കുകയല്ല വികസിപ്പിക്കുകയാണ് ചെയ്യേണ്ടത്. ട്രാസ്കി, റസ്സൽ, ഹക്സലി, ഹെർബർട്ട് റീഡ് മുതലായവരെ ഉദ്ധരിച്ച് തന്റെ നിലപാട് ബലപ്പെടുത്തിയ ശേഷം വക്കം എഴുതുന്നു: "പ്രകൃതിയോടും പ്രേമത്തോടും കുറുപ്പിനുള്ള അഭേദ്യവും അവഗാഹവുമായ ബന്ധം നമ്മുടെ ചിന്തയെ പ്രത്യേകം സമാകർഷിക്കുന്ന ഒന്നാണ്. കേരളത്തിലെ മറ്റൊരു കവിയിലും കാണപ്പെടാൻ കഴിയാത്ത അർത്ഥവത്തായ വൈശിഷ്ട്യങ്ങൾ ആ ബന്ധത്തിനുണ്ട്... കുറുപ്പിന്റെ പ്രകൃതിഗാനങ്ങളിൽ നിന്ന് അദ്ദേഹത്തിന്റെ അപരിമിതമായ പരിപാവന പ്രേമത്തെയും പ്രേമഗാനങ്ങളിൽ നിന്ന് അദ്ദേഹത്തിന്റെ അതുപോലുള്ള പ്രകൃതി ബന്ധത്തെയും നാം ആസ്വദിക്കുന്നു."

കേരളത്തെയും ഭാരതത്തെയും പറ്റി അഭിമാനത്തോടെ പാടിയവരാണ് പ്രധാനപ്പെട്ട കേരളീയ കവികളെല്ലാം. കുറുപ്പിന്റെ കവിതകളിലും കേരളവും ഭാരതവും നിഴലിക്കുന്നു. കവിയുടെ ചിന്താപരമായ പാകപ്പെടലിനനുസൃതമായി ചില ഭാവപരിണാമങ്ങൾ അദ്ദേഹത്തിന്റെ ദേശാഭിമാനത്തിലും സംഭവിക്കുന്നതായി വക്കം ചൂണ്ടിക്കാണിക്കുന്നു. സാമ്യവാദത്താൽ ആവേശം കൊള്ളുന്ന കുറുപ്പിന്റെ മനസ്സ് കേരളത്തിന്റെയും ഭാരതത്തിന്റെയും രാഷ്ട്രീയ-സാമ്പത്തിക സ്ഥിതിയിൽ ഖിന്നനാണെങ്കിലും ആർഷഭാരതത്തിന്റെ ആത്മീയ പൈതൃകത്തിൽ അനല്പമായി അഭിരമിക്കുന്നുണ്ട്. ഇതരകവികളുടെ കേരളഗാനങ്ങൾ ഉദ്ധരിച്ച് ജിയെ അവരുമായി താരതമ്യവിവേചനത്തിനു വിധേയമാക്കുന്നുണ്ട് വക്കം. ഭാഷാകാവ്യത്തെ ദേശീയവാദത്തിൽ നിന്ന് അന്തർദേശീയവാദത്തിലേക്ക് ഉയർത്തിയത് ജി യുടെ തൂലികയാണെന്ന് വക്കം പ്രഖ്യാപിക്കുന്നു.

ജി.ശങ്കരക്കുറപ്പിനെ വക്കം നിസ്സംശയം 'വിപ്ലവകാരി'യെന്നും 'പുരോഗമനക്കാര'നെന്നും വിളിക്കുന്നു. "വിപ്ലവത്തെ ഇത്ര അർത്ഥവത്തായി കാണിക്കുവാൻ കഴിഞ്ഞിട്ടുള്ള ഒരു കവി ഇന്നു കേരളത്തിലില്ല" എന്നാണ് വക്കം അഭിപ്രായപ്പെടുന്നത്. വിപ്ലമെന്നു പറഞ്ഞാൽ ചില വിപ്ലവനാട്യക്കാരെപ്പോലെ 'അരിവാളെടുക്കുക,' 'മുതലാളിയെ അരിയുക,' 'മതത്തെയും ദൈവ

mappilaheritagelibrary.com

ത്തെയും നാടു കടത്തുക,' 'ചുട്ടെരിക്കുക' ഇങ്ങനെയുള്ള ആക്രന്ദനങ്ങൾ പുറപ്പെടുവിക്കലല്ല എന്നും വക്കം പറയുന്നു. ഒട്ടേറെ 'വിപ്ലവകവികളെ' ഉദ്ധരിച്ച് അവരുടെ ആഴമില്ലായ്മ വ്യക്തമാക്കിയ ശേഷം ജിയുടെ മഹത്വം എടുത്തു കാണിക്കുകയാണ് വക്കം. ഭൗതികത്വത്തിലും ആത്മീയതയിലുമുള്ള സാരമായ പരിവർത്തനമാണ് കുറുപ്പ് ആവശ്യപ്പെടുന്നത്.

കുറുപ്പിന്റെ ചിന്തയും നിരീക്ഷണവും വക്കത്തിന്റെ വാക്കുകളിൽ ഇങ്ങനെ വെളിപ്പെടുന്നു. "കാവ്യപരമായ കുറുപ്പിന്റെ വളർച്ചയെ ആകെക്കൂടി നോക്കുമ്പോൾ ഒരു സംഗതി നമുക്കു വ്യക്തമായി കാണാം. അത് അദ്ദേഹത്തിന്റെ മനോഭാവത്തിൽ വന്നിട്ടുള്ള സ്വരപ്പകർച്ചയും നിറപ്പകർച്ചയും ആകുന്നു. ധിഷണാപരത അദ്ദേഹത്തിൽ ഇന്നു കൂടുതൽ ബലപ്പെട്ടിട്ടുണ്ട്. ഇന്നത്തെ അദ്ദേഹത്തിന്റെ കൃതികൾ മിക്കവാറും പദാർത്ഥനിഷ്ഠപ്രധാനങ്ങളാണ്. ആന്തരമായ അനുഭൂതികളുടെ വ്യാപാരങ്ങളെക്കാൾ ബുദ്ധിശക്തിയുടെയും വിചാരങ്ങളുടെയും ഇടപാടുകളാണ് കുറുപ്പിന്റെ ഇക്കാലത്തെ കൃതികളിൽ മികച്ചു നിൽക്കുന്നത്. ഇതിന്റെ പ്രധാനകാരണം ഇന്നത്തെ സാമ്പത്തികവും രാഷ്ട്രീയവും സാമൂഹ്യവുമായ പ്രശ്നങ്ങളുമായി അദ്ദേഹം നേരിട്ടടപെടുന്നതാണ്. സമകാലിക പ്രശ്നങ്ങൾ അദ്ദേഹത്തെ പ്രചരണത്തിന്റെ പ്രത്യക്ഷമാർഗ്ഗത്തിലേക്ക് തള്ളിവിടുന്നുണ്ടെങ്കിലും അദ്ദേഹം തന്നിൽ കുടികൊള്ളുന്ന കലാകാരനുമായി യാത്ര പറഞ്ഞിട്ടില്ല."

10
സാഹിത്യരൂപങ്ങൾ

വിവിധ സാഹിത്യരൂപങ്ങളെ ലക്ഷണയുക്തം പരിചയപ്പെടുന്ന പുസ്തകമാണ് 'സാഹിത്യരൂപങ്ങൾ.' 1965 ജൂണിൽ ആദ്യപതിപ്പ്. 1974 ജൂണിൽ രണ്ടാം പതിപ്പ്. മുദ്രണം: ശശീന്ദ്ര പ്രസ്സ്, പറവൂർ, കൊല്ലം. കേരള സാഹിത്യ അക്കാദമിയുടെ ധനസഹായത്തോടെയാണ് പ്രസിദ്ധീകരിച്ചത്.

ഗദ്യം, പദ്യം, കാവ്യം, നിരൂപണം, നാടകം, നോവൽ, ചെറുകഥ, ഉപന്യാസം, ജീവചരിത്രം എന്നീ സാഹിത്യ രൂപങ്ങളാണ് വക്കം അബ്ദുൽ ഖാദർ ഈ കൃതിയിൽ ചർച്ചയ്ക്കെടുക്കുന്നത്. 'ഗദ്യം, പദ്യം, കാവ്യം' എന്നു ശീർഷകം നൽകിയിട്ടുള്ള പ്രഥമ അധ്യായത്തിൽ മനുഷ്യന്റെ ആദ്യത്തെ ആശയാവിഷ്ക്കരണോപാധി എന്ന നിലയിൽ പദ്യത്തിന് ഗദ്യത്തെ അപേക്ഷിച്ചുള്ള പഴക്കം അടയാളപ്പെടുത്തുന്നു. ക്രി.മു. അഞ്ചാം ശതകത്തിൽ ഗ്രീസിലാണ് ഗദ്യത്തിന്റെ ആവിർഭാവം. ചരിത്രവും തത്വചിന്തയുമായിരുന്നു ആദ്യകാല യവന ഗദ്യകൃതികളുടെ പ്രമേയം. മനുഷ്യമനസ്സിന്റെ ഏറ്റവും ആഴത്തിലുള്ള അനുഭൂതികളും ഏറ്റവും ശക്തമായ വിചാരങ്ങളും സമുന്നതമായ ഭാവനകളും ആവിഷ്ക്കരിക്കപ്പെട്ടത് പദ്യത്തിലാണ്. പുരാണേതിഹാസങ്ങളെല്ലാം രചിക്കപ്പെട്ടത് പദ്യത്തിലാകുന്നു. പൗരാണിക ഗ്രീസിലും ഭാരതത്തിലും ഗണിതം, വൈദ്യം, നിരൂപണം, വ്യാകരണം ഇവയെല്ലാം പദ്യത്തിലാണെഴുതപ്പെട്ടത്. എന്നാൽ പദ്യവും കാവ്യവും ഒന്നല്ല. കാവ്യഗുണം തീരെയില്ലാത്ത പദ്യമാതൃകകൾ അനവധിയുണ്ട്. ബാഹ്യപ്രകൃതിയിൽ കാവ്യവും ഗദ്യവും ഭിന്നമാണെങ്കിലും ഗദ്യത്തിന് കാവ്യത്തോട് അടുക്കാൻ സാധിക്കും. ഭാരതീയ അലങ്കാര ശാസ്ത്രം കാവ്യത്തിന്റെ സ്വഭാവം സൂക്ഷ്മമായി രേഖപ്പെടുത്തിയിട്ടുണ്ട്. രസമാണ് കാവ്യത്തിന്റെ ആത്മാവെന്നു ഭാരതീയ ആലങ്കാരികൻമാർ സമർത്ഥിക്കുന്നു. "കാവ്യത്തിന് ഗാനാത്മകത്വം, സർഗാത്മകത്വം എന്നിവയെ വിട്ടു ജീവിക്കുവാൻ വയ്യ. ഗദ്യത്തിന്റെ കഥ

mappilaheritagelibrary.com

അങ്ങനെയല്ല... എന്നാൽ ഒന്നാംകിട ഗദ്യത്തിനും വേണം യുക്തിയുടെതായ താളവും അനുരഞ്ജനവും മറ്റും" ഇങ്ങനെ നിരീക്ഷിക്കുന്ന വക്കം തന്റെ നിരീക്ഷണത്തെ വേർഡ്സ്വർത്തിനെയും കോളറിജിനെയും ഹെർണർട്ട് റീഡിനെയും മറ്റും ഉദ്ധരിച്ച് ബലപ്പെടുത്തുന്നുമുണ്ട്. ഗദ്യരചനകളെക്കുറിച്ചുള്ള വക്കത്തിന്റെ ശ്രദ്ധേയമായ ഒരു നിരീക്ഷണം ഇതാണ്: "ഗദ്യകാരൻ പുരോഗമിക്കുന്തോറും അവന്റെ ഗദ്യം കൂടുതൽ ലളിതവും അതേ സമയത്തു കൂടുതൽ ഊർജസ്വലവുമായിത്തീരുന്നു. ആർഭാടങ്ങളെല്ലാം ഗദ്യകാരന്റെ ആദ്യത്തെ ഭ്രമങ്ങളാണ്. ഒരുവന്റെ വ്യക്തിഭാവത്തിന് ഊക്കും ഉറപ്പും വർധിക്കുന്നതനുസരിച്ച് അവന്റെ ഗദ്യം ശക്തിയെയും സൗന്ദര്യത്തെയും നേടുന്നു."

'നിരൂപണം' എന്ന സംജ്ഞ പതിനേഴാം നൂറ്റാണ്ടിലാണ് പ്രാബല്യത്തിൽ വരുന്നതെങ്കിലും ക്രി.മു. അഞ്ചാം ശതകത്തിലെ അഥീനിയക്കാരുടെ കൃതികളിൽ നിരൂപണത്തിന്റെ വിധി പ്രസ്താവങ്ങൾ അടങ്ങിയിരുന്നു. മൂല്യങ്ങളെ സംബന്ധിച്ചു വിധി പറയുകയാണ് നിരൂപകൻ ചെയ്യുന്നത്. പ്ലാറ്റോയും അരിസ്റ്റോട്ടിലും നിരൂപകന്റെ ധർമങ്ങൾ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ഭാവനാപരമായ സാഹിത്യത്തെയും കാവ്യത്തെയും പ്ലാറ്റോ എതിർത്തു. നൻമ-തിൻമകളെ മാനദണ്ഡമാക്കിയല്ല സൗന്ദര്യാനുഭൂതികളുടെ ആവിഷ്ക്കാരങ്ങൾക്ക് മൂല്യം കല്പിക്കേണ്ടതെന്ന നിലപാടായിരുന്നു അരിസ്റ്റോട്ടിലിന്റേത്. ഗ്രന്ഥങ്ങളെയും ഗ്രന്ഥകർത്താക്കളെയും സംബന്ധിച്ചു വിധി പറയുക എന്നതിലൊങ്ങുന്നില്ല വിമർശകന്റെ ചുമതല. യഥാർത്ഥ നിരൂപണം ജീവിതത്തിനു മാർഗദർശനം നൽകുന്നതാവണം. ബുദ്ധിക്കും ഹൃദയത്തിനും ആത്മാവിനും ഉദ്ദീപനവും പ്രചോദനവും നൽകാൻ വിമർശനത്തിനു കഴിയണം. അതു സൃഷ്ടിപരമാണ്. നിരൂപകൻ സിദ്ധാന്തങ്ങൾക്കും അഭിപ്രായങ്ങൾക്കും ജന്മം നൽകുമ്പോഴാണ് ഉൽകൃഷ്ട നിരൂപണം ഉണ്ടാകുന്നത്. "അടിച്ചുടയ്ക്കുവാനും കെട്ടിപ്പടുക്കുവാനും കടമപ്പെട്ടവനാണ്" നിരൂപകൻ എന്നഭിപ്രായപ്പെടുന്ന വക്കം നിരൂപണത്തെ ദുഷ്ടലക്ഷ്യങ്ങൾക്കുപയോഗിക്കുന്നതിനെതിരെ മുന്നറിയിപ്പു നൽകുന്നു. അനുഭാവപൂർണനായിരിക്കണം നിരൂപകൻ. വൈരൂപ്യത്തിന്റെ ശത്രുവും സൗന്ദര്യത്തിന്റെ മിത്രവുമാണ് നിരൂപകൻ.

'നാടകം' ആണ് ഏറ്റവും സങ്കീർണമായ സാഹിത്യരൂപം. നാടകകൃതി അനുവാചകനെ മാത്രമല്ല ലക്ഷ്യമാക്കുന്നത്. സ്റ്റേജ്, നടീനടൻമാർ, പ്രേക്ഷകർ ഇവയെല്ലാം നാടകകൃത്ത് മുന്നിൽ കാണണം. അവതരണക്ഷമമായ ഏതു രചനയും 'പ്ലേ' ആണ്. അത് 'ഡ്രാമ' ആയി ഉയരണമെങ്കിൽ അതു 'പരമ പ്രധാനമായ വൈകാരിക സംഘർഷത്തിന്റെ, ഏറ്റവും പ്രധാനമുഹൂർത്തത്തിന്റെ അധിഷ്ഠാനത്തിൽ വളരുന്ന ഒന്നു കൂടിയായിരിക്കണം.' ആഭ്യന്തരമായ സംഘർഷം, വിസ്മയം, സ്തോഭജനകത്വം എന്നിവ നാടകത്തിന്റെ അപരിത്യാജ്യ ഘടകങ്ങളാണ്. ജിജ്ഞാസ, ക്രൈസിസ്, നിവാരണം

mappilaheritagelibrary.com

ഇവയത്രെ നാടകത്തിന്റെ മൂന്നു ഘട്ടങ്ങൾ. നാടകത്തിന്റെ വിവിധ ഇനങ്ങളും (കോമഡി, ട്രാജഡി) അവയുടെ സാങ്കേതികവും അല്ലാത്തതുമായ പ്രത്യേകതകളും വക്കം വിസ്തരിച്ചു പ്രതിപാദിക്കുന്നുണ്ട്. ആധുനിക നാടകകർത്താക്കൾ യാഥാർത്ഥ്യ പ്രതീതി സൃഷ്ടിക്കുന്നതിൽ ശ്രദ്ധിക്കുന്നവരാണ്.

പൗരാണിക ഗ്രീക്ക് നാടകങ്ങളും ഭാരതീയ നാടകങ്ങളും വക്കം താരതമ്യ വിചിന്തനത്തിനു വിധേയമാക്കുന്നുണ്ട്. കഥാബീജ സൃഷ്ടി, അവതരണക്ഷമത, സംഭാഷണം, പാത്രസൃഷ്ടി എന്നിവയേക്കാൾ കാവ്യരസാവിഷ്ക്കരണത്തെയാണ് സംസ്കൃത നാടകകാരൻമാർ കാര്യമായി കരുതിയത്. സംസ്കൃത നാടകവേദിയുടെ കാലം 12-ാം ശതകത്തോടെ അവസാനിച്ചു. മുസ്ലിം ഭരണാധികാരികൾ നാടകത്തിനു പ്രോത്സാഹനം നൽകാതിരുന്നത് ഖേദകരമാണെന്ന് വക്കം അഭിപ്രായപ്പെടുന്നു. 18-ാം ശതകത്തിന്റെ അന്ത്യം മുതലാണ് ഇന്ത്യയിൽ ആധുനിക രീതിയിലുള്ള നാടകശാലകൾ ഉദയം ചെയ്തത്. ഇംഗ്ലീഷ് നാടകങ്ങളിൽ നിന്നു പ്രചോദനം ഉൾക്കൊണ്ട് പല സംസ്ഥാനങ്ങളിലും നാടകപ്രസ്ഥാനങ്ങളുണ്ടായി. ഫ്രഞ്ച്, ജർമൻ, ഇംഗ്ലീഷ് നാടക സമ്പ്രദായങ്ങളെയും വക്കം പരിചയപ്പെടുത്തുന്നു. "സിനിമാ വ്യവസായികളും അവരെ അനുകരിക്കുന്ന നാടകപ്രേമികളും യഥാർത്ഥ നാടക സാഹിത്യപുരോഗതിക്ക് വലിയ വിലങ്ങു തടികളായിരിക്കുന്നുണ്ടെങ്കിലും നാടകോദ്ധാരകൻമാരായ സാഹിത്യനായകൻമാർ മുൻപറഞ്ഞ വിലങ്ങുതടികളോടു പോരാടുന്നതിൽ ഉത്സുകരായിരിക്കുന്നു എന്നത് ആശാവഹമാണ്," എന്നും "കച്ചവടപ്രാധാന്യമുള്ള നാടകങ്ങൾ മുന്നേറുന്ന അവസ്ഥ വന്നുകൂടുന്നത് യഥാർത്ഥ നാടകകലയുടെ വളർച്ചക്ക് ഒരു പ്രഹരമായിത്തന്നെ കരുതണം" എന്നും വക്കം അഭിപ്രായപ്പെടുന്നു.

നോവൽ, ചെറുകഥ ഇവയാണ് സാധാരണക്കാരെ ഏറ്റവും ആകർഷിക്കുന്ന സാഹിത്യരൂപങ്ങൾ, നിലവാരം കുറഞ്ഞ നോവലുകളും കഥകളും വായിച്ചു സമയം കളയുന്നവരെ വക്കം വിമർശിക്കുന്നു. പണത്തിനും പ്രശസ്തിക്കുമുള്ള മാർഗമായി പല എഴുത്തുകാരും നോവൽ/ചെറുകഥാ രചനയെ കണക്കാക്കുന്നതായി വക്കം പരിഭവിക്കുന്നു. പാശ്ചാത്യനാടുകളിൽ വിശിഷ്യാ അമേരിക്കയിൽ സിനിമാവ്യവസായികൾക്കു വേണ്ടി നോവലും കഥയും എഴുതുവാനാണ് ഒരു പറ്റം എഴുത്തുകാർ ഉത്സാഹിക്കുന്നത്. പ്രശസ്തിയോ എഴുത്തിലൂടെ നേടിയ പണമോ സാഹിത്യപരമായ യോഗ്യതകളുടെ മാനദണ്ഡമാക്കികൂടാ എന്ന അഭിപ്രായമാണ് വക്കത്തിന്റേത്. നോവലെഴുത്തുകാരിൽ അസാമാന്യ പ്രതിഭാശാലികളുണ്ടെന്ന കാര്യം അദ്ദേഹം മറച്ചുവെക്കുന്നില്ല. നോവൽസാഹിത്യത്തിന്റെ വികാസപരിണാമങ്ങൾ വക്കം, ഈ ചർച്ചയിൽ ചുരുക്കി വിവരിക്കുന്നു. രാജാക്കൻമാരുടെയും രാജ്ഞിമാരുടെയും തോഴിമാരുടെയും ലോകമല്ല ആധുനിക നോവൽ ചിത്രപ്പെടുത്തുന്നത്. ഇന്ദ്രജാലത്തിന്റെയും വീരസാഹസിക കൃത്യങ്ങളുടെയും പ്രതീതി വളർത്തുന്ന ചുറ്റുപാടുകളിൽ ജീവിക്കുന്നവരല്ല ആധുനിക നോവുകളിലെ

mappilaheritagelibrary.com

കഥാപാത്രങ്ങൾ. ലോകയുദ്ധങ്ങൾ, സാമ്പത്തിക സാമൂഹിക രാഷ്ട്രീയ വിപ്ലവങ്ങൾ, ആധുനിക ഭൗതികശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങൾ എന്നിവ നോവലിസ്റ്റുകളുൾപ്പടെയുള്ള എഴുത്തുകാരേയും ചിന്തകൻമാരേയും പരിവർത്തനത്തിൽ നിന്നു പരിവർത്തനത്തിലേക്കു നയിച്ച പ്രധാന നുഭവങ്ങളാണ്. "വ്യത്യസ്ത വീക്ഷണകോണുകളിൽ നിന്നുകൊണ്ട് മനുഷ്യജീവിതത്തെ വിലയിരുത്തുന്ന വിവിധ ധാരകൾ നോവൽസാഹിത്യത്തിൽ ധാരാളമായി കാണാം... ആഴമേറിയ ജീവിത നിരീക്ഷണങ്ങളുടെ ഫലമായുണ്ടാകുന്ന ആഖ്യാനരൂപത്തിലുള്ള ഭാവനാപരമായ സുന്ദരജീവിത ചിത്രീകരണമാണ് ശ്രേഷ്ഠമായ നോവലും ശ്രേഷ്ഠമായ ചെറുകഥയും" എന്ന് വക്കം അഭിപ്രായപ്പെടുന്നു.

"ചെറുകഥാകാരന്റെ ടെക്നിക് നോവലെഴുത്തുകാരന്റേതിനെ അപേക്ഷിച്ച് ഇറുക്കം കൂടിയതായിരിക്കും, അവന്റെ കാൽവെപ്പിന് കൂടുതൽ കരുതലും സൂക്ഷ്മതയും ആവശ്യമാണ്. ചെറുകഥയുടെയും നോവലിന്റെയും ലക്ഷണങ്ങളുടെ മൗലികമായ അന്തരം നോവൽ ചെറുകഥയെക്കാളും ദീർഘമാണെന്നോ, ചെറുകഥ നോവലിനേക്കാൾ ഹ്രസ്വമാണെന്നോ പറയുന്നതിലല്ല അടങ്ങിയിരിക്കുന്നത്. നോവലിന്റെ സങ്കീർണതയും നോക്കവും (ടരീൂല) ഉള്ള കഥാരൂപമല്ല ചെറുകഥ. പല ഉപകഥാ വസ്തുക്കളാൽ കെട്ടപ്പെട്ട പ്രധാന കഥാവസ്തുവായിട്ടാണ് നോവലെഴുത്തുകാരൻ പ്രവർത്തിക്കുന്നത്." എന്നിങ്ങനെ വക്കം നോവലും ചെറുകഥയും തമ്മിലുള്ള അന്തരം വിശദീകരിക്കുന്നു. ഒ.ഹെൻറി, ചെഹോവ്, മാപ്പസാങ്, സാമെർസെറ്റ് മോം മുതലായവരെ മികച്ച ചെറുകഥാകൃത്തുക്കളായി വക്കം പരിചയപ്പെടുത്തുന്നു. ചെറുകഥയിലെ പരീക്ഷണങ്ങളെക്കുറിച്ചും പരാമർശമുണ്ട്.

ഉപന്യാസം ഭാവനയിൽ നിന്നു പിറവി കൊള്ളുന്ന സാഹിത്യരൂപമല്ല. വികാരവും ഭാവനയും അതിൽ അടങ്ങിയിരിക്കാം എങ്കിലും അക്കാരണം കൊണ്ടു മാത്രം അത് വികാരോപജീവിയോ ഭാവനോപജീവിയോ ആകുന്നില്ല. വിജ്ഞാനപരവും വിചാരപരവും ആയ കൗതുകത്തെയും താല്പര്യങ്ങളെയും ജിജ്ഞാസയേയുമാണ് ഉപന്യാസത്തിന് ഉദ്ദീപിപ്പിക്കാനുള്ളത്. ഉപന്യാസം വഴികാട്ടിയാണ്. നാഗരിക വികാസത്തെ അതു വളരെയേറെ സഹായിച്ചിട്ടുണ്ട്. എല്ലാ പ്രധാന ഭാഷകളിലും ഉപന്യാസം തഴച്ചു വളർന്നതായി കാണാം. നിരൂപകരുടെയും ചിന്തകരുടെയും പണ്ഡിതൻമാരുടെയും ശാസ്ത്രജ്ഞരുടെയും ശക്തമായ ആയുധമാണ് ഉപന്യാസം. പരിധിയിൽ കവിഞ്ഞ് വികസിക്കുന്ന ഉപന്യാസം ആ പേരിന് അനുയോജ്യമല്ല. ഉപന്യാസം ചെറുതാകും തോറും ഉപന്യാസകാരന് കൂടുതൽ കലാവിരുത് ആവശ്യമാണ്. കൂടുതൽ എഴുതുന്നതിന്റെ ഏകദേശഫലം കുറച്ചെഴുതുന്നത് കൊടുക്കാനുള്ള സാമർത്ഥ്യം ഉപന്യാസകാരനുണ്ടാവണം. "അറിവിൽ കൂടിയും ചിന്തയിൽ കൂടിയും ജീവിതത്തിന് സാംസ്കാരികമായ ഒരു വികാസം നേടുവാൻ താൽപര്യം പ്രകടിപ്പിക്കുന്ന തരക്കാരാണ് പ്രായേണ ഉപ

mappilaheritagelibrary.com

ന്യാസങ്ങളെ തേടിപ്പോകുന്നത്" എന്ന് വക്കം നിരീക്ഷിക്കുന്നു. ഉപന്യാസ സാഹിത്യത്തിന്റെ ഹ്രസ്വചരിത്രം സൂചിപ്പിച്ച ശേഷം, 'ആധുനിക സാഹിത്യ മണ്ഡലം കഥാമയമായിരിക്കുന്നതു പോലെ ഉപന്യാസമയവുമാണ്' എന്ന് പ്രസ്താവിക്കുന്നു. ഉപന്യാസം സൃഷ്ടിപരമോ സർഗാത്മകമോ അല്ല എന്ന വാദത്തെ വക്കം നിരാകരിക്കുന്നു. കഥാകാരൻമാരെപ്പോലെ കാര്യങ്ങൾ കെട്ടിച്ചമച്ചു പറയുന്നില്ല എന്നതുകൊണ്ട് ഉപന്യാസകാരൻ സൃഷ്ടിപരനല്ലെന്നു വിധിക്കാനാവില്ല. സൃഷ്ടിപരമായ വിചാരങ്ങളെ ഉൾക്കൊള്ളുന്ന അനേകം ഉപന്യാസങ്ങളുണ്ട്. "ചിന്തകനെ നയിക്കുന്നത് കവിതമല്ല; സൂക്ഷ്മ ബുദ്ധിയുടെ നിരീക്ഷണങ്ങളും ദർശനങ്ങളുമാണ്. ബുദ്ധിക്ക് സൗന്ദര്യം സൃഷ്ടിക്കാൻ സാധിക്കയില്ലെന്ന് വിധിക്കരുത്"- വക്കം എഴുതുന്നു. സൗന്ദര്യാവിഷ്ക്കരണത്തിൽ കാവ്യത്തോട് മത്സരിക്കാൻ ഗണിതത്തിനു സാധിക്കുമെന്ന് റസ്സൽ വാദിച്ചത് വക്കം അനുസ്മരിക്കുന്നു.

ജീവചരിത്രം എന്ന സാഹിത്യരൂപത്തെയാണ് 'സാഹിത്യരൂപങ്ങളി'ൽ വക്കം അബ്ദുൽ ഖാദർ അവസാനമായി പരിചയപ്പെടുത്തുന്നത്. ഒരു വ്യക്തിയെയും അയാളുടെ ജീവിതത്തെയും സംബന്ധിച്ചു എല്ലാ വിവരങ്ങളും നൽകുന്നതിൽ ജീവചരിത്രകാരൻ വിജയിച്ചാലും കഥാപുരുഷനിലുള്ള ആഭ്യന്തരമനുഷ്യനെ, കഥാപുരുഷന്റെ ജീവിതത്തിന്റെ ഉള്ളറകളെ മറനീക്കിക്കാണിക്കുന്നതിൽ പരാജയപ്പെടുന്ന ഒരുവൻ ജീവചരിത്രരചനയിൽ വിജയിക്കുകയില്ല" എന്നാണ് ഗ്രന്ഥകാരന്റെ സുചിന്തിതമായ അഭിപ്രായം. പഴയ സങ്കേതങ്ങളുപയോഗിച്ചുള്ള മിക്ക ജീവചരിത്രരചനകളും പരാജയങ്ങളാണെന്നാണ് വക്കത്തിന്റെ പക്ഷം. ലിട്ടൺ സ്ട്രാറ്റ്ചിയാണ് ജീവചരിത്രരചനയെ കലാപരമായി നവീകരിച്ചത്. മനുഷ്യനിൽ ഒളിഞ്ഞുകിടക്കുന്ന 'മനുഷ്യനെ' കണ്ടെത്താനാണ് സ്ട്രാറ്റ്ചി ശ്രമിച്ചത്. അദ്ദേഹത്തിന്റെ 'ക്വീൻ വിക്റ്റോറിയ' പുതിയ സാങ്കേതിക മാർഗത്തിലുള്ള വിശിഷ്ട രചനയായി വക്കം എടുത്തുകാണിക്കുന്നു. എ.ജി.ഗാർഡ്നറും മറ്റും എഴുതിയ തൂലികാ ചിത്രങ്ങളാണ് ഈ ഗണത്തിൽ വക്കത്തെ ഏറ്റവും ആകർഷിച്ചിട്ടുള്ളത്.

കലയുടെയും അപഗ്രഥനമനഃശാസ്ത്രത്തിന്റെയും സാങ്കേതിക മാർഗ്ഗങ്ങളെ കൂട്ടിയിണക്കിക്കൊണ്ട് വ്യക്തിഭാവത്തെ പ്രകാശിപ്പിക്കുന്ന രീതിയാണ് പുതിയ കാലത്തെ ജീവചരിത്രകാരൻമാർ സ്വീകരിക്കുന്നതെന്നു വക്കം ചൂണ്ടിക്കാണിക്കുന്നു. ജീവചരിത്ര സാഹിത്യശാഖയുടെ ലഘുചരിത്രം ഇതിനിടെ വക്കം വായനക്കാരനു സമ്മാനിക്കുന്നുമുണ്ട്. മഹാപുരുഷൻമാരുടെ ജീവിത മാതൃകകൾ നൽകി വായനക്കാരെ പ്രബുദ്ധരാകാൻ പ്രേരിപ്പിക്കുകയാണ് ജീവചരിത്രകാരൻ ചെയ്യുന്നത്. ഒരു മഹാപുരുഷനുമായി ഇടപഴകി ജീവിക്കുന്നതിനുള്ള അവസരമാണ് ജീവചരിത്രകാരൻ വായനക്കാരനു സമ്മാനിക്കുന്നത്. ഇവയാണ് ജീവചരിത്രത്തെ സംബന്ധിക്കുന്ന വക്കത്തിന്റെ മറ്റു നിരീക്ഷണങ്ങൾ.

mappilaheritagelibrary.com

വക്കം അബ്ദുൽ ഖാദർ : ജീവിതരേഖ

1912 മെയ് 6	:	ജനനം
1917	:	മദ്റസാ പഠനം ആരംഭിക്കുന്നു.
1921	:	കുടുംബം കായൽപ്പുറത്തു നിന്നു വക്കത്തേക്ക് താമസം മാറ്റി.
1921-1923	:	പ്രൈമറി സ്കൂൾ പഠനം (റൈറ്റർ വിള പ്രൈമറി സ്കൂൾ)
1923-1932	:	ഹൈസ്കൂൾ പഠനം
1932	:	പിതാവ് വക്കം മൗലവിയുടെ നിര്യാണം
1934-1939	:	കോഴിക്കോട് 'അൽ അമീൻ' പത്രാധിപ സമിതി അംഗം തുടർന്ന് വിവിധ ആനുകാലികങ്ങളുടെ പത്രാധിപചുമതല
1947	:	'ജിയും ഭാഷാ കവികളും' പുറത്തിറങ്ങി
1958 ജനു.26	:	'സ്വദേശാഭിമാനി പ്രസ്സ്' തിരിച്ചു ലഭിച്ചു.
1960-1975	:	രചനാ രംഗത്തു സജീവം. ആനുകാലികങ്ങൾ സ്ഥാപിച്ചു നടത്തുന്നു. അനേകം പുസ്തകങ്ങൾ, വിവർത്തനങ്ങൾ, ടെക്സ്റ്റ് ബുക്ക് കമ്മിറ്റി, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയിൽ ചുമതലകൾ.
1969	:	'തൂലിക' മാസിക ആരംഭിച്ചു. (നാല് ലക്കങ്ങൾ മാത്രമേ ഇറങ്ങിയുള്ളു)
1976	:	'ആൽബർട്ട് ഷൈറ്റ്സർ' എന്ന പുസ്തകം കേരള സർവകലാശാല പ്രീഡിഗ്രി ഉപ പാഠപുസ്തകമാക്കി.
1976 ആഗസ്റ്റ് 23	:	മരണം
1976 ആഗസ്റ്റ് 24	:	ഖബറടക്കം, പരവൂർ തെക്കുഭാഗത്തുള്ള ജുമാ മസ്ജിദ് ഖബർസ്താനിൽ
1977	:	അവസാന പുസ്തകം 'അതുല്യനായ മനുഷ്യൻ' പ്രസിദ്ധീകരിക്കപ്പെട്ടു.

mappilaheritagelibrary.com

വക്കം അബ്ദുൽ ഖാദറിന്റെ കൃതികൾ

1. പ്രതിഭാശലികൾ
2. തേജസ്വികൾ
3. തൂലികാചിത്രങ്ങൾ
4. ജി.യും ഭാഷാകവികളും
5. സാഹിത്യ ദർശനം
6. സാഹിത്യ രൂപങ്ങൾ
7. വിചാരവേദി
8. ചിത്രദർശിനി
9. ചിത്ര മണ്ഡപം
10. സ്വദേശാഭിമാനി (നാടകം)
11. അതുല്യനായ മനുഷ്യൻ
12. ഇസ്‌ലാമിലെ ചിന്താപ്രസ്ഥാനങ്ങൾ
13. ഇഖ്ബാൽ
14. വിമർശനവും വിമർശകൻമാരും
15. മഹാമനീഷികൾ
16. കഥ തുടരുന്നു
17. ആൽബർട്ട് ഷൈറ്റ്സർ
18. പുരോഗതിയും സാഹിത്യകലകളും
19. ആത്മരഹസ്യങ്ങൾ
    (ഇഖ്ബാലിന്റെ അസ്റാറെ ഖുദിയുടെ പരിഭാഷ)
20. ആവലാതിയും മറുപടിയും (ഇഖ്ബാലിന്റെ ശിക്വാ ഔർ ജവാബെ ശിക്വയുടെ പരിഭാഷ)
21. ആൻഡേഴ്സൻ കഥകൾ
22. ടോൾസ്റ്റോയ് കഥകൾ
23. ആരു ജീവിക്കുന്നു?
24. മൂന്നു സഹോദരിമാർ
25. പ്രാർത്ഥന

mappilaheritagelibrary.com

mappilaheritagelibrary.com

നേതൃസ്മൃതി

1.	**കോട്ടാൽ ഉപ്പിസാഹിബ്** കെ.പി.കുഞ്ഞിമ്മൂസ	₹ 40
2.	**ഒ.ആബു** ഇബ്രാഹിം ബേവിഞ്ച, സി.ടി.ബഷീർ	₹ 75
3.	**പി.എ.സെയ്തു മുഹമ്മദ്** ജമാൽ കൊച്ചങ്ങാടി	₹ 75
4.	**സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ** എം.സി.വടകര	₹ 170
5.	**മൗലാനാ അബുസ്സബാഹ് അഹ്മദ് അലി** പ്രൊഫ. മുഹമ്മദ് കുട്ടശ്ശേരി	₹ 60
6	**കെ.കെ.അബുസാഹിബ്** ടി.പി.എം.ബഷീർ	₹ 80

Grace Educational Association
Camp Sayyid, P.B.No.3, Malappuram (Dt). 676317
Mob: 9895114673

നേതൃസ്മൃതി

വക്കം അബ്ദുൽ ഖാദർ

എ.കെ. അബ്ദുൽ മജീദ്

മലയാളസംസ്കൃതിയെ തന്റെ
പ്രതിഭാവിലാസം കൊണ്ട്
സമ്പന്നമാക്കിയ വ്യക്തിത്വമാണ്
വക്കം അബ്ദുൽ ഖാദർ
(1912 - 1976).
പ്രശസ്തനായ പിതാവിന്റെ
പ്രഗല്ഭനായ ഈ പുത്രൻ
മലയാള സാഹിത്യത്തിന്
ഈടുറ്റ സംഭാവനകൾ നൽകി.
അദ്ദേഹത്തിന്റെ ജീവിതത്തിലേക്കും
രചനകളിലേക്കും എത്തിനോക്കുന്ന
പഠനമാണ് ഈ കൃതി

ജീവചരിത്രം

2012

വില : 60.00

Grace books